Rs. 8.00

# ഓശാന

# HOSANNA

April - June 2016 Vol. 41 Issue 3

## ഏപ്രിൽ - ജൂൺ 2016


(3) രാഷ്ട്രീയം - ജോസഫ് പുലിക്കുന്നേൽ

(6) കള്ള് മാഹാത്മ്യം - ജോസഫ് പുലിക്കുന്നേൽ

(12) പഴയ നിയമവും പുതിയനിയമവും - ”

(22) ചില ദീപിക സ്മരണകൾ- ജയിംസ് ഐസക്

(27) “ക്രൈസ്തവ സഭാചട്ടങ്ങൾ ഇന്ത്യൻ ഭരണഘടനയെ വെല്ലുവിളിക്കുന്നുവോ?” പ്രസംഗം

(29) ക്രിസ്തുവിന്റെ പേരെടുത്ത് ബ്രസീലിലും ഒരു വ്യാജമിശിഹ - കടപ്പാട് : മാറാനാഥാ വോയ്സ്

(31) സ്നേഹത്തിൽ വളരാൻ - ജോസഫ് പുലിക്കുന്നേൽ

(34) ചർച്ച് ആക്ട് നടപ്പിലാക്കണം - ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ

(36) ശിഥില ചിന്തകൾ - ജയിംസ് ഐസക്

(39) പുസ്തകപരിചയം

(40) മരിച്ചവരോടും പ്രതികാരം- ജോസഫ് പുലിക്കുന്നേൽ

(41) ഊരും വേരും പേരും

(42) www.josephpulikunnel.com സജീവമായി


ഭാരതീയ ക്രൈസ്തവ പഠനകേന്ദ്ര പ്രസിദ്ധീകരണം

**HOSANA**
**(Quarterly)**

Vol. 41 Issue 3 Price Rs. 8

Founded in October - 1975
A Publication of the Indian Institute of Christian Studies.
Founder & Editor
**Joseph Pulikunnel**
Printed & published by:
**Joseph Pulikunnel**


Phone (O) **: 04822 - 236907**
Mob **: 9447196214, 9495586102**
E-mail :
hosannamountinfo@gmail.com
website:www. hosannamount.com


അംഗത്വഫീസ് (വരിസംഖ്യ)

| കാലയളവ് / | ഇന്ത്യയിൽ / | വിദേശത്ത് |
|---|---|---|
| 1 വർഷം | 90 രൂപ | 750 രൂപ |
| ഒറ്റപ്രതി | 8 ,, | 80 |

All Correspondence, Articles, M.O. and Bank drafts:
**To**
**Joseph Pulikunnel**
**Hosanna Mount,**
**Edamattom P.O.**
**Kottayam Dist.,**
**Kerala - 686 578**

Published and printed by Joseph Pulikunnel on behalf of Indian Institute of Christian Studies and
Printed at
CRLS Press, Hosanna Mount , Edamattom P.O. Kottayam Dist, Kerala - 686578
Editor : Joseph Pulikunnel

**April - June 2016**


# സുവിശേഷം

"അഖിലഭുവനമേ, കർത്താവിന്ന് ആനന്ദഘോഷം മുഴക്കുക! സസന്തോഷം കർത്താവിനെ സേവിക്കുക! ഗാനാലാപത്തോടെ അവന്റെ സന്നിധിയിൽ അണയുക! കർത്താവ് ദൈവമാണെന്ന് അറിയുക! അവനാണ് നമ്മെ സൃഷ്ടിച്ചത്; നാം അവന്റേത്; നാം അവന്റെ ജനം; അവന്റെ മേച്ചിൽപ്പുറത്തെ ആടുകൾ. കൃതജ്ഞത അർപ്പിച്ചുകൊണ്ട് അവന്റെ കവാടങ്ങളിൽ പ്രവേശിക്കുക. സ്തോത്രങ്ങളോടെ അവന്റെ തിരുമുറ്റത്ത് കടക്കുക. അവന്ന് സ്തോത്രം പറയുക; അവന്റെ നാമം വാഴ്ത്തുക. കർത്താവ് നല്ലവനല്ലോ, അവന്റെ അചഞ്ചലസ്നേഹം എന്നെന്നും നിലനില്ക്കുന്നു; അവന്റെ വിശ്വസ്തത സർവ തലമുറകളിലും!"

(സങ്കീ. 100 : 1 – 5)

# രാഷ്ട്രീയം

## ജോസഫ് പുലിക്കുന്നേൽ

### *മെത്രാന്മാരോട്*

രാഷ്ട്രത്തിന്റെ പൊതു നന്മയ്ക്കുവേണ്ടി പൗരന്മാർ സജീവമായി ഇറങ്ങി പ്രവർത്തിക്കുന്നതിനെയാണ് രാഷ്ട്രീയം എന്ന് വ്യവഹരിക്കാറ്. ഇങ്ങനെ ഇറങ്ങി പ്രവർത്തിക്കുമ്പോൾ വിഭാഗീയമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യാൻ പൗരന്മാർ നിർബന്ധിതരാകുന്നു. രാഷ്ട്രീയം എന്നത് വിഭാഗീയമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ്. രാഷ്ട്രീയ പ്രവർത്തനത്തിൽ വിഭാഗീയതയുടെ നിറം കലർത്തുന്നതിനും ആശയപരമായി ജനമധ്യത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടാക്കുന്നതിനും പൗരന്മാർ തയ്യാറാകേണ്ടിവരും. മതം പൊതുജനമധ്യത്തിൽ തീവ്രമായ അഭിപ്രായവ്യത്യാസങ്ങൾ സൃഷ്ടിക്കുമ്പോൾ അതിന് തടയിടാനാണ് ചിന്തിക്കുന്ന പൗരൻ പരിശ്രമിക്കേണ്ടത്. രാഷ്ട്രീയാഭിപ്രായങ്ങൾ വികാരങ്ങളായി മാറുകയും രാഷ്ട്രീയ ഭിന്നതകൾ കൂടുതൽ ആഴമാവുകയും ചെയ്യുമ്പോൾ ജനങ്ങളുടെ സ്വൈരജീവിതത്തിന് അത് തടസ്സമാകുന്നു. അതുകൊണ്ടാണ് രാഷ്ട്രീയം പൊതുവേ ജനമധ്യത്തിൽ അസ്വീകാര്യമായ ഒരു കർമമായി കരുതപ്പെട്ടുപോരുന്നത്. ജനമധ്യത്തിൽ വിഭാഗീയത സൃഷ്ടിക്കുന്ന അസ്വാരസ്യം പൊതു ജീവിതത്തെതന്നെ പലപ്പോഴും വിപരീതമായി ബാധിക്കും. ഭാരതം പോലുള്ള ഒരു ബഹുമത രാഷ്ട്രത്തിൽ മതം സജീവമായി രാഷ്ട്രീയത്തിൽ ഇറങ്ങി പ്രവർത്തിക്കുന്നതിനെ പ്രോത്സാഹിപ്പിക്കാത്തതും അതുകൊണ്ടാണ്. മതം ജനങ്ങളുടെ ഇടയിൽ വിഭാഗീയത സൃഷ്ടിക്കുന്നു. ആ വിഭാഗീയത കൂടുതൽ രൂക്ഷമാക്കുകയും രാഷ്ട്രത്തിന്റെ പൊതു നന്മയ്ക്കുപകരമായി മതത്തിന്റെ വിഭാഗീയ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതിന് സ്വമതാനുയായികളെ പ്രേരിപ്പിക്കുകയും ചെയ്യുന്നതിനാലാണ് മതം രാഷ്ട്രീയത്തിൽ ഇറങ്ങരുതെന്നു പറയുന്നത്. എല്ലാ മതങ്ങളുടെയും നടത്തിപ്പുകാർ പുരോഹിതരാണ്. തന്മൂലം അവർ മതപരമായ ബഹുമാന്യത സമൂഹത്തിൽ ആവശ്യപ്പെടുകയും നൽകപ്പെടുകയും ചെയ്യുന്നു. മതം രാഷ്ട്രീയത്തിൽ ഇറങ്ങുക എന്നാൽ അതിന്റെ നേതൃത്വം ന്യായമായും പുരോഹിതരിലാണ് അർപ്പിതമാവുക. ജനങ്ങളുടെ ഇടയിൽ വിഭാഗീയത കൂടുതൽ രൂക്ഷമാകാൻ അത് കാരണമാകും.

ഭാരതം ഒരു മതനിരപേക്ഷ രാഷ്ട്രമാണ്(സെക്കുലർ). അങ്ങനെയുള്ള രാഷ്ട്രത്തിൽ ഏതെങ്കിലും ഒരു മതം സജീവമായി രാഷ്ട്രീയത്തിൽ ഇറങ്ങുമ്പോൾ അതിനെ പ്രതിരോധിക്കാൻ പുരോഹിതരുടെ നേതൃത്വത്തിൽ ഇതരമതങ്ങൾ സംഘടിക്കേണ്ടിവരും. ന്യായമായും ഇതരപക്ഷത്തിന്റെ നയങ്ങളെയും നടപടികളെയും പരസ്യമായി വിമർശിക്കുക എന്നത് രാഷ്ട്രീയത്തിന്റെ ഒരു ശൈലിയാണ്.

എല്ലാ മതങ്ങൾക്കും അവരവരുടേതായ ബഹുമാനിതങ്ങളായ മത ചിഹ്നങ്ങളുണ്ട്. ബഹുമാനാർഹമായ ഇത്തരം ചിഹ്നങ്ങൾ പൊതുസമൂഹത്തിൽ വിമർശിതമാകുന്നത് തീർച്ചയായും മതവികാരം ജ്വലിപ്പിക്കാം. അതുകൊണ്ടാണ് മതങ്ങളും മതസ്ഥാനീയരും രാഷ്ട്രീയത്തിൽ ഇറങ്ങരുതെന്നു പറയുന്നത്. പ്രത്യേകിച്ചു ഒരു ബഹുമതരാഷ്ട്രമായ ഭാരതത്തിൽ.

ഇന്ത്യയിൽ ആദ്യകാലത്തൊക്കെ പൊതുവെ മതവും മതസ്ഥാനീയരും സജീവ രാഷ്ട്രീയത്തിൽനിന്നും മാറിനിന്നിരുന്നു. പക്ഷേ,സ്വാതന്ത്ര്യപൂർവ ഭാരതത്തിൽ മതം രാഷ്ട്രീയത്തിൽ സജീവമായി തീരുകയും ഭാരതം വിഭജിക്കപ്പെടുകയും ആയിരങ്ങളുടെ രക്തം ചൊരിയുകയും ചെയ്തു. മതത്തിന്റെ രാഷ്ട്രീയ പ്രവേശനം രക്തരൂക്ഷിതമായിരുന്നു. കേരളത്തിൽ മതരാഷ്ട്രീയം ഇല്ലാതിരുന്നകാലത്താണ് ഫാ. വടക്കൻ കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയുമായി രംഗത്തിറങ്ങുന്നത്. അന്ന് രാഷ്ട്രീയത്തിലുണ്ടായിരുന്ന ഇതര മതനേതാക്കന്മാർ അതിനെ ശക്തമായി വിമർശിക്കുകയുണ്ടായി. പി.ടി ചാക്കോ ആയിരുന്നു അന്ന് പുരോഹിതരുടെ രാഷ്ട്രീയ പ്രവേശനത്തെ എതിർത്തത്. ചാക്കോ ഒരു കോൺഗ്രസുകാരനായിരുന്നു. കമ്മ്യൂണിസ്റ്റ് എന്ന പ്രത്യയശാസ്ത്രത്തിനു എതിരെയായിരുന്നു കോൺഗ്രസ് എങ്കിൽപോലും പുരോഹിതരുടെ രാഷ്ട്രീയപ്രവേശത്തെ ചാക്കോയും മറ്റും എതിർക്കുകയുണ്ടായി. അന്നദ്ദേഹം പറഞ്ഞ ഉപമ ഇന്നും ഞാൻ ഓർക്കുന്നു. രാഷ്ട്രീയം ഒരു ഫുട്ബോൾ കളിയാണ്. ഇരുകക്ഷികളും തമ്മിലുള്ള കളി. ഈ കളിയിൽ ഇതരപക്ഷക്കാരുടെ കാലിൽനിന്നും പന്ത് തട്ടിയെടുക്കുക സാധാരണമാണ്. തിരുമേനി ഫുട്ബോൾ കോർട്ടിലിറങ്ങിയാൽ മറുപക്ഷം തിരുമേനിയുടെ കാലിൽനിന്നും പന്തു തട്ടിയെടുത്തെന്നിരിക്കും. ഇത് തിരുമേനിയെ അപമതിക്കുന്നതിനാണെന്ന് ചിന്തിക്കുന്ന ഒരു കൂട്ടർ മറുഭാഗത്തുണ്ടെങ്കിൽ സംഘട്ടനമായിരിക്കും ഫലം. അതുകൊണ്ട് തിരുമേനി ഫുട്ബോൾ കോർട്ടിൽ ഇറങ്ങാതിരിക്കുകയായിരിക്കും നല്ലത്. രാഷ്ട്രീയത്തിൽ ആശയങ്ങൾ ആവിഷ്കരിച്ചുകൊണ്ടു പ്രസംഗിക്കുമ്പോൾ തിരുമേനിയാണെങ്കിലും അതിനെ ഖണ്ഡിക്കാൻ മറുഭാഗത്തുള്ളവർക്ക് അവകാശമുണ്ട്. അതുകൊണ്ട് തിരുമേനിമാർ രാഷ്ട്രീയത്തിലിറങ്ങിയാൽ അവരും വിമർശനത്തിനു വിധേയരാകും. വിമർശനം രാഷ്ട്രീയത്തിൽ അനിവാര്യമായ ഒരു ഘടകമാണ്. അതുകൊണ്ടാണ് ഇന്നും നാളെയും രാഷ്ട്രീയത്തിൽ മതപുരോഹിതർ ഇടപെടരുതെന്ന് വാദിക്കുന്നത്. മതത്തിന് അവരുടേതായ അനുയായികളുണ്ട്. അവരെ സംഘടിപ്പിച്ച് വോട്ടുപിടിക്കാൻ ആരംഭിച്ചാൽ അതും വിപരീതഫലം സൃഷ്ടിക്കും. ഇതര മതങ്ങളും അതതു മതപുരോഹിതരുടെ നേതൃത്വത്തിൽ രാഷ്ട്രീയം നടത്താൻ ആരംഭിക്കും.

അന്ന് ഒരു വടക്കനച്ചനായിരുന്നു രാഷ്ട്രീയത്തിന്റെ മേലങ്കിയണിഞ്ഞത്. കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ പ്രവർത്തനമണ്ഡലം. അവസാനം കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്ന

ണിയെ കമ്മ്യൂണിസ്റ്റ് ചേരിയിൽ ഉറപ്പിച്ചു നിർത്താൻ വടക്കനച്ചനു കഴിഞ്ഞു. ബി വെല്ലിംഗ്ടണെപോലുള്ള അനേകം അൽമായർ വടക്കനച്ചനോടോപ്പം രാഷ്ട്രീയത്തിലിറങ്ങി. വെല്ലിംഗ്ടണ് ഒരു പ്രാവശ്യം മന്ത്രിയാകാൻ കഴിഞ്ഞു എന്നുള്ളതു സത്യം. പക്ഷേ അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതം അതോടെ അവസാനിച്ചു. വടക്കനച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ച കർഷകതൊഴിലാളി പാർട്ടി (കെ.ടി.പി.) എങ്ങുമെത്തിയില്ല. വടക്കനച്ചൻ പാർട്ടിയെ ഉപേക്ഷിച്ചു. വടക്കനച്ചന് പിന്തുണ നൽകിയ മെത്രാന്മാരും പാർട്ടിയെ ഉപേക്ഷിച്ചു. വടക്കനച്ചനു ശേഷം സജീവ രാഷ്ട്രീയത്തിലിറങ്ങിയ മറ്റൊരു പുരോഹിതനായിരുന്നു ഇൻഫാമിന്റെ നേതാവായിരുന്ന ഫാ. വടക്കേമുറി. കർഷകരെ ഉടനെ രക്ഷിക്കും എന്നു പറഞ്ഞ് അനേകം സമ്മേളനങ്ങൾ അദ്ദേഹം നടത്തി. റബർ കയറ്റുമതിയും കച്ചവടവും അദ്ദേഹം നടത്തി. അവസാനം പരാജിതനായാണ് അദ്ദേഹം പിൻവാങ്ങിയത്. ഇൻഫാം ഇന്ന് ചരിത്രത്തിൽ ഒരു അവ്യക്ത രേഖ മാത്രമാണ്.

ഇതെല്ലാമറിയാവുന്ന കേരളത്തിലെ ജനങ്ങൾക്ക് മെത്രാന്മാരുടെ (പുരോഹിതന്മാരുടെ) രാഷ്ട്രീയപ്രവേശനം അരോചകമാണ്. ഈ തെരഞ്ഞെടുപ്പിൽ ചില മെത്രാന്മാർ അവസരം മുതലാക്കി സ്ഥാനാർഥികളെ സ്വയം നിർണയിച്ചതായി അറിഞ്ഞു. ഇന്നലെകളിൽ ഒളിഞ്ഞും തെളിഞ്ഞുമായി രുന്നു മെത്രാന്മാരുടെ രാഷ്ട്രീയമെങ്കിൽ ഇപ്പോളവർ മറനീക്കിക്കഴിഞ്ഞു.

ആരാണിതിനു തടയിടുക. ക്രിസ്തുമതത്തിന്റെ വമ്പിച്ച സ്വത്തും സ്വാധീനവും ഉപയോഗിച്ച് ഇവർ നടത്തുന്ന രാഷ്ട്രീയക്കളി പരാജയപ്പെടാനാണ് സാധ്യത എങ്കിലും അത് ഒരു ക്രിസ്ത്യാനിയായ എന്നെ സംബന്ധിച്ചിടത്തോളം വേദനാജനകമാണ്. യൂറോപ്പിൽ മെത്രാന്മാർ രാഷ്ട്രീയം ധാരാളം കളിച്ചതാണ്. പക്ഷേ ഇന്ന് ക്രൈസ്തവ പാർട്ടികളൊന്നും യൂറോപ്പിലില്ല. അവരെല്ലാം തോറ്റു മടങ്ങി. ബഹുമാനപ്പെട്ട മെത്രാന്മാരോടും പുരോഹിതരോടും എനിക്ക് ഒരപേക്ഷയുണ്ട്. ദയവു ചെയ്ത് രാഷ്ട്രീയത്തിൽ പ്രവേശിക്കരുത്. അത് രാഷ്ട്രത്തിനും സമുദായത്തിനും അപകടമേ വരുത്തിവെയ്ക്കൂ. അധികാരകാംക്ഷികളായ കുറച്ചു മെത്രാന്മാർ രാഷ്ട്രീയത്തിലേക്ക് എടുത്തു ചാടിയാലും ഔചിത്യബോധമുള്ള മറ്റു മെത്രാന്മാർ തടയിടണം. സമുദായത്തിന്റെ പേരിൽ രാജ്യത്തിന്റെ പേരിൽ അഭ്യർഥിക്കുകയാണ്. ദയവായി നിങ്ങൾ സമുദായത്തെ അപകടത്തിൽപെടുത്തരുത്. ഈ സമുദായം സ്വതന്ത്രമായി രാഷ്ട്രീയത്തിൽ പ്രവേശിച്ച് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കട്ടെ. അതിനു മെത്രാന്മാർ വാളൂരി ഇറങ്ങി പുറപ്പെടരുത്.


എഡിറ്റർ **'ഓശാന'**<br>
ഓശാനമൗണ്ട്, ഇടമറ്റം പി.ഒ.<br>
കോട്ടയം - 686 578<br>
മൊബൈൽ : 9447196214

# കള്ള് മാഹാത്മ്യം

## ജോസഫ് പുലിക്കുന്നേൽ

ലേഖകനെക്കുറിച്ച് ശ്രീ. ആർ ബാലകൃഷ്ണപിള്ള എം.എൽ.എ അദ്ദേഹത്തിന്റെ ആത്മകഥയിൽ ഇങ്ങനെ എഴുതുന്നു. : *"കേരളാ കോൺഗ്രസിന്റെ രൂപവത്കരണയോഗം 1964 ഒക്ടോബർ എട്ടിന് കോട്ടയം ലക്ഷ്മി നിവാസ് ഓഡിറ്റോറിയത്തിൽ ചേർന്ന വിവരം മുമ്പ് പറഞ്ഞിരുന്നല്ലോ. അന്ന് ആ യോഗത്തിൽ പങ്കെടുത്തിരുന്നവരിൽ, എന്റെ ഓർമ ശരിയാണെങ്കിൽ, ഇന്നു ജീവിച്ചിരിപ്പുള്ളത് ജോസഫ് പുലിക്കുന്നേൽ, വള്ളക്കാലിൽ ബേബി എന്നിവർ മാത്രമാണ്; പിന്നെ ഞാനും.*

*കേരളാ കോൺഗ്രസിലെ പിളർപ്പിന്റെ നടപ്പുദീനം ബാധിച്ചതിലുള്ള നിരാശകൊണ്ടാകാം ജോസഫ് പുലിക്കുന്നേൽ പില്ക്കാലത്തു പാർട്ടിയുമായുള്ള എല്ലാ ബന്ധവും വിട്ടു. കോഴിക്കോട് ദേവഗിരി കോളേജിലെ അധ്യാപകനായിരുന്നു അക്കാലത്ത് പുലിക്കുന്നേൽ. പാർട്ടിയുടെ പ്രമേയങ്ങളും മറ്റും ഡ്രാഫ്റ്റ് ചെയ്യുന്നത് അദ്ദേഹമായിരുന്നു. നന്നായി എഴുതുമായിരുന്നു. സ്വന്തം അഭിപ്രായം വെട്ടിത്തുറന്നു പറയുന്ന പ്രകൃതം. തികഞ്ഞ കത്തോലിക്കാ സഭാ വിശ്വാസിയും ഈശ്വരവിശ്വാസിയുമായിരുന്നു പുലിക്കുന്നേൽ. ....*

*1965-ലെ തെരഞ്ഞെടുപ്പിൽ കേരളാ കോൺഗ്രസ് സ്ഥാനാർഥിയായി വയനാട് ഉൾപ്പെടുന്ന മണ്ഡലത്തിൽനിന്നും മത്സരിച്ച പുലിക്കുന്നേൽ നേരിയ വോട്ടിനു തോറ്റിരുന്നു. പില്ക്കാലത്ത് അദ്ദേഹം പാർട്ടി വിട്ടുപോയി. നിശ്ചയമായും അത് കേരളാ കോൺഗ്രസ്സിനൊരു നഷ്ടംതന്നെയായിരുന്നു. തൂമ്പയെ തൂമ്പയെന്നു വിളിക്കാൻ ആർജവമുള്ള തന്റേടിയാണ് ജോസഫ് പുലിക്കുന്നേൽ. അന്നും ഇന്നും അദ്ദേഹം മനസ്സിൽ കാത്തുസൂക്ഷിക്കുന്ന യുവത്വത്തോട് അങ്ങേയറ്റം ആദരം തോന്നുന്നു."*('പ്രിസണർ 5990' പേജ് 101)

പോർട്ടുഗീസുകാരനായ അലെക്സിസ് മെനെസിസ് മെത്രാനോടൊപ്പം 1660-ൽ കേരളത്തിൽ സഞ്ചരിച്ച ഗുവെയാ എന്ന പോർട്ടുഗീസ് പാതിരിയുടെ ജോർനാദോ എന്ന സഞ്ചാര വിവരണത്തിലെ 19-ാം അധ്യായത്തിൽ നിന്നും എടുത്ത വിവരണമാണ് ഈ ലേഖനത്തിന് ആധാരം.

നമ്മുടെ മെത്രാന്മാർ അടുത്തകാലത്തായി മദ്യം നിരോധിക്കണമെന്ന് നിയമസഭാംഗങ്ങളോട് ശക്തമായി പറയുകയുണ്ടായി. മദ്യപാനം ഒരു വലിയ ദുർമാർഗമാണെന്നും മദ്യം ഉണ്ടാക്കുന്നതും വിൽക്കുന്നതും നിരോധിക്കണമെന്നും രാഷ്ട്രീയ പാർട്ടികളോട് അവർ ശക്തമായി ആഹ്വാനം ചെയ്തു.

പ്രൊഫ. എം. പി. മന്മഥൻ പ്രസിഡണ്ടായ മദ്യവർജന കമ്മിറ്റിയാണ് മദ്യവർജനത്തെക്കുറിച്ച് ആദ്യമായി കേരളത്തിൽ സംസാരിച്ചത് എന്നോർക്കുന്നു. അദ്ദേഹം നിയമപരമായ മദ്യനിരോധനം ഒരിക്കലും ആ

വശ്യപ്പെട്ടിരുന്നില്ല. ഒരു കാലത്ത് മദ്രാസിന്റെ ഭാഗമായിരുന്ന മലബാറിൽ കേരള രൂപീകരണത്തെത്തുടർന്നും മദ്യം വിൽക്കുകയും കുടിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. മദ്രാസിന്റെ ഭാഗമായിരുന്ന കന്യാകുമാരി ജില്ല യിൽ മദ്യനിരോധനം നിലനിന്നിരുന്നു. ഇവിടെയെല്ലാം നടന്ന പരീക്ഷ ണങ്ങളുടെ ഫലമായി അവസാനം മദ്യനിരോധനം ഉപേക്ഷിക്കുകയാ ണുണ്ടായത്. ഇപ്പോൾ ബാറുകൾ പൂട്ടിയതിനോടൊപ്പം കള്ളുനിരോധ നവും നിലവിൽവന്നിരിക്കുന്നു. കള്ള് ചെത്ത് ഒരു വലിയ വ്യവസായമാ യിരുന്നു. അത് പൊതുവെ ഈഴവ സമുദായത്തിന്റെ കുത്തകയായിരുന്നു. അങ്ങനെ ഒരു സമുദായത്തിന്റെ മാത്രമായി നടത്തപ്പെട്ടിരുന്ന വ്യവസായം കേരളത്തിൽ വേറൊരിടത്തും ഉണ്ടായിരുന്നില്ല. മദ്യനിരോധനം നിലവിൽ വന്നപ്പോൾ മദ്യവ്യവസായത്തിന്റെ കുത്തകക്കാരായിരുന്ന ഈഴവ സമു ദായത്തെയാണ് അത് സാരമായി ബാധിച്ചത് എന്ന കാര്യം ആരും ഓർത്തില്ല.

ഇപ്പോൾ മദ്യനിരോധനത്തിനുവേണ്ടി ഏറ്റവും ശക്തമായി വാദിക്കുന്ന സമുദായ നേതൃത്വം ക്രിസ്ത്യാനികളുടേതാണ്. ഒരു കാലത്ത് മദ്യകച്ച വടത്തിലും മദ്യവ്യവസായത്തിലും മുൻപന്തിയിൽ നിന്നവരായിരുന്നു ക്രിസ്ത്യാനികൾ. അന്നൊന്നും മദ്യനിരോധനത്തെക്കുറിച്ച് നമ്മുടെ മെത്രാന്മാർ ഒന്നും പറഞ്ഞിരുന്നില്ല. എന്നു മാത്രമല്ല മദ്യഉപഭോഗത്തിൽ ക്രൈസ്തവ സമുദായത്തിന് ഒരു തരം കുത്തകയുമുണ്ടായിരുന്നു.

മദ്യപാനം ഒരു സാമൂഹിക ആവശ്യമായിതീർന്നത് മിക്കവാറും ക്രിസ്ത്യാ നികൾക്കായിരുന്നു. യഥാർഥത്തിൽ മദ്യപാനം കേരളത്തിൽ വ്യാപകമാ കാൻ കാരണമായത് ക്രിസ്ത്യാനികളാണ് എന്നു വേണമെങ്കിൽ പറയാം.

ഈ ലേഖകൻ 1965 വരെ മലബാറിൽ ജോലിയിലായിരുന്നു. അന്ന് മലബാറിൽ മദ്യവർജനം നിലനിന്നിരുന്നു. അന്ന് മലബാറിലെ കുടിയേറ്റ പ്രദേശങ്ങളിൽ ചാരായം ഉണ്ടാക്കുക ഒരു സാമൂഹിക ആവശ്യമായിരുന്നു എന്നത് ഈ ലേഖകൻ മനസിലാക്കിയിട്ടുണ്ട്. വ്യാപകമായ തോതിൽ കള്ളവാറ്റ് മദ്യനിരോധന മേഖലയിൽ അന്ന് നിലനിന്നിരുന്നു.

അന്ന് ചാരായം വാറ്റുന്നത് നിയമംകൊണ്ട് നിരോധിച്ചിരുന്നുവെങ്കിലും ചാരായം വാറ്റ് നിർബാധം നടന്നിരുന്നു. കള്ളവാറ്റും വ്യാജചാരായവും വ്യാപകമാകുന്നതിനുണ്ടായകാരണം മദ്യനിരോധനമായിരുന്നു. കള്ള് ഒരു നല്ല പാനീയമാണെന്ന് നൂറ്റാണ്ടുകൾക്കുമുമ്പ് കേരളീയർ മനസിലാക്കി യിരുന്നു എന്നതിന് തെളിവാണ് പോർട്ടുഗീസ് പാതിരിയുടെ ജോർനാ ദോയിലെ വിവരണം. വിവരണം താഴെ കൊടുക്കുന്നു.

*"തെങ്ങുകൾ നൽകുന്നത് ഒരുതരം ലഹരിപാനീയമാണ്. തെങ്ങിന്റെ മുകൾഭാഗം മുറിച്ച് അവയ്ക്കു മുകളിൽ പാത്രം വച്ച് നിശ്ചിത സമയ ത്തിനുള്ളിൽ ഈ പാനീയം ശേഖരിക്കുന്നു. ഇതിനു സുര എന്നാണു പേര്. ഇതു വളരെ രുചികരവും ശരീരപുഷ്ടിയും ആരോഗ്യവും വർധിപ്പിക്കുന്നതും*

*ലാഭകരവുമായ ഒരു ഉത്പന്നമാണ്. ഈ പാനീയം തന്നെ കുറേക്കഴിഞ്ഞ് അവർ തിളപ്പിക്കുകയും അതിൽനിന്ന് അറാക്ക് (ചാരായം) എന്നു വിളിക്കുന്ന മറ്റൊരു വിഭവം ഉണ്ടാക്കിയെടുക്കുകയും ചെയ്യുന്നു. ഇതു കൂടുതൽ വീര്യമുള്ളതാണ്. ഏതാണ്ടു നമ്മുടെ വീഞ്ഞുപോലിരിക്കും.*

*ആളുകളെ വല്ലാതെ ലഹരിപിടിപ്പിക്കുകയും അവരുടെ പ്രകൃതത്തിൽതന്നെ മാറ്റം വരുത്തുകയും ചെയ്യാൻ ഇതിനു കഴിയും. അറാക്കും പിന്നെയും തിളപ്പിച്ചു (വാറ്റ്) കൂടുതൽ വീര്യമുള്ളവ 'നിമ്പ' എന്നിവർ വിളിക്കുന്ന മറ്റൊരു പാനീയവും ഉണ്ടാക്കാറുണ്ട്. അതാവട്ടെ നമ്മുടെ ബ്രാണ്ടിയോടു കിടപിടിക്കുന്നതാണെന്നു പറയാം.*

*സുര പുളിച്ചു കഴിഞ്ഞാൽ അപ്പം (അപ്പമുണ്ടാക്കുന്നതിനുള്ള മാവ്) പുളിപ്പിക്കുന്നതിന് അതു ചേർത്താൽ മതിയാകും. അങ്ങനെയല്ലാതെ അപ്പം പുളിപ്പിച്ചെടുക്കാൻ കഴിയുകയുമില്ല. ....... സുര പുളിപ്പിച്ചു വിനാഗിരി ഉണ്ടാക്കുന്നതും സാധാരണമാണ്. കരിമ്പിൽനിന്നു പഞ്ചസാര ഉണ്ടാക്കുന്ന വിദ്യ അവർക്കറിഞ്ഞുകൂടാ. എന്നാൽ സുരയിൽനിന്നു നല്ല മധുരമുള്ള ചക്കര ഉണ്ടാക്കാൻ അവർക്കു കഴിയും. പഞ്ചസാരയ്ക്കു പകരമുള്ള അവരുടെ വിഭവം ഈ ചക്കരയാണ്."* (മലയാള പരിഭാഷ 2016 ഫെബ്രുവരി ലക്കം പ്രതിച്ഛായ മാസിക, പേജ് 17, ചീഫ് എഡിറ്റർ ഡോ. കുര്യാസ് കുമ്പളക്കുഴി.)

തെങ്ങിൽനിന്നും കിട്ടുന്ന മറ്റു വിഭവങ്ങളും ക്രിസ്ത്യാനികളുടെ സമ്പത്തിന്റെ പ്രധാന വരുമാനമാർഗമായിരുന്നു. അങ്ങനെയുള്ള, തെങ്ങിൽനിന്നും നൂറ്റാണ്ടുകളായി ലഭിച്ചുകൊണ്ടിരുന്ന ഈ വിഭവം നിരോധിക്കണമെന്ന മെത്രാന്മാരുടെ ആവശ്യം ചരിത്ര ദൃഷ്ടിയാൽ സാധൂകരണാർഹമല്ല. തെങ്ങിൽനിന്നും തേങ്ങയും എണ്ണയും ലഭിക്കുന്നതുപോലെ തന്നെയാണ് കള്ള് ലഭിക്കുന്നത്. ചാരായത്തിന്റെ ഉപഭോഗത്തിന് ക്രിസ്ത്യാനികൾ വളരെ പലിയ പങ്ക് വഹിച്ചിട്ടുണ്ട്. പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ യാത്രാവിവരണമായ വർത്തമാനപ്പുസ്തകത്തിൽ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്. അന്ന് യൂറോപ്യൻ പാതിരിമാർ പെരുന്നാളുകളോട് അനുബന്ധിച്ച് വൻതോതിൽ ചാരായം കുടിച്ച് ഉല്ലസിച്ചിരുന്നതായി അദ്ദേഹം എഴുതുന്നു.

"മാർ ഫ്ലോരൻസിയോസ് എന്ന അരിയോപ്പോലീസുമെത്രാൻ കൊച്ചി ഇടവകയുടെയും മലങ്കര ഇടവകയുടെയും വികാരി അപ്പസ്തോലിക്കയായി വരാപ്പുഴയിൽ താമസിക്കുന്ന കാലത്ത് ഒരു സംഭവമുണ്ടായി. വരാപ്പുഴയിൽ വി. ത്രേസ്യാപ്പുണ്യവതിയുടെ തിരുനാളായിരുന്നു. തങ്ങളുടെ സന്യാസസമൂഹം സ്ഥാപിച്ച പുണ്യവതിയുടെ തിരുനാളായതുകൊണ്ട് പാതിരിമാരെല്ലാം വരാപ്പുഴപ്പള്ളിയിൽകൂടി. പെരുന്നാൾച്ചടങ്ങുകളും ആഘോഷക്കുർബാനയും കഴിഞ്ഞ് പൂർവാചാരപ്രകാരം സ്വർണനിർമിതമായ അരുളിക്ക (പ്രദർശനപേടകം) യിൽ വിശുദ്ധ കുർബാന എടുത്തുവെച്ച് വിശ്വാസികളുടെ ആരാധനക്കായി അൾത്താര സിംഹാസന(

ത്രോണോസ്)ത്തിൽ പ്രതിഷ്ഠിച്ചശേഷം പാതിരിമാർ ഭക്ഷണത്തിനു പോയി.

പെരുന്നാളാഘോഷത്തിന് അന്യ ഇടവകകളിൽനിന്നും പുരോഹിതന്മാരും അൽമായരും വന്നു കൂടുന്ന പതിവനുസരിച്ച് ഇടപ്പള്ളി പള്ളിയുടെ വികാരിയായിരുന്ന കല്ലൂർക്കാട്ടുകാരൻ ചാക്കോകത്തനാരും വന്നിരുന്നു. പെരുന്നാൾ കഴിഞ്ഞ് ജനങ്ങളെല്ലാം പിരിഞ്ഞപ്പോൾ ഇദ്ദേഹം ഇടപ്പള്ളിയിലെ തന്റെ ഇടവകയിലേക്കു മടങ്ങിപ്പോയി.

ഈ സമയത്ത് പാതിരിമാർ ഭക്ഷണം കഴിഞ്ഞ് ഉല്ലസിച്ചിരിക്കയായിരുന്നു. ഉല്ലാസത്തിന്റെ ആധിക്യംകൊണ്ട് അന്നു പള്ളിപൂട്ടുന്ന കാര്യം ആരും ഓർത്തില്ല." (വർത്തമാനപ്പുസ്തകം, പേജ് 12, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ് പ്രസിദ്ധീകരണം, ആദ്യ പതിപ്പ്)

ഈ ഉല്ലാസത്തിനു കാരണം ചാരായമായിരുന്നു. പാറേമ്മാക്കൽ തോമാക്കത്തനാർ ഈ ഉല്ലാസത്തെ വങ്കേത്തി (Banquet) എന്നാണ് വിവരിക്കുന്നത്.

ക്രൈസ്തവർ മദ്യപാനം ആരംഭിച്ചത് പാതിരിമാരുടെ കാലത്തോട് ബന്ധപ്പെട്ടാണ്. വിദേശത്തുനിന്നും ബ്രാണ്ടിയും വീഞ്ഞും ധാരാളമായി പാതിരിമാർ കപ്പലിൽ കൊണ്ടുവന്നിരുന്നു. അവർതന്നെയാണ് കള്ളും ചാരായവും നല്ല പാനീയമാണെന്നു കണ്ടുപിടിച്ച് ക്രൈസ്തവരുടെ ഇടയിൽ പ്രചരിപ്പിച്ചത്. മുൻകാലങ്ങളിൽ പള്ളിപെരുന്നാളുകൾക്ക് വങ്കേത്തി (വലിയമേശ) നടത്തുക പതിവായിരുന്നു. ഈ വങ്കേത്തിക്ക് വിളമ്പിയിരുന്ന പ്രധാന വിഭവം തെങ്ങിൽനിന്നും പനയിൽനിന്നും ഉണ്ടാക്കുന്ന വാറ്റുചാരായമായിരുന്നു. എന്റെ ഓർമയിൽ വങ്കേത്തിക്ക് ഇതര വിഭവങ്ങളോടൊപ്പം ഏറ്റവും കൂടുതൽ വിളമ്പിയിരുന്നത് വാറ്റുചാരായമായിരുന്നു. ഇതു കണ്ടുപഠിച്ചാണ് ക്രിസ്ത്യാനികൾ തങ്ങളുടെ ഭക്ഷണ വിഭവങ്ങളോടൊപ്പം കള്ളും ചാരായവും ചേർത്തത്. അപ്പോൾ കള്ളുചെത്തിയിരുന്നത് ഈഴവരായിരുന്നെങ്കിലും കള്ളും അതിനോടനുബന്ധിച്ച മറ്റു വിഭവങ്ങളും (ചാരായം) ഉപയോഗിച്ചിരുന്നത് ക്രിസ്ത്യാനികളായിരുന്നു. പാതിരിമാർ ചെല്ലാതിരുന്ന സ്ഥലങ്ങളിലെല്ലാം മദ്യഉപഭോഗം വളരെ കുറവായിരുന്നു. ഉദാഹരണത്തിന് തിരുവല്ല മുതലായ പ്രദേശങ്ങളിൽ (മാർത്തോമ്മാ സഭയുടെ കേന്ദ്രം).

ഇങ്ങനെയിരിക്കുന്ന അവസരത്തിൽ പെട്ടെന്ന് മെത്രാന്മാർക്ക് മദ്യം നിരോധിക്കണം എന്ന ഈ ഉൾവിളി ഉണ്ടാകാനുള്ള കാരണം എന്താണെന്ന് അറിഞ്ഞുകൂടാ.

നസ്രാണികളുടെ പല പലഹാരങ്ങളും (ഉദാ. ചുരുട്ട്) ഉണ്ടാക്കുന്നതിന് തെങ്ങിൽനിന്നും കിട്ടുന്ന പാനി അനിവാര്യമായ ഒരു വിഭവമായിരുന്നു. നസ്രാണികളുടെ സദ്യയുടെ അവസാനം ഇന്നത്തെ പുഡ്ഡിംഗ് പോലെ അന്ന് കൊടുത്തിരുന്നത് പാനിയും പഴവും ആയിരുന്നു.

പാനിപോലെ ശർക്കരയും തെങ്ങിൻകള്ളിൽനിന്നും ഉണ്ടാക്കിയിരുന്നു. ഇതും പലഹാരങ്ങൾ ഉണ്ടാക്കുന്നതിന് അനിവാര്യമാണ്. ക്നാനായ സമുദായത്തിന്റെ മംഗളകർമങ്ങൾക്കുള്ള സദ്യയ്ക്ക് ആചാരപരമായി വിളമ്പിക്കൊണ്ടിരുന്നത് പാച്ചോറും ശർക്കരയുമായിരുന്നു. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ഒരു പാരമ്പര്യമാണ് ഇത്.

ഇവയൊക്കെ അറിയാവുന്ന മെത്രാന്മാർ എന്തുകൊണ്ടാണ് കള്ളുനിരോധനത്തിനുവേണ്ടി വാദിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. മാത്രമല്ല ക്രിസ്ത്യൻ എം.എൽ.എ.മാർ എങ്ങനെയാണ് കള്ളു നിരോധനത്തിനുവേണ്ടി വാദിക്കുന്നത്. പാനിയും ശർക്കരയും എല്ലാം ഉപയോഗിച്ച് പലഹാരങ്ങൾ ഉണ്ടാക്കുന്ന നസ്രാണി ഭവനങ്ങളെ എങ്ങനെ മറക്കും.

രാഷ്ട്രീയക്കാർക്ക് മദ്യം ഒരു ചാകരയായിരുന്നു. കോടിക്കണക്കിനു രൂപ മദ്യവ്യവസായികളിൽനിന്നും രാഷ്ട്രീയക്കാർ പിടിച്ചുവാങ്ങി പോക്കറ്റു നിറച്ച വാർത്ത കൊച്ചുകുട്ടികൾക്കു വരെ അറിയാം. സാധാരണക്കാരുടെ അധ്വാനംകൊണ്ട് ഉൽപാദിപ്പിച്ചുകൊണ്ടിരുന്ന കള്ള് ഇന്ന് പലരുടേയും അഴിമതിക്കുള്ള വേദിയായി തീർന്നിരിക്കുന്നു. പല മന്ത്രിമാരുടെയും കസേരകൾ നഷ്ടപ്പെട്ടു. ഇതിനെ പ്രോത്സാഹിപ്പിക്കാൻ രാഷ്ട്രീയ ബോധമുള്ള കേരളത്തിലെ ജനങ്ങൾ സമ്മതിച്ചുകൂടാ. ഈ അഴിമതിയെ എല്ലാ രാഷ്ട്രീയപാർട്ടികളും എതിർക്കുന്നുണ്ടെങ്കിലും ഇന്ന് കഴുത്തറ്റം അഴിമതിയിലാണ് ഭരണം നടക്കുന്നത്. ഇതിനുകാരണം പാവം കള്ളും! ഇതു മനസ്സിലാക്കാനുള്ള ആർജവബോധം ഇവിടുത്തെ പൗരന്മാർക്കുണ്ടാകണം. മദ്യ നിരോധനം കൊണ്ടും മദ്യനിരോധന ഭീഷണികൊണ്ടും പോക്കറ്റു നിറക്കാൻ ആദർശത്തിന്റെ പേരിൽ ഇനി ഒരിക്കലും രാഷ്ട്രീയക്കാരെ അനുവദിച്ചുകൂടാ. കേരളീയരുടെ ഇഷ്ടപാനീയത്തെ ദുഷ്ടപാനീയമാക്കിയതിൽ രാഷ്ട്രീയക്കാർക്ക് പ്രമുഖമായ പങ്കുണ്ട്. മദ്യനിരോധനത്തിൽനിന്ന് ഈ സംസ്ഥാനത്തെ മോചിപ്പിക്കാൻ തയ്യാറുള്ള പാർട്ടിക്കുമാത്രമേ ജനങ്ങൾ വോട്ടു ചെയ്യാവൂ.

ഇന്നു കള്ളുണ്ടാക്കുന്നത് കൃത്രിമമായിട്ടാണ്. ചിറ്റൂർ മുതലായ ഭാഗത്തുനിന്നുമാണ് കൃത്രിമ കള്ളുകൾ കേരളത്തിന്റെ നാനാഭാഗങ്ങളിലും എത്തുന്നത്. ഈ വ്യാജകള്ളിനെ തടയാനാണ് രാഷ്ട്രീയക്കാർ തയ്യാറാകേണ്ടത്. നല്ല കള്ളും നല്ല ചാരായവും കുടിക്കുന്നതിനുള്ള സംവിധാനമാണ് ഇവിടെ ഉണ്ടാകേണ്ടത്. അധ്വാനിക്കുന്ന കർഷകർക്ക് കള്ള് ഒരു ഭക്ഷണ വിഭവമാണ്. അതുകൊണ്ട് അവരുടെ ആരോഗ്യത്തിന് ഒരു കുഴപ്പവും വന്നതായി ചരിത്രമില്ല. എന്നു മാത്രമല്ല അത് ആരോഗ്യദായകവുമാണ് എന്നു തെളിഞ്ഞിട്ടുമുണ്ട്.

ഗുവെയായുടെ വിവരണത്തിൽ കഴിഞ്ഞ ആറു നൂറ്റാണ്ടുകളായി കള്ളു ചെത്തും കള്ളു കുടിയും കേരളത്തിൽ നിലനിൽക്കുന്നു. അതുകൊണ്ട് കള്ള് ചെത്തിനെ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. കള്ളിൽനിന്നും ഉണ്ടാക്കുന്ന ഇതര വിഭവങ്ങൾ - പാനി, ശർക്കര, വിന്നാ

ഗിരി എന്നിവ കേരളീയരുടെ ദൈനംദിന ജീവിതത്തിന് ആവശ്യമാണ്. അപ്പം പുളിപ്പിച്ച് കള്ളപ്പം എന്ന പലഹാരം ഉണ്ടാക്കുക നസ്രാണികളുടെ ഭവനങ്ങളിൽ സാധാരണമാണ്. കള്ളു ചെത്ത് നിലനിൽക്കാൻ അനുവദിക്കുന്ന ജനപ്രതിനിധികളെ മാത്രമേ തെരഞ്ഞെടുത്ത് അധികാരത്തിലേറ്റാവൂ എന്നാണ് എന്റെ എളിയ അഭിപ്രായം. അതേ അവസരത്തിൽ മായം ചേർത്ത കള്ള് ഉണ്ടാക്കുന്ന വ്യാജ വ്യവസായം അവസാനിപ്പിക്കാൻ വേണ്ട നടപടികൾ ഗവൺമെന്റ് എടുക്കുകയും വേണം. കുട്ടനാട്, ചിറ്റൂർ മുതലായ മേഖലകളിൽ മിച്ചമായി ഉല്പാദിപ്പിക്കുന്ന കള്ള് വാറ്റി നല്ല ചാരായം എടുക്കുവാനുള്ള സംവിധാനവും ആവശ്യമാണ്.

കള്ള് ചെത്ത് വ്യവസായം നിലനിൽക്കേണ്ടതാണ്. അതിനെ അനുകൂലിക്കുന്നവരെ മാത്രമേ അധികാരത്തിൽ പ്രവേശിപ്പിക്കാവൂ.

(കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനുമുമ്പ് എഴുതിയ ലേഖനം.)

□□

## ഇന്ത്യൻസഭകൾ ഭരിക്കപ്പെടേണ്ടത് ഇന്ത്യൻ ഭരണഘടനയ്ക്ക് വിധേയമായിട്ടായിരിക്കണം

- ജസ്റ്റിസ് കെ. ടി. തോമസ്

കോട്ടയം : ഇന്ത്യയിലെ സഭകൾ ഭരിക്കപ്പെടേണ്ടത് ഇന്ത്യൻ ഭരണഘടനയ്ക്ക് വിധേയമായിട്ടായിരിക്കണമെന്ന് ജസ്റ്റിസ് കെ.ടി.തോമസ് പ്രസ്താവിച്ചു. കോട്ടയം ഐ.എം.എ ഹാളിൽ ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ സംഘടിപ്പിച്ച 'ക്രൈസ്തവ സഭാചട്ടങ്ങൾ ഇന്ത്യൻ ഭരണഘടനയെ വെല്ലുവിളിക്കുന്നുവോ? എന്ന സെമിനാർ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

അതിവിപുലമായ ഇന്ത്യൻ ഭരണഘടന വായിക്കാത്ത വിദേശികൾ ചേർന്നുണ്ടാക്കിയ കാനോൻ നിയമത്തിലെ വ്യവസ്ഥകളേക്കാൾ ഇന്ത്യൻ പൗരന്മാരായ ക്രിസ്ത്യാനികൾ പ്രാധാന്യം നൽകേണ്ടത് ഇന്ത്യൻ ഭരണഘടനയ്ക്കാണ്. സഭാധികാരികൾ ഇത് അംഗീകരിക്കുവാൻ തയ്യാറാകണമെന്ന് അദ്ദേഹം പറഞ്ഞു.

2004-ൽ 'ക്രൈസ്തവരുടെ സമൂഹസമ്പത്ത് ഭരിക്കാൻ നിയമം ആവശ്യമാണ്' എന്ന വിഷയത്തെ ആസ്പദമാക്കി കേരള കത്തോലിക്കാ അൽമായ അസ്സോസിയേഷൻ, സംഘടിപ്പിച്ച യോഗത്തിലാണ് ക്രൈസ്തവരുടെ സമൂഹസമ്പത്ത് ഭരിക്കാൻ നിയമം വേണമെന്നും ഏകീകൃത സിവിൽകോഡ് നടപ്പിലാക്കണമെന്നുമുള്ള ആശയം ആദ്യമായി അവതരിപ്പിക്കപ്പെട്ടതെന്ന് ജോസഫ് പുലിക്കുന്നേൽ അച്ചടിച്ച് എത്തിച്ചുതന്ന തന്റെ പ്രസംഗത്തിൽ പറഞ്ഞു. അനാരോഗ്യം മൂലം സെമിനാറിൽ പങ്കെടുക്കാൻ സാധിക്കാതെ വന്ന ജോസഫ് പുലിക്കുന്നേലിന്റെ പ്രസംഗം യോഗത്തിൽ ജോസാന്റണി വായിച്ചു.

# പഴയനിയമവും പുതിയ നിയമവും

ബൈബിൾ 2 ഗ്രന്ഥങ്ങളുടെ സമാഹാരമാണ്. പഴയനിയമം യഹൂദരുടെ മതഗ്രന്ഥമാണ്. എങ്കിലും ക്രൈസ്തവരുടെ പുതിയനിയമവും കൂടി ചേർന്നതാണ് ഇപ്പോഴത്തെ ബൈബിൾ. പ്രപഞ്ച സൃഷ്ടിയുടെ കഥ മുതൽ ആരംഭിക്കുന്ന പഴയനിയമം ബാബിലോണിലെ ഊർ ദേശത്തുനിന്നും പുറപ്പെട്ട അബ്രഹാമിന്റെ സന്താനങ്ങളിലൂടെ വളർന്ന യഹൂദരുടെ ചരിത്രം പഴയനിയമത്തിൽ പറയുന്നു. യഹൂദർ ഈജിപ്തിലേയ്ക്ക് പ്രവാസത്തിനുപോയതും അവിടെനിന്നും അവർ മോശെയുടെ നേതൃത്വത്തിൽ സ്വയം വിമോചിതരായി വാഗ്ദാനനാടായ കാനാനിലേക്ക് കുടിയേറി പാർക്കുന്നതുമായ കഥ പഴയനിയമത്തിൽ നാം വായിക്കുന്നു. ഈജിപ്തിൽ പ്രവാസികളായിരുന്നപ്പോൾ അവരുടെ പല മതനിഷ്ഠകളും യഹൂദർ സ്വീകരിച്ചിരുന്നെങ്കിലും അവർ എന്നും യഹോവ എന്ന ഏക ദൈവത്തിൽ വിശ്വസിച്ചിരുന്നു.

അബ്രാഹാമിന്റെ പുത്രനായ ഇസഹാക്കിന് ഏശാവ്, യാക്കോബ് എന്ന രണ്ടു മക്കളാണ് ഉണ്ടായിരുന്നത്. അതിൽ യാക്കോബിന്റെ സന്താനപരമ്പരകളാണ് ഈജിപ്തിൽ പ്രവാസികളായിപോയത്. യാക്കോബിന്റെ മക്കളിൽ ജോസഫിനെ അവന്റെ സഹോദരന്മാർ ഈജിപ്തുകാർക്ക് വിൽക്കുമ്പോൾ തുടങ്ങുന്നതാണ് യഹുദരുടെ ഈജിപ്ഷ്യൻ പ്രവാസത്തിന്റെ കഥ (ഉല്പത്തി 37-ാം അധ്യായം).

യഹോവായുടെ നിർദേശമനുസരിച്ച് യഹോവായ്ക്ക് ഹോമബലി അർപ്പിക്കുന്നതിന് മരുഭൂമിയിലേക്ക് പോകാൻ അനുവദിക്കണമെന്ന് ഇസ്രായേലിയർ മോശെയുടെ നേതൃത്വത്തിൽ ഫറവോനോട് അഭ്യർഥിക്കുന്നു. യഹോവ ഫറവോന്റെ ഹൃദയം കഠിനമാക്കി യഹൂദരുടെ ആവശ്യം നിഷേധിക്കുന്നതും തുടർന്നുള്ളതുമാണ് മോശയുടെ കഥ. മോശെയുടെ വാക്കിൽ വിശ്വസിച്ചുകൊണ്ടാണ് യഹുദർ കൂട്ടംകൂട്ടമായി ഈജിപ്തിൽനിന്നും പലായനം ചെയ്തത്. അനേകം പ്രതിസന്ധികൾ അവർക്ക് നേരിടേണ്ടിവന്നു. അപ്പോഴെല്ലാം അവർ മോശയ്ക്കും സഹോദരനായ അഹറോനും നേരെ പിറുപിറുക്കുകയും ചെയ്തു. എങ്കിലും യഹോവായിൽ പൂർണമായും വിശ്വസിച്ചുകൊണ്ട് യഹൂദർ .യാത്ര തുടർന്നു. യഹോവ ചെങ്കടൽ രണ്ടായി പിളർന്ന് യഹൂദരെ കടൽ കടക്കാൻ സഹായിക്കുകയും ഫറവോനെയും സൈന്യത്തെയും കടലിൽ ആഴ്ത്തുകയും ചെയ്തു. ഈ പ്രതിസന്ധികളിലെല്ലാം യഹൂദരെ നയിച്ചത് അവർക്ക് യഹോവയിലുള്ള ഉറച്ച വിശ്വാസമാണ്. യഹൂദർ ഈജിപ്തിലായിരുന്നപ്പോൾ ഫറവോനും ഈജിപ്തിലെ പുരോഹിതരും യഹൂദർക്ക് സാമൂഹ്യനിയമത്തിന്റെ സംരക്ഷണം നൽകിയിരുന്നു. എന്നാൽ ഈജിപ്തിൽനിന്നും പുറപ്പെട്ടുപോന്ന യഹൂദർക്ക് ഒരു സാമൂഹ്യ നിയമം ഉണ്ടായിരുന്നില്ല. ഒരു സമൂഹമായി ജീവിക്കുന്നതിന് ആവശ്യമായ നിയമം

സീനായ് മലയിൽവെച്ച് യഹോവ അവർക്ക് നൽകി. ഇതാണ് പഴയ നിയമം.

അത് ഇപ്രകാരം ആരംഭിക്കുന്നു. *"ദൈവം ഈ വചനങ്ങളെല്ലാം അരുൾ ചെയ്തു: 'നിന്റെ ദൈവമായ കർത്താവു ഞാനാകുന്നു; ഈജിപ്തുദേശത്തു നിന്ന്, അടിമഭവനത്തിൽനിന്ന്, നിന്നെ മോചിപ്പിച്ചു കൊണ്ടു വന്നവൻ. ഞാനല്ലാതെ മറ്റു ദേവന്മാർ നിനക്ക് ഉണ്ടാകരുത്. ഒരു വിഗ്രഹവും നിനക്കായി ഉണ്ടാക്കരുത്; മുകളിൽ സ്വർഗത്തിലുള്ളതോ താഴെ ഭൂമിയിലുള്ളതോ ഭൂമിക്കടിയിൽ വെള്ളത്തിലുള്ളതോ ആയ യാതൊന്നിന്റെയും ബിംബം ഉണ്ടാക്കരുത്. നീ അവയ്ക്കു മുമ്പിൽ തല കുനിക്കയോ അവയെ സേവിക്കയോ അരുത്. കാരണം, ഞാൻ നിന്റെ ദൈവമായ കർത്താവ്, അസഹിഷ്ണുവായ ദൈവം ആകുന്നു; എന്നെ വെറുക്കുന്നവരുടെ ദുഷ്ടതയ്ക്കു മൂന്നും നാലും തലമുറവരെയുള്ള സന്തതിപരമ്പരകളോടു പക വീട്ടുന്നവൻ. എന്നാൽ എന്നെ സ്നേഹിക്കയും എന്റെ പ്രമാണങ്ങൾ കാത്തു പാലിക്കയും ചെയ്യുന്നവരുടെ ആയിരം തലമുറകളോടു ഞാൻ അചഞ്ചല സ്നേഹം കാണിക്കും. നിന്റെ ദൈവമായ കർത്താവിന്റെ നാമം വൃഥാ പ്രയോഗിക്കരുത്. തന്റെ നാമം വൃഥാ പ്രയോഗിക്കുന്നവനെ കർത്താവു ശിക്ഷിക്കാതെ വിടില്ല. ശാബത്ത് ദിവസം ഓർമിച്ച് പാവനമായി ആചരിക്കുക. ആറു ദിവസം നിനക്കു നിന്റെ ജോലികളെല്ലാം ചെയ്യാം. എന്നാൽ ഏഴാം ദിവസം നിന്റെ ദൈവമായ കർത്താവിന്നുള്ള ശാബത്ത് ആകുന്നു. അന്ന് നീയോ നിന്റെ പുത്രനോ പുത്രിയോ ദാസനോ ദാസിയോ മൃഗങ്ങളോ നിന്റെ പടിക്കകത്തു പ്രവസിക്കുന്നവനോ ഒരു ജോലിയും ചെയ്യരുത്. കർത്താവ് ആറു ദിവസംകൊണ്ട് ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലതും സൃഷ്ടിച്ചിട്ട് ഏഴാം ദിവസം വിശ്രമിച്ചുവല്ലോ. അതുകൊണ്ടു കർത്താവു ശാബത്ത് നാളിനെ അനുഗ്രഹിച്ചു പവിത്രീകരിച്ചു. നിന്റെ ദൈവമായ കർത്താവു നിനക്കുതരുന്ന ദേശത്തു ദീർഘകാലം ജീവിക്കേണ്ടതിന്നു നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക. 'നീ കൊല്ലരുത്. നീ വ്യഭിചരിക്കരുത്. നീ മോഷ്ടിക്കരുത്. നിന്റെ അയൽക്കാരന്ന് എതിരെ നീ കള്ളസാക്ഷിയാകരുത്; നിന്റെ അയല്ക്കരന്റെ ഭവനം മോഹിക്കരുത്. അയല്ക്കാരന്റെ ഭാര്യയെ മോഹിക്കരുത്. അയല്ക്കാന്റെ ദാസനെയോ ദാസിയെയോ കാളയെയോ കഴുതയെയോ മറ്റെന്തിനെയെങ്കിലുമോ മോഹിക്കരുത്.'*

*ജനങ്ങളെല്ലാം ഇടിയും മിന്നലും കാഹളധ്വനിയും പുകയുന്ന പർവതവും കണ്ടതോടെ പേടിച്ചു വിറച്ച് അകലെ മാറിനിന്നു. അവർ മോശെയോടു പറഞ്ഞു: 'അങ്ങു ഞങ്ങളോടു സംസാരിച്ചാൽ മതി. ഞങ്ങൾ അനുസരിച്ചുകൊള്ളാം. ദൈവം ഞങ്ങളോടു സംസാരിക്കാതിരിക്കട്ടെ. സംസാരിച്ചാൽ ഞങ്ങൾ മരിച്ചുപോകും.' അപ്പോൾ മോശെ ജനത്തോടു പറഞ്ഞു: 'ഭയപ്പെടേണ്ട. ദൈവം നിങ്ങളെ പരീക്ഷിക്കാനും പാപം ചെയ്യാ*

*തിരിക്കാൻ തക്ക ദൈവഭയം നിങ്ങളിൽ ഉണ്ടാക്കാനും വേണ്ടി വന്ന താണ്.' ജനങ്ങൾ വളരെ അകന്നു നിന്നു, മോശെയാകട്ടെ ദൈവം ഇരുന്ന കനത്ത ഇരുൾ മേഘത്തോട് അടുത്തു."* (പുറപ്പാട് 20 : 1 – 21)

ഇസ്രായേലിയരുടെ ഈജിപ്തിലെ പ്രവാസകാലത്ത് ഈജിപ്തു കാർക്ക് അനേകം ദൈവങ്ങൾ ഉണ്ടായിരുന്നു. അവരെയെല്ലാം ഇസ്രാ യേലിയർ സ്വീകരിച്ച് വണങ്ങിയിരുന്നു. ഈ ദൈവങ്ങളെയെല്ലാം നിരാ കരിച്ച് ഏകദൈവമായ യഹോവായെ തങ്ങളുടെ രക്ഷകനായി സ്വീകരി ക്കണമെന്നാണ് സീനായ് മലയിൽവെച്ച് കൊടുത്ത ദൈവത്തിന്റെ കല്പന. അത് അനുസരിക്കാത്തപക്ഷം അതിനുള്ള ശിക്ഷയും ദൈവം വിധിച്ചിരുന്നു.

യഹൂദരുടെ മതനിയമമായിരുന്നു പഴയനിയമം. എന്നാൽ കാലാ ന്തരത്തിൽ ഈ നിയമം യഹൂദർ അനുസരിക്കാതെവന്നു. അവരെ നയി ച്ചിരുന്ന പുരോഹിതർ (ലേവികുടുംബം) യഹോവായുടെ കല്പനകളെ അനുസരിക്കാതെ അവരുടെ പുരോഹിത സ്ഥാനത്തെ മനുഷ്യചൂഷണ ത്തിനായി ഉപയോഗിക്കാൻ ആരംഭിച്ചു. അതിനായി പുരോഹിതർ മതത്തെ ദുരുപയോഗം ചെയ്തു. ഇത് കാലാകാലങ്ങളിൽ യഹോവായെ പ്രകോപിപ്പിച്ചതായി പഴയനിയമത്തിൽ കാണാം. പ്രവാചകന്മാർ മറയി ല്ലാതെ ഇവയെ വിമർശിച്ചിരുന്നു. യഹോവായുടെ മുന്നറിയിപ്പുകൾ യഹൂദ ജനം അവഗണിച്ചു. യഹോവായ്ക്ക് യഹൂദരോടുള്ള പ്രതിബ ദ്ധത കാണക്കാണെ അവസാനിച്ചുകൊണ്ടിരുന്നു. ഈ കാലഘട്ടത്തി ലാണ് യേശുവിന്റെ ജനനം. പഴയനിയമത്തിലെ അതിപ്രധാനമായ നിബ ന്ധന മനുഷ്യന്റെ പാപങ്ങളെക്കുറിച്ചായിരുന്നു. മനുഷ്യപാപങ്ങൾ ഓരോ രുത്തരെയും ദൈവത്തിൽനിന്നും അകത്തുമെന്നും അങ്ങനെ അകലുന്ന പാപിയായ മനുഷ്യൻ ബലികളിലൂടെയും വഴിപാടുകളിലൂടെയും ദൈ വത്തെ പ്രീണിപ്പിക്കണമെന്നും, അങ്ങനെ ദൈവത്തിന്റെ മുമ്പിൽ സ്വീകാ ര്യനാകണമെന്നുമായിരുന്നു മോശെയുടെ നിയമം. (ലേവിയർ ഗ്രന്ഥം)

ദൈവവുമായി അനുരഞ്ജനപ്പെടുന്നതിനു പുരോഹിതൻ മധ്യ വർത്തിയായിരുന്നു. കാരണം വഴിപാടുകളും ബലികളും പുരോഹിതരി ലൂടെയാണ് യഹൂദർ അർപ്പിക്കേണ്ടിയിരുന്നത്. ബലിസമർപ്പിക്കുന്നതി നുള്ള കേന്ദ്രമായി ജറൂശലേം ദേവാലയം അധഃപതിച്ചു. അങ്ങനെ പാപ വിമോചനത്തിനുള്ള കച്ചവടവേദിയായി തീർന്നു ജറൂശലേം ദേവാലയം. പരീശന്മാരും നിയമജ്ഞരും മോശെയുടെ നിയമത്തെ മറയാക്കി യഹൂ ദരെ ചൂഷണം ചെയ്തു.

റോമൻ സാമ്രാജ്യം ജറൂശലേം കൈവശപ്പെടുത്തുകയും യഹൂദ പുരോഹിതർക്ക് അധികാരപരമായി പിന്തുണനൽകുകയും ചെയ്തപ്പോൾ ജറൂശലേം ദേവാലയം കച്ചവടസ്ഥലമായി മാറി. ഇസ്രായേലിയരുടെ ഈജിപ്തിലും പിന്നീട് ബാബിലോണിലുമുള്ള പ്രവാസകാലത്തും

റോമൻ സാമ്രാജ്യത്തിന്റെ പ്രഭവകാലത്തും യഹൂദരുടെ മതനിഷ്ഠകൾ വ്യഭിചരിക്കപ്പെട്ടു. ബലികൾ പുരോഹിതരുടെ ഉദരപൂരണത്തിനുള്ള ഒരു മാർഗമായി അധഃപതിച്ചു. അങ്ങനെ യഹൂദപൗരോഹിത്യം യഹോവയിൽനിന്നും അകന്ന അവസരത്തിലാണ് ക്രിസ്തു സാധാരണക്കാരായ യൗസേപ്പിന്റെയും മറിയത്തിന്റെയും പുത്രനായി അവതരിച്ചത്. ജന്മവശാൽ യൗസേപ്പും മറിയവും കേവലരായ യഹൂദരായിരുന്നു. മഹാപുരോഹിതരെ തിരുത്താനും അവരുടെ കുറ്റങ്ങൾ ചൂണ്ടിക്കാണിക്കാനും യാതൊരർഹതയും യേശുവിന് ഉണ്ടായിരുന്നില്ല. ശക്തമായ റോമാസാമ്രാജ്യത്തോടും യഹൂദമതപുരോഹിത വ്യവസ്ഥയോടും വിധേയത്വം മാത്രമായിരുന്നു അന്നു റോമൻ അധികാരികളും പുരോഹിതാധികാരികളും ആവശ്യപ്പെട്ടിരുന്നത്. യഹൂദപുരോഹിതരെ ചോദ്യം ചെയ്യാനുള്ള അധികാരം എവിടെനിന്നുകിട്ടിയെന്ന് ക്രിസ്തുവിനെ ശാസിക്കുന്ന അവസരത്തിൽ പുതിയനിയമപുസ്തകത്തിൽ കാണാം. പഴയനിയമത്തിന്റെ അനുശാസനങ്ങളെ വാക്കോടുവാക്ക് അനുസരിക്കുന്നതിനായിരുന്നില്ല യേശുവിന് പിതാവിൽനിന്നും കിട്ടിയ നിർദേശം. മറിച്ച് യോഹന്നാൻ പറയുന്നതുപോലെ ഒരു പുതിയ വഴിവെട്ടിത്തെളിച്ച് അതിലേ സഞ്ചരിക്കാനായിരുന്നു മിശിഹായ്ക്ക് കിട്ടിയ നിർദേശം. അതിൽനിന്നും വന്നുഭവിക്കാവുന്ന ദുരിതങ്ങൾ എത്രയെന്ന് മിശിഹായ്ക്ക് അറിയാമായിരുന്നു. അത് മനസാ അംഗീകരിച്ചുകൊണ്ട് മിശിഹാ മുന്നോട്ടുപോയി. അതിന്റെ ചരിത്രമാണ് പുതിയനിയമം.

പഴയനിയമത്തിൽ പാപപരിഹാരാർഥം പുരോഹിതരിലൂടെ ബലിയും വഴിപാടും സമർപ്പിക്കുക എന്ന നിർദേശം യേശു നിരാകരിച്ചു. അവിടുന്നു പറഞ്ഞു: "എനിക്കു ബലിയല്ല വേണ്ടത്". പഴയനിയമത്തിന്റെ നിഷേധമായിരുന്നു അവിടെ കണ്ടത്.

യഹൂദരെ സംബന്ധിച്ചിടത്തോളം ബലികളും വഴിപാടുകളും ഇല്ലാതെ പാപപരിഹാരം ഇല്ല. പാപംമൂലം ദൈവത്തിൽനിന്നും അകന്ന മനുഷ്യനെ ദൈവവുമായി അനുരഞ്ജനപ്പെടുത്തുന്നത് എങ്ങനെ എന്ന് യഹൂദരുടെ മനസ്സിൽ ഒരു ചോദ്യം ഉയർന്നു വന്നു. പാപങ്ങൾക്ക് പരിഹാരം ചെയ്യണമെന്നത് ഒരു അംഗീകൃത തത്വമായി യഹൂദരുടെ മനസ്സിൽ ഉറച്ചിരുന്നു. അപ്പോൾ യേശുവിന്റെ ബലികൾക്കെതിരെയുള്ള പ്രഘോഷണം യഹൂദർക്ക് അസ്വീകാര്യമായിരുന്നു.

ക്രിസ്തുവിന്റെ കാൽവരി മരണം മനുഷ്യപാപങ്ങൾക്കുവേണ്ടിയുള്ള സ്വയം സമർപ്പണം ആയിരുന്നു എന്ന് ആദിമ ക്രൈസ്തവർ വിശ്വസിച്ചിരുന്നു. ആ ബലിയല്ലാതെ മറ്റൊരു ബലി പാപപരിഹാരാർഥം ഇല്ലെന്ന് പൗലോസ് വ്യക്തമാക്കുന്നുണ്ട്.

*"മുമ്പ് അനേകം പുരോഹിതർ ഉണ്ടായിരുന്നു; കാരണം, ആ സ്ഥാനത്തു തുടരാൻ മരണം അവരെ അനുവദിച്ചില്ല. എന്നാൽ യേശു*

എന്നെന്നും ജീവിക്കുന്നതുകൊണ്ട് അവന്റെ പൗരോഹിത്യം ശാശ്വത മാണ്. തന്മൂലം അവനിലൂടെ ദൈവത്തെ സമീപിക്കുന്നവരെ രക്ഷിക്കാൻ എന്നെന്നും അവന്നു കഴിയുന്നു; അവർക്കു മധ്യസ്ഥത വഹിക്കാൻ എന്നെന്നും അവൻ ജീവിക്കുന്നു.

നമുക്കു വേണ്ടിയിരുന്നത് ഇങ്ങനെ ഒരു മഹാപുരോഹിതനെയാ യിരുന്നു; പരിശുദ്ധൻ, കുറ്റമറ്റവൻ, കളങ്കമില്ലാത്തവൻ, പാപികളിൽ നിന്നു വേർതിരിക്കപ്പെട്ടവൻ, ആകാശങ്ങൾക്കുമീതെ ഉയർത്തപ്പെട്ടവൻ. മറ്റു മഹാപുരോഹിതരെപ്പോലെ നിത്യേന, ആദ്യം തന്റെ പാപങ്ങൾക്കുവേ ണ്ടിയും പിന്നെ ജനത്തിന്റെ പാപങ്ങൾക്കുവേണ്ടിയും അവൻ ബലിയർപ്പി ക്കേണ്ടതില്ല. തന്നെത്തന്നെ അർപ്പിച്ചപ്പോൾ അവൻ ഒരിക്കൽ എന്നെ ന്നേക്കുമായി ബലി അർപ്പിച്ചു. ബലഹീനരായ മനുഷ്യരെയാണു നിയമം മഹാപുരോഹിതരായി നിയമിക്കുന്നത്. എന്നാൽ നിയമത്തിന്നു ശേഷം വന്ന ശപഥവചനം എന്നെന്നേക്കും പരിപൂർണനാക്കപ്പെട്ട പുത്രനെ യാണു നിയമിച്ചത്.

ഞങ്ങൾ പറയുന്നതിന്റെ സാരം ഇതാണ്: സ്വർഗത്തിൽ മഹത്വ ത്തിന്റെ സിംഹാസനത്തിന്നു വലതുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന ഒരു മഹാപുരോഹിതൻ നമുക്കുണ്ട്. അവൻ മനുഷ്യനിർമിതമല്ലാത്തതും കർത്താവു സ്ഥാപിച്ചതുമായ യഥാർഥ കൂടാരത്തിലെയും വിശുദ്ധസ്ഥ ലത്തിലെയും ശുശ്രൂഷകനാണ്. വഴിപാടുകളും ബലികളും അർപ്പിക്കാ നാണ് ഓരോ മഹാപുരോഹിതനും നിയമിക്കപ്പെടുന്നത്. അപ്പോൾ, ഈ മഹാപുരോഹിതന്നും എന്തെങ്കിലും അർപ്പിക്കാൻ ഉണ്ടായിരിക്കേണ്ടത് ആവശ്യമായിരുന്നു. ഭൂമിയിലായിരുന്നെങ്കിൽ, അവൻ ഒരു പുരോഹിതനേ ആകുമായിരുന്നില്ല. കാരണം, നിയമം അനുസരിച്ചു ബലികൾ അർപ്പി ക്കുന്ന പുരോഹിതർ ഇവിടെ ഉണ്ട്. അവർ സ്വർഗീയ വിശുദ്ധ സ്ഥല ത്തിന്റെ പ്രതിരൂപവും നിഴലുമായതിനെ ശുശ്രൂഷിക്കുന്നു. മോശെ കൂടാരം നിർമിക്കാൻ തുടങ്ങിയപ്പോൾ ദൈവം നിർദേശിച്ചു: ‘പർവതത്തിൽവച്ചു ഞാൻ കാണിച്ചുതന്ന മാതൃകയിൽതന്നെ എല്ലാം നിർമിക്കുക. മെച്ചപ്പെട്ട വാഗ്ദാനങ്ങളിൽ അധിഷ്ഠിതവും ശ്രേഷ്ഠതരവുമായ ഉടമ്പടിയുടെ മധ്യ സ്ഥനാണ് ക്രിസ്തു. അതിനാൽ പഴയതിനെക്കാൾ ഉല്ക്കൃഷ്ടമായ ശുശ്രൂഷാ സ്ഥാനമാണ് അവന്നു ലഭിച്ചിരിക്കുന്നത്. ആദ്യ ഉടമ്പടി കുറ്റമ റ്റതായിരുന്നെങ്കിൽ രണ്ടാമതൊന്നു വേണ്ടിവരുമായിരുന്നില്ല.

എന്നാൽ അവരെ കുറ്റപ്പെടുത്തി അവൻ അരുൾചെയ്തു: ‘കർത്താവ് അരുൾ ചെയ്യുന്നു. ഇസ്രായേൽ ഭവനത്തോടും യഹൂദാഭവ നത്തോടും ഞാൻ ഒരു പുതിയ ഉടമ്പടി ഉണ്ടാക്കുന്ന ദിനങ്ങൾ വരും; ഇത് അവരുടെ പിതാക്കന്മാരെ ഞാൻ കൈക്കുപിടിച്ച് ഈജിപ്തിൽനിന്ന് ആനയിച്ച ദിനത്തിൽ അവരുമായി ഉണ്ടാക്കിയ ഉടമ്പടിപോലെയല്ല. അവർ എന്റെ ഉടമ്പടിയിൽ ഉറച്ചുനിന്നില്ല; തന്മൂലം ഞാൻ അവരെ ചെവിക്കൊ ണ്ടില്ല; ഇതു കർത്താവ് അരുൾ ചെയ്യുന്നു. ആ ദിനങ്ങൾ കഴിഞ്ഞ് ഇസ്രാ

*യേൽക്കാരുമായി ഞാൻ ഉണ്ടാക്കുന്ന ഉടമ്പടി ഇതാണ്. ഇതു കർത്താവ് അരുൾ ചെയ്യുന്നു: ഞാൻ എന്റെ നിയമങ്ങൾ അവരുടെ മനസ്സുകളിൽ പ്രതിഷ്ഠിക്കും; അവ അവരുടെ ഹൃദയങ്ങളിൽ എഴുതും. ഞാൻ അവരുടെ ദൈവമായിരിക്കും; അവർ എന്റെ ജനവുമായിരിക്കും. ഓരോ മനുഷ്യനും തന്റെ കൂട്ടുകാരനെയോ തന്റെ സഹോദരനെയോ "കർത്താവിനെ അറിയൂ" എന്നു പറഞ്ഞു പഠിപ്പിക്കയില്ല. കാരണം, ചെറിയവൻ മുതൽ വലിയവൻവരെ അവരെല്ലാവരും എന്നെ അറിയും. ഞാൻ അവരുടെ അപരാധങ്ങളിൽ കാരുണ്യം കാണിക്കും; അവരുടെ പാപം മേലാൽ അനുസ്മരിക്കയുമില്ല.' ഒരു പുതിയ ഉടമ്പടിയെക്കുറിച്ചു പറയുമ്പോൾ അവൻ പഴയതു കാലഹരണപ്പെട്ടതായി കണക്കാക്കുന്നു. കാലഹരണപ്പെട്ടതു ജീർണിക്കുന്നവ അപ്രത്യക്ഷമാകുകയാണ്.*

*ആദ്യ ഉടമ്പടിയിലും, ആരാധനയ്ക്കുള്ള ചട്ടങ്ങളും ഭൗമികവിശുദ്ധസ്ഥലവും ഉണ്ടായിരുന്നു. ഒരു കൂടാരം നിർമിച്ചു; പുറം കൂടാരത്തിൽ വിളക്കുതണ്ടും മേശയും കാഴ്ചയപ്പവും ഉണ്ടായിരുന്നു; അതിന്റെ പേര് വിശുദ്ധസ്ഥലം എന്നായിരുന്നു. രണ്ടാം വിരിക്കുപിന്നിൽ അതി വിശുദ്ധ സ്ഥലം എന്നു വിളിക്കപ്പെട്ട ഒരു കൂടാരം, അതിൽസ്വർണംകൊണ്ടുള്ള ധൂപപീഠവും ചുറ്റും സ്വർണം പൊതിഞ്ഞ പേടകവും; പേടകത്തിൽ മന്നാ അടക്കം ചെയ്ത സുവർണ കലശവും അഹറോന്റെ പുഷ്പിച്ച വടിയും ഉടമ്പടിപ്പലകകളും, അതിന്നുമീതെ കൃപാസനത്തിന്മേൽ നിഴൽ വിരിക്കുന്ന മഹത്ത്വമേറിയ കെരൂബുകൾ. ഇപ്പോൾ ഇക്കാര്യങ്ങൾ നമുക്ക് ഇവിടെ വിവരിക്കാൻ സാധ്യമല്ല. ഇങ്ങനെഎല്ലാം ഒരുക്കിയശേഷം പുരോഹിതർ നിരന്തരം പുറംകൂടാരത്തിൽ പ്രവേശിച്ചു ശുശ്രൂഷകൾ അനുഷ്ഠിക്കുന്നു. എന്നാൽ രണ്ടാമത്തെ കൂടാരത്തിൽ, മഹാപുരോഹിതൻ മാത്രം. അതും വത്സരത്തിൽ ഒരിക്കൽ, തനിക്കു വേണ്ടിയും ജനത്തിന്റെ തെറ്റുകൾക്കുവേണ്ടിയും അർപ്പിക്കാനുള്ള രക്തവുമായി പ്രവേശിക്കുന്നു. പുറംകൂടാരം നിലനില്ക്കുന്നിടത്തോളം കാലം, ഇനിയും വിശുദ്ധസ്ഥലത്തേക്കുള്ള വഴി തുറക്കപ്പെട്ടിട്ടില്ല എന്നാണ് ഇതുകൊണ്ടു പരിശുദ്ധാത്മാവു സൂചിപ്പിക്കുന്നത് (ഇത് ഈ കാലഘട്ടത്തിന്റെ പ്രതീകമാണ്). ഈ ക്രമീകരണത്തിൽ, ആരാധകന്റെ മനസ്സാക്ഷിയെ അന്യൂനമാക്കാൻ ഉതകാത്ത വഴിപാടുകളും ബലികളുമാണ് അർപ്പിക്കുന്നത്. ഭക്ഷണപാനീയങ്ങൾ, വിവിധ പ്രക്ഷാളനങ്ങൾ എന്നിവ സംബന്ധിച്ച ശാരീരിക നിബന്ധനകൾ മാത്രമാണ് ഇവ; ഇവ നവീകരണകാലംവരെ മാത്രം നിലനിന്നു.*

*എന്നാൽ സമാഗതമായിരിക്കുന്ന നല്ല കാര്യങ്ങളുടെ മഹാപുരോഹിതനായി ക്രിസ്തു പ്രത്യക്ഷപ്പെട്ടു; മനുഷ്യനിർമിതമല്ലാത്ത, അതായത് ഭൗമികമല്ലാത്ത മഹത്തരവും മികവുറ്റതുമായ കൂടാരത്തിലൂടെ അവൻ ഒരിക്കൽമാത്രം വിശുദ്ധസ്ഥലത്തു പ്രവേശിച്ചു; കോലാടുകളു*

ടെയോ കാളക്കുട്ടികളുടെയോ രക്തവുമായിട്ടല്ല, സ്വന്തം രക്തവുമായി അവൻ അവിടെ പ്രവേശിച്ചു നിത്യമായ വീണ്ടെടുപ്പു സാധിച്ചു. കോലാടുകളുടെയും കാളകളുടെയും രക്തം തളിക്കുകയും പശുക്കുട്ടിയുടെ ചാരം വിതറുകയും ചെയ്താൽ, ശാരീരികമായ അശുദ്ധി നീങ്ങി, അശുദ്ധർ ശുദ്ധീകരിക്കപ്പെടും. അങ്ങനെയെങ്കിൽ, കുറ്റമറ്റവനായി നിത്യാത്മാവിലൂടെ തന്നെത്തന്നെ ദൈവത്തിന് അർപ്പിച്ച ക്രിസ്തുവിന്റെ രക്തം എത്രയധികമായി നിങ്ങളുടെ മനസ്സാക്ഷിയെ ജീവനുള്ള ദൈവത്തിന്റെ ശുശ്രൂഷയ്ക്കായി നിർജീവ പ്രവൃത്തികളിൽനിന്നു ശുദ്ധീകരിക്കും!

അതുകൊണ്ട് വാഗ്ദാനം ചെയ്തിരിക്കുന്ന നിത്യാവകാശം വിളിക്കപ്പെട്ടവർ നേടേണ്ടതിന്, ആദ്യ ഉടമ്പടിയുടെ കീഴിലെ അതിക്രമങ്ങളിൽ നിന്ന് അവരെ വീണ്ടെടുക്കുന്ന ഒരു മരണംവഴി, അവൻ ഒരു പുതിയ ഉടമ്പടിയുടെ മധ്യസ്ഥനായി. മരണപത്രം എഴുതിയവന്റെ മരണം സ്ഥിരീകരിക്കപ്പെടണം. മരണശേഷമേ മരണപത്രം പ്രാബല്യത്തിലാകൂ; എഴുതിയ വൻ ജീവിച്ചിരിക്കുവോളം അതു നടപ്പിലാകയില്ല. ആദ്യ ഉടമ്പടിയും രക്തം കൂടാതെയല്ല സ്ഥിരീകരിച്ചത്. നിയമത്തിലെ ഓരോ കല്പനയും സർവ ജനങ്ങളോടും ഉദ്ഘോഷിച്ച ശേഷം മോശെ കാളക്കുട്ടികളുടെയും കോലാടുകളുടെയും രക്തം എടുത്തു വെള്ളം കലർത്തി ചെമന്ന ആട്ടിൻരോമവും ഈസോപ്പും ഉപയോഗിച്ചു പുസ്തകത്തിന്മേലും സർവജനങ്ങളുടെമേലും തളിച്ചു; അയാൾ ഇങ്ങനെ പറഞ്ഞു: 'ഇതു ദൈവം നിങ്ങൾക്കു കല്പിച്ചുതന്ന ഉടമ്പടിയുടെ രക്തമാകുന്നു.' ഇപ്രകാരം തന്നെ ആ രക്തം കൂടാരത്തിന്മേലും ആരാധനയ്ക്കുള്ള എല്ലാ പാത്രങ്ങളിന്മേലും അയാൾ തളിച്ചു. അതേനിയമപ്രകാരം ഏതാണ്ട് എല്ലാംതന്നെ രക്തത്താലാണു ശുദ്ധീകരിക്കപ്പെടുക; രക്തം ചിന്താതെ പാപമോചനമില്ല.

അങ്ങനെ സ്വർഗീയമായവയുടെ പ്രതിരൂപങ്ങൾ ഈ അനുഷ്ഠാനങ്ങളാൽ ശുദ്ധീകരിക്കപ്പെടുക ആവശ്യമായിരുന്നു. എന്നാൽ സ്വർഗീയമായവയ്ക്ക് ഇവയെക്കാൾ മികച്ച ബലികൾ ആവശ്യമാണ്. മനുഷ്യനിർമിതവും യഥാർഥമായതിന്റെ പ്രതിരൂപവുമായ ഒരു വിശുദ്ധ സ്ഥലത്തേക്കല്ല, ഇപ്പോൾ നമുക്കുവേണ്ടി ദൈവസന്നിധിയിൽ നില്ക്കാൻ സ്വർഗത്തിലേക്കുതന്നെയാണ് ക്രിസ്തു പ്രവേശിച്ചത്. ഇതു വത്സരംതോറും തന്റേതല്ലാത്ത രക്തവുമായി വിശുദ്ധസ്ഥലത്തു പ്രവേശിക്കുന്ന മഹാപുരോഹിതനെപ്പോലെ വീണ്ടും വീണ്ടും സ്വയം അർപ്പിക്കാനുമായിരുന്നില്ല. അങ്ങനെ ആയിരുന്നെങ്കിൽ ലോകസ്ഥാപനം മുതൽ പലവട്ടം അവൻ പീഡ സഹിക്കേണ്ടിവരുമായിരുന്നു. ഇപ്പോഴാകട്ടെ, തന്നെത്തന്നെ ബലിയർപ്പിച്ചു പാപം നീക്കിക്കളയാൻ കാലത്തിന്റെ തികവിൽ ഒരിക്കൽമാത്രം അവൻ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. മനുഷ്യർ ഒരിക്കൽ മരിക്കണം. പിന്നെ വിധി നടക്കണം എന്നതാണു നിശ്ചയം. ഇതുപോലെ,

*അനേകരുടെ പാപങ്ങൾ സംവഹിക്കാൻ ഒരിക്കൽ ബലിയർപ്പിക്കപ്പെട്ട ക്രിസ്തു രണ്ടാമതും പ്രത്യക്ഷപ്പെടും; ഇതു പാപത്തിന്റെ കാര്യത്തിന്നല്ല, തന്നെ ആകാംക്ഷാപൂർവം പാർത്തിരിക്കുന്നവരെ രക്ഷിക്കാനാണ്.*

*വരാനിരിക്കുന്ന നല്ലകാര്യങ്ങളുടെ നിഴൽ മാത്രമാണു നിയമത്തിലുള്ളത്; അവ യാഥാർത്ഥ്യങ്ങളുടെ തനിരൂപമല്ല. അതുകൊണ്ട്, വത്സരംതോറും തുടർച്ചയായി അർപ്പിക്കപ്പെടുന്ന ഒരേ ബലികളാൽ, ഒരിക്കലും ആരാധകരെ പരിപൂർണരാക്കാൻ അതിന്നു സാധ്യമല്ല. അതു സാധ്യമായിരുന്നെങ്കിൽ ബലിയർപ്പണങ്ങൾതന്നെ നിന്നുപോകുമായിരുന്നില്ലേ? ആരാധകർ ഒരിക്കൽ ശുദ്ധീകൃതരായെങ്കിൽ, അവർക്കു പിന്നീടൊരിക്കലും പാപബോധം ഉണ്ടാകുമായിരുന്നില്ല. എന്നാൽ ഈ ബലികൾ വത്സരംതോറും പാപം അനുസ്മരിപ്പിക്കുന്നു. കാരണം, പാപങ്ങൾ നീക്കിക്കളയാൻ കാളകളുടെയും കോലാടുകളുടെയും രക്തത്തിന്നു സാധ്യമല്ല. തന്മൂലം ലോകത്തിലേക്കു വന്നപ്പോൾ ക്രിസ്തു അരുൾചെയ്തു: 'ബലികളും വഴിപാടുകളും നീ ആഗ്രഹിച്ചില്ല, മറിച്ച്, എനിക്കൊരു ശരീരം നീ ഒരുക്കിയിരിക്കുന്നു; ഹോമബലികളിലും പാപബലികളിലും നീ പ്രസാദിച്ചില്ല. അപ്പോൾ, എന്നെക്കുറിച്ചു പുസ്തകചുരുളിൽ എഴുതിയിരിക്കുന്നതുപോലെ, ഞാൻ പറഞ്ഞു: ദൈവമേ, നിന്റെ തിരുഹിതം നിറവേറ്റാൻ, ഇതാ, ഞാൻ എത്തിയിരിക്കുന്നു." (നിയമപ്രകാരം അർപ്പിക്കപ്പെടുന്ന) 'ബലികളും വഴിപാടുകളും, ഹോമബലികളും പാപബലികളും നീ ആഗ്രഹിക്കയോ അവയിൽ പ്രസാദിക്കുകയോ ചെയ്തില്ല' എന്നു പറഞ്ഞിട്ട് അവൻ തുടരുന്നു: 'നിന്റെ തിരുഹിതം നിറവേറ്റാൻ ഇതാ, ഞാൻ എത്തിയിരിക്കുന്നു.' രണ്ടാമത്തേതു സ്ഥാപിക്കാൻ ഒന്നാമത്തേത് അവൻ നീക്കിക്കളയുന്നു. ആ തിരുഹിതത്താൽ, യേശുക്രിസ്തുവിന്റെ ശരീരം എന്നെന്നേക്കുമായി ഒരിക്കൽ ബലിയർപ്പിക്കപ്പെട്ടതുവഴി, നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. ഒരിക്കലും പാപങ്ങൾ നീക്കിക്കളയാൻ കഴിയാത്ത ഒരേ ബലികൾതന്നെ വീണ്ടും വീണ്ടും അർപ്പിച്ചുകൊണ്ട് ഓരോ പുരോഹിതനും നിത്യവും ശുശ്രൂഷ ചെയ്തു നില്ക്കുന്നു.*

*എന്നാൽ ക്രിസ്തു പാപങ്ങൾക്കുവേണ്ടി എന്നെന്നേക്കുമുള്ള തന്റെ ഏകബലി അർപ്പിച്ചശേഷം ദൈവത്തിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായി; പിന്നെ തന്റെ ശത്രുക്കളെ തന്റെ പാദപീഠമാക്കുവോളം അവൻ കാത്തിരിക്കുന്നു. വിശുദ്ധീകരിക്കപ്പെട്ടവരെ, ഏകബലിയാൽ അവൻ എന്നെന്നേക്കും പരിപൂർണരാക്കി. പരിശുദ്ധാത്മാവും നമുക്കു സാക്ഷ്യം നല്കുന്നു: 'ആ ദിനങ്ങൾ കഴിഞ്ഞു ഞാൻ അവരുമായി ഉണ്ടാക്കുന്ന ഉടമ്പടി ഇതാണ്; കർത്താവ് അരുൾചെയ്യുന്നു: എന്റെ നിയമങ്ങൾ അവരുടെ ഹൃദയങ്ങളിൽ ഞാൻ പ്രതിഷ്ഠിക്കും; അവ അവരുടെ മനസ്സുകളിൽ എഴുതും' എന്ന് അരുൾചെയ്തശേഷം അവൻ തുടരുന്നു: 'അവരുടെ പാപങ്ങളും അകൃത്യങ്ങളും ഇനി ഞാൻ ഓർമിക്കയില്ല.' ഇവയ്ക്കു മോചനം ഉള്ളിടത്തുപിന്നെ പാപത്തിന്നു ബലിയേ ഇല്ല.*

*അതുകൊണ്ട് സഹോദരരേ, യേശുവിന്റെ രക്തത്താൽ വിശുദ്ധസ്ഥലത്തു പ്രവേശിക്കാൻ നമുക്കു ധൈര്യമുണ്ട്; തിരശ്ശീലയിലൂടെ, അതായതു തന്റെ ശരീരത്തിലൂടെ, അവൻ നമുക്കു ജീവനുള്ള പുതുവഴി തുറന്നുതന്നിരിക്കുന്നു. ദൈവഭവനത്തിന്റെ മേല്‍വിചാരകനായി നമുക്ക് ഒരു മഹാപുരോഹിതനും ഉണ്ട്. അതിനാൽ, ദുഷ്ട മനസ്സാക്ഷിയിൽനിന്നു തളിച്ചു ശുദ്ധീകരിക്കപ്പെട്ട നമ്മുടെ ഹൃദയങ്ങളോടും ശുദ്ധജലത്താൽ കഴുകപ്പെട്ട നമ്മുടെ ശരീരങ്ങളോടുംകൂടെ, വിശ്വാസത്തിന്റെ പൂർണഉറപ്പുള്ള സത്യഹൃദയത്തോടെ നമുക്ക് അടുത്തുചെല്ലാം. വാഗ്ദാനം നല്കിയവൻ വിശ്വസ്തനാകയാൽ നമ്മുടെ പ്രത്യാശ ഏറ്റുപറയുന്നതിൽ അചഞ്ചലരായി നമുക്ക് ഉറച്ചു നില്ക്കാം; സ്നേഹിക്കാനും സൽപ്രവൃത്തികൾ ചെയ്യാനും എങ്ങനെ അന്യോന്യം ഉത്തേജിപ്പിക്കാം എന്നു പരിഗണിക്കാം. ഒരുമിച്ചുകൂടുന്നതിൽ, ചിലർ ശീലമാക്കിയിരിക്കുന്നതുപോലെ, നാം വീഴ്ച വരുത്തരുത്. മറിച്ച്, ആ ദിനം അടുത്തടുത്തുവരുന്നതുകൊണ്ട് ഏറെയേറെ അന്യോന്യം ഉത്തേജിപ്പിക്കുക.*

*സത്യത്തിന്റെ അറിവുലഭിച്ച ശേഷം നാം മനപ്പൂർവം പാപം ചെയ്താൽ, പാപങ്ങൾക്കുവേണ്ടി ഇനിയൊരു ബലിയില്ല; മറിച്ച്, ന്യായവിധിയെക്കുറിച്ചുള്ള ഭയങ്കരമായ പ്രതീക്ഷയും പ്രതിയോഗികളെ വിഴുങ്ങുന്ന അഗ്നിയുടെ ക്രോധവുമാണുള്ളത്. മോശെയുടെ നിയമം ലംഘിക്കുന്നവൻ രണ്ടോ മൂന്നോ സാക്ഷികളുടെ തെളിവിന്മേൽ നിഷ്കരുണം മരിക്കുന്നു. മനുഷ്യപുത്രനെ ചവിട്ടിമെതിക്കയും തന്നെ വിശുദ്ധീകരിച്ച ഉടമ്പടിയുടെ രക്തത്തെ നിസ്സാരമാക്കയും കൃപയുടെ ആത്മാവിനെ നിന്ദിക്കയും ചെയ്തവൻ അതിലും എത്ര കഠിനതരമായ ശിക്ഷയ്ക്കാണ് അർഹനാകുക എന്ന് ആലോചിക്കുക! കാരണം, 'പ്രതികാരം എന്റേതാണ്, ഞാൻ പകരംവീട്ടും' എന്നും 'കർത്താവു തന്റെ ജനത്തെ ന്യായം വിധിക്കും' എന്നും പറഞ്ഞവനെ നമുക്ക് അറിയാം. ജീവനുള്ള ദൈവത്തിന്റെ കയ്യിൽ അകപ്പെടുന്നതു ഭയങ്കരംതന്നെ!*

*പ്രബോധിതരായശേഷം യാതനകളോടു നിങ്ങൾ പൊരുതിനിന്ന ആ പൂർവകാല ദിനങ്ങൾ അനുസ്മരിക്കുക; ചിലപ്പോൾ നിങ്ങൾ പരസ്യമായ നിന്ദനത്തിന്നും പീഡനത്തിന്നും വിധേയരായി; മറ്റു ചിലപ്പോൾ, നിങ്ങൾ അങ്ങനെ വിധേയരായവരുടെ കൂട്ടാളികളായി. കാരണം, തടവിലായിരുന്നവരോടു നിങ്ങൾ അനുകമ്പ കാണിച്ചു; ഉത്തമവും ശാശ്വതവുമായ സമ്പത്തു നിങ്ങൾക്കുണ്ടെന്ന് അറിയാമായിരുന്നതുകൊണ്ട്, നിങ്ങളുടെ സ്വത്ത് അപഹരിക്കപ്പെട്ടപ്പോൾ, നിങ്ങൾ ആനന്ദപൂർവം അതു സഹിച്ചു. നിങ്ങളുടെ ആത്മധൈര്യം വെടിയരുത്; അതിന്നു വലിയ പ്രതിഫലമുണ്ട്. ദൈവത്തിന്റെ തിരുമനസ്സു നിറവേറ്റാനും വാഗ്ദാനം ചെയ്തിരിക്കുന്നതു പ്രാപിക്കാനും നിങ്ങൾക്കു സഹനശക്തി ആവശ്യമാണ്. 'കാരണം, ഇനി അല്പ സമയമേ കഴിയേണ്ടൂ, വരാനിരിക്കുന്നവൻ വരും, വൈകുകയില്ല; എന്നാൽ എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും;*

*അയാൾ ഒഴിഞ്ഞുമാറുന്നെങ്കിൽ, എന്റെ ആത്മാവ് അയാളിൽ പ്രസാദിക്കുകയില്ല.' നാമോ, ഒഴിഞ്ഞുമാറി നശിക്കുന്നവരുടെ കൂട്ടത്തിലല്ല, വിശ്വസിച്ച് ആത്മരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലാണ്."* (എബ്രാ. 7 : 23-28, 8, 9, 10 : 1 - 39)

എബ്രായരുടെ ലേഖനം ഇത്രയും ദീർഘമായി ഉദ്ധരിച്ചത് പുതിയ നിയമത്തിന്റെ വ്യവസ്ഥകളാൽ ബന്ധിക്കപ്പെട്ടിരിക്കുന്ന ക്രിസ്ത്യാനികൾക്കുള്ള അനുഗ്രഹത്തെക്കുറിച്ച് വിശ്വാസികളെ ബോധ്യപ്പെടുത്താനുള്ള പലതരം ബലികൾ പാപമോചനത്തിനായി ഇനി ഇല്ല. ക്രിസ്തു കാൽവരി മലമുകളിൽ അർപ്പിച്ച ഏകബലി മനുഷ്യരുടെ പാപങ്ങൾക്കെല്ലാം പരിഹാരമാണ്. മനുഷ്യപാപങ്ങൾക്ക് തുല്യമായ പരിഹാരം ചെയ്യാൻ മനുഷ്യനു അസാധ്യമാണ്. തന്റെ ഏക ബലിയിലൂടെ മനുഷ്യപാപങ്ങൾക്ക് ക്രിസ്തു പരിഹാരം ചെയ്തു. ദൈവം കാരുണ്യവാനാണ് പാപങ്ങൾക്ക് ശിക്ഷ നൽകുന്നതിനേക്കാൾ കൂടുതൽ രക്ഷിക്കുന്നതിനാണ് യേശു കാൽവരിയിൽ മരിച്ചത്. ഒരു വലിയ ഭാരം മനുഷ്യനിൽനിന്നും ക്രിസ്തു എടുത്തുമാറ്റുകയും തന്റെ ഏകബലികൊണ്ട്പാപികളായ മനുഷ്യനെ ദൈവത്തിന് യോഗ്യനാക്കുകയും ചെയ്തു. യേശു മനുഷ്യപാപങ്ങൾ തന്റെ ഏകബലിയിലൂടെ പരിഹാരമായി പിതാവിനർപ്പിച്ചു. ഇതാണ് യേശു പഠനത്തിന്റെ രഹസ്യം.

●●


## പാറേമ്മാക്കൽ ഗോവർണദോറുടെ വർത്തമാനപ്പുസ്തകം (മൂന്നാം പതിപ്പ്)

കേരള സഭയുടെ ആദ്ധ്യാത്മിക പിതാവും സഭയെ വിദേശാധിപത്യത്തിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടിയുള്ള സഹന സമരത്തിന്റെ നേതാവുമായിരുന്ന പാറേമ്മാക്കൽ ഗോവർണദോറുടെ വർത്തമാനപ്പുസ്തകത്തിന്റെ മൂന്നാം പതിപ്പ് പ്രസിദ്ധീകരിച്ചിരിക്കുന്നു. നല്ല മേനികടലാസിൽ അച്ചടിച്ച് ആധുനിക മലയാളഭാഷയിൽ പരാവർത്തനം ചെയ്ത ഈ ഗ്രന്ഥം സഭാചരിത്ര പഠിതാക്കൾക്ക് ഒരു കൈപ്പുസ്തകമാണ്.

പരാവർത്തനം : പ്രൊഫ. മാത്യു ഉലകംതറ

വില 125/- രൂപ.

പത്തുകോപ്പികൾ എടുക്കുന്നവർക്ക് ഒരു കോപ്പിക്ക് 100 രൂപ മാത്രം.

വിലാസം : ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്, ഓശാനമൗണ്ട്, ഇടമറ്റം പി.ഒ, ഭരണങ്ങാനം, കോട്ടയം- 686578

# ചില ദീപിക സ്മരണകൾ

**ജയിംസ് ഐസക്**

ബാല്യത്തിൽ വായിക്കാനിടയായ ചില കഥാഗ്രന്ഥങ്ങളും നാടകങ്ങളും മനസ്സിൽ ആഴമേറിയ ചിന്തകൾക്കു കാരണമാകുമായിരുന്നു. അമ്മൂമ്മക്കഥകൾ എന്നു വിശേഷിപ്പിക്കാവുന്ന പഴയകാല നാടകങ്ങൾ സിനിമകളായും കാണാൻ ഇടയായിട്ടുണ്ട്. ജ്ഞാനസുന്ദരി, നല്ല തങ്കൾ, ജനോവാ ചരിതം തുടങ്ങിയ പഴയ കഥകൾക്കു ചില ആകർഷണ ശക്തികൾ ഉണ്ടായിരുന്നു. സത്ഗുണങ്ങൾ നിറഞ്ഞ മുഖ്യകഥാപാത്രങ്ങൾ. എല്ലാവിധ സൗഭാഗ്യങ്ങളും അനുഭവിച്ചു കൊട്ടാരങ്ങളിൽ കഴിയുമ്പോൾ ചില ദുഷ്ടകഥാപാത്രങ്ങൾ അസൂയനിറഞ്ഞ് ദുരന്തങ്ങൾ ഒരുക്കുന്നു. ഒട്ടേറെ ദുരിതങ്ങൾക്കു ശേഷം ഉത്തമകഥാപാത്രങ്ങളെല്ലാവരും ദൈവാനുഗ്രഹത്താൽ വിജയം നേടി എല്ലാം ശുഭമായി പര്യവസാനിക്കുന്നു.

വായനയുടെ ഗതി മാറി. പണ്ടു വായിച്ചിരുന്ന അമ്മൂമ്മക്കഥകൾ ഇന്നും മറന്നിട്ടില്ല. എങ്കിലും അവ വായിച്ചു നേരം കളയാൻ ഇന്നു തോന്നാറില്ല. എന്നാൽ സ്ത്രീകൾ ഇക്കാലത്തും കണ്ണീർ സീരിയലുകൾ കണ്ടു സമയം കളയാറുണ്ട്. ഇപ്പോൾ ഇതൊക്കെ ചിന്തിക്കുവാൻ കാരണമുണ്ട്.

കേരള കത്തോലിക്കരുടെ സാംസ്കാരിക വളർച്ചയുടെ കഥ വായിച്ച് ആസ്വദിക്കുവാൻ അവസരം ലഭിച്ചു. 'ദീപിക ചരിത്രത്തിന്റെ ദീപ ശിഖ - 1887 - 1989' എന്ന ബൃഹത് ഗ്രന്ഥം വായിച്ചു തീർത്തപ്പോൾ വലിയ ഒരു സംതൃപ്തി അനുഭവപ്പെട്ടു. റവ.ഡോ. തോമസ് ഐക്കര സി.എം.ഐ. റ്റി.സി. മാത്യു എന്നീ ഉജ്ജ്വല പ്രതിഭാശാലികൾ ഏതാനും വർഷങ്ങൾ ചെലവഴിച്ചു ശ്രദ്ധാപൂർവം തയ്യാറാക്കിയ ഈ ഗ്രന്ഥം വെറും ഭാവനാ സൃഷ്ടിയല്ല. കേരള കത്തോലിക്കാ സമൂഹത്തിന്റെ ഐതിഹാസിക ചരിത്രം തന്നെയാണ്.

ചരിത്രത്തിന്റെ ദീപ ശിഖ എന്നവകാശപ്പെടുന്ന ഈ ഗ്രന്ഥം തീർച്ചയായും കേരള കത്തോലിക്കന് അഭിമാനം നൽകുന്ന സത്വെളിച്ചം തന്നെയാണ്. ദീപികയുടെ വളർച്ചയെക്കുറിച്ചു വളരെ ഭംഗിയായി വിവരിച്ചുവെങ്കിലും തളർച്ചയെക്കുറിച്ചു പറയാൻ ഗ്രന്ഥകർത്താക്കൾ ധൈര്യപ്പെട്ടില്ല. 1989-നു ശേഷമുള്ള തളർച്ചയുടെ കഥയും കേൾക്കാൻ ആഗ്രഹം തോന്നുന്നു. വായനാവേളയിൽ ഒരു പേജുപോലും ആഴമേറിയ ചിന്തയോടെയല്ലാതെ മറിക്കാൻ സാധിച്ചില്ല. കേരള കത്തോലിക്കാ സഭയിൽ ജീവിച്ച പുരോഹിതരും അത്മായരുമായ മഹത് വ്യക്തികൾ ഈ നാടിനും സഭയ്ക്കും കേരള സമൂഹത്തിനുംവേണ്ടി എന്തു ചെയ്തു എന്ന് ഗവേഷണം നടത്തി സ്ഥാപിച്ചിരിക്കുന്നു. ദീപികയുടെ ചരിത്ര സംഭവങ്ങൾ എല്ലാം തന്നെ ഗ്രന്ഥകർത്താക്കൾ സസൂക്ഷ്മം അവതരിപ്പിച്ചിട്ടുണ്ട്. എങ്കിലും

ചില അപ്രിയ സത്യങ്ങളെക്കുറിച്ച് അറിയാൻ ആഗ്രഹം തോന്നുന്നു. മറുപടി എവിടെ നിന്നു ലഭിക്കുമെന്നറിഞ്ഞു കൂടാ. ഓശാനയിൽ ശ്രീ. ജോസഫ് പുലിക്കുന്നേൽ ദീപിക കാര്യങ്ങൾ ഇതിനകം പലവട്ടം എഴുതിയിട്ടുണ്ട്. മറുപടി പറയാൻ കഴിവുള്ളവരിൽനിന്ന് ഒരു ചർച്ച ആഗ്രഹിക്കുന്നു.

1986 ഫെബ്രുവരി 8-ന് ദീപികയുടെ ശതാബ്ദി ആഘോഷങ്ങൾ മാർപാപ്പാ ജോൺപോൾ രണ്ടാമൻ കോട്ടയത്ത് ഉൽഘാടനം ചെയ്തു. തുടക്കം മുതൽ സി. എം.ഐ സന്യാസസഭയുടെ മേൽനോട്ടത്തിൽ പ്രസിദ്ധീകരിച്ച ദീപിക കേരളത്തിലെ കത്തോലിക്കരുടെ പത്രമെന്ന പേരിൽ വലിയ യശസ്സു നേടിയിരുന്നു. മാന്നാനത്തു ആശ്രമം സ്ഥാപിച്ചതിനു ശേഷം സി.എം.ഐ സഭ ലോക കത്തോലിക്കാ സഭയിൽ തന്നെ സാമ്പത്തികമായി ഉന്നത ശ്രേണിയിലേക്കു വളർന്നു കഴിഞ്ഞിരുന്നു.

തേവര സേക്രട്ട് ഹാർട്ട് കോളേജ്, കോഴിക്കോടു ദേവഗിരി കോളേജ്, മാന്നാനം കെ.ഇ. കോളേജ്, തുടങ്ങിയ ആർട്സ് കോളേജുകൾ കൂടാതെ ബാംഗ്ളൂർ ധർമ്മാരാം കോളേജും സെമിനാരിയും വിമല കാൻസർ സെന്ററും സ്ഥാപിച്ചു സംരക്ഷിച്ചുകൊണ്ടു പോന്നിരുന്ന സി.എം. സഭയ്ക്കു 'ദീപിക എന്ന ദിനപത്രത്തിന്റെ പേരിൽ വലിയ കടബാധ്യത ഉണ്ടായതിന്റെ പശ്ചാത്തലം എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ല. ലോകമെങ്ങുമായി അനേക കോടികളുടെ ആസ്തി ഉണ്ടായിട്ടും ഇതെങ്ങനെ സംഭവിച്ചു? ഇരുൾ മൂടിയ ഒരു അധ്യായം ദീപികയുടെ ചരിത്രകഥയിലുണ്ട്.

അമേരിക്കയിലും ബൽജിയത്തിലും ഉള്ള ഉന്നത സർവകലാശാലകളിൽ മാനേജ്മെന്റ് പഠനം പൂർത്തിയാക്കിയ പ്രതിഭാ ശാലികളായ പുരോഹിതന്മാരാണ് ദീപികയുടെ മാനേജിംഗ് ഡയറക്ടർ എന്ന സ്ഥാനത്ത് നിയോഗിതരായിരുന്നത്. ദീപികയുടെ കോട്ടയം ഓഫീസിലും തൃശൂർ ഓഫീസിലും തൊഴിൽ തർക്കങ്ങൾ ഉയർന്ന കാലത്ത് പ്രഗത്ഭരായ പുരോഹിത ശ്രേഷ്ഠന്മാരുടെ പ്രത്യേക കഴിവുകളൊന്നും അറിയപ്പെട്ടില്ല എന്നതു ചിന്താർഹമായിരിക്കുന്നു.

ദീപികയുടെ ജൂബിലി വർഷം പ്രഖ്യാപിച്ചതിനെതുടർന്നു വലിയ ഒരു അധഃപതനമാണു കാണുന്നത്. പത്രത്തെ രക്ഷപെടുത്താൻ കത്തോലിക്ക മെത്രാന്മാരെയാണു സഭ നിയുക്തരാക്കിയത്. അതിൽ ഒരു മെത്രാൻ വിദേശയാത്രയിൽ കൂടുതൽ ആവേശമുള്ളയാളായിരുന്നു. കോടീശ്വരനായ ഒരു മുസ്ലീം യുവാവ് ഈ ബിഷപ്പിന്റെ സൗഹൃദം നേടി. പിന്നീടു കേൾക്കുന്നത് ഈ മുസ്ലീം വ്യവസായ പ്രമുഖൻ ദീപിക പത്രം മുടങ്ങാതെ പ്രസിദ്ധീകരിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായം നൽകിയെന്നാണ്. ഇവിടെ മനസ്സിലാക്കാൻ പ്രയാസമായിരിക്കുന്നത് ഫാരിസ് മുഹമ്മദ് എന്ന ഈ വ്യവസായി ദീപികയെ ആപത്വേളയിൽ സഹായിക്കുക ആയിരുന്നോ അതോ അവസരമുപയോഗിച്ചു സ്വന്തം വ്യവസായം വളർത്തുക ആയിരുന്നോ എന്നതാണ്.

ദീപിക ചരിത്രത്തിന്റെ ദീപശിഖ വായിച്ചിട്ടു ഫാരിസ് മുഹമ്മദിന്റെ അവസരോചിതമായ സഹായത്തെക്കുറിച്ച് ഒന്നുംതന്നെ കാണുന്നില്ല. ദീപികയുടെ പ്രയാണത്തിൽ ഈ കഥാപാത്രത്തിന്റെ പങ്ക് ആരു രേഖപ്പെടുത്തും? അതും ചരിത്ര വസ്തുതയല്ലേ?

കാഞ്ഞിരപ്പള്ളി ബിഷപ്പിനു ദീപിക കൈമാറുവാനുള്ള അധികാരം ആരു നൽകി? ദീപിക പത്രത്തിന്റെ ഉടമസ്ഥാവകാശം ഫാരിസ് മുഹമ്മദിനു കൈമാറാൻ ഇടയായ ചരിത്രം ദീപിക ദീപശിഖയായി അവതരിപ്പിച്ചവർ പറയാൻ മടിച്ചതാണോ? മാർക്സിസ്റ്റ് പാർട്ടിക്കും ദീപികയുടെ ഷെയർ വന്നു ചേർന്നു എന്ന് അക്കാലത്തു വാർത്തയുണ്ടായിരുന്നു. അതെങ്ങനെ സംഭവിച്ചു?

പിന്നീട് കേരള കത്തോലിക്കാ സഭയിൽ നടന്ന മാറ്റങ്ങൾ രഹസ്യങ്ങളാണ്. ഏതാനും കത്തോലിക്കാ മെത്രാന്മാർ രണ്ടും കൽപിച്ചിറങ്ങി. കോടികൾ വാരിയെറിഞ്ഞ് ഫാരിസിൽനിന്നു ദീപിക പിടിച്ചുവാങ്ങി. കേരള കത്തോലിക്കരുടെ പത്രമാക്കി വീണ്ടെടുക്കാൻ മെത്രാന്മാർക്കു ഒരു വിഷമവും നേരിട്ടില്ല. അപ്പോൾ ജനം അറിയാത്ത ചില രഹസ്യങ്ങൾ ഉണ്ട്. ഇവിടെ മെത്രാന്മാർ വിചാരിച്ചാൽ എത്രകോടികൾ വേണമെങ്കിലും പുറത്തു കൊണ്ടുവരാം. ചോദിച്ച തുക മുഴുവൻ മെത്രാന്മാർനൽകി ദീപിക സമുദായത്തിനായി വീണ്ടെടുത്തു. അഭിമാനം സംരക്ഷിക്കാൻ നമ്മുടെ മെത്രാന്മാർക്കു കോടികൾ നിസ്സാരം. സഭയിൽ ഭൂരിപക്ഷവും സാധാരണക്കാരായ വിശ്വാസികളായിരിക്കെ കോടികൾ രഹസ്യദാനങ്ങൾ നല്കാൻ ഈ മെത്രാന്മാർക്ക് എവിടെ നിന്നു കിട്ടുന്നു പണം! മെത്രാന്മാരും സന്യാസ സഭാധികാരികളും അനേകകോടികൾ സമ്പാദിച്ചുകൂട്ടിയ കഥകൾക്കുമുമ്പിൽ ദീപികയുടെ കഥ അവതരിപ്പിച്ചവർ ചിലതൊക്കെ മറച്ചുവെച്ചില്ലേ എന്നാണു സംശയം. ദീപികയുടെ കഥയിൽ ആരായിരുന്നു വില്ലൻ എന്നു തെളിയുന്നില്ല. ലോകം മുഴുവൻ നിനക്കു നേടാം, എന്നെ ആരാധിക്കുക എന്ന സാത്താന്യ ഉപദേശമാണു കേരള കത്തോലിക്കാ സഭയിൽ പ്രാവർത്തികമായതെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ദീപികയുടെ നിയന്ത്രണം സി.എം.ഐ സന്യാസ വൈദികരുടെ പൂർണ ചുമതലയിലായിരുന്ന പഴയ കാലത്തു നടന്ന ഒരു സംഭവം.

ആലപ്പുഴയിൽനിന്നു ഗർഭരക്ഷാ ഗുളികയും പ്രസൂതികാരിഷ്ടവും നിർമ്മിക്കുന്ന ഒരു മരുന്നു കമ്പനിക്കാർ തങ്ങളുടെ പരസ്യം ദീപികയ്ക്കു നൽകാൻ ഓഫീസിൽ വന്നു. ഒരു കുഞ്ഞിന് അമ്മ മുലകൊടുക്കുന്നതിന്റെ ആകർഷകമെന്നു കരുതാവുന്ന ചിത്രവും അവർ കൊണ്ടു വന്നിരുന്നു. പരസ്യം പത്രത്തിൽ കൊടുക്കാം. പക്ഷേ കുഞ്ഞിനു പാലു കൊടുക്കുന്ന ചിത്രം അശ്ലീലമായതിനാൽ പത്രത്തിൽ കൊടുക്കാൻ മാനേജിംഗ് ഡയറക്ടറായ സന്യാസ വൈദികൻ സമ്മതിച്ചില്ല. ഒരു കാരണവശാലും

പത്രം അശ്ലീല കാര്യങ്ങൾക്കു കൂട്ടു നിൽക്കുകയില്ല എന്നായിരുന്നു വൈദികന്റെ താൽപര്യം.

ഏതാനും വർഷങ്ങൾ കഴിഞ്ഞു. ഇരിഞ്ഞാലക്കുട രൂപതയിൽ മഹാ ജൂബിലി പ്രമാണിച്ചു നടന്ന ഒരു ബൈബിൾ ക്ലാസിൽ സംബന്ധിക്കുവാൻ ഈ ലേഖകന് അവസരം ലഭിച്ചു. കുടുംബത്തിൽ വിശുദ്ധ ഗ്രന്ഥത്തിന്റെ സ്വാധീനം എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചുകൊണ്ടുനിൽക്കുമ്പോൾ ഒരു മാന്യ വൃദ്ധൻ നാലഞ്ചു ദീപിക സായാഹ്ന പത്രങ്ങളുമായി അടുത്തു വന്നു. ഈ പത്രങ്ങൾ ഒന്നു കണ്ടിട്ട് അഭിപ്രായം പറയണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. തൃശൂർ അതിരൂപതാദ്ധ്യക്ഷൻ ആവശ്യപ്പെട്ടതനുസരിച്ച് തങ്ങൾ ദീപികയുടെ ഷെയർ എടുത്തിരിക്കുകയാണ്. പക്ഷേ പത്രം വീട്ടിൽ കയറ്റുന്നതിൽ ഒരു തടസ്സം കാണുന്നു എന്നാണ് ആ വ്യക്തി പറഞ്ഞത്. ഞാൻ പത്രങ്ങൾ മറിച്ചു നോക്കി. ഓരോ പത്രത്തിന്റെയും അവസാനപേജിൽ ഒരു നഗ്നസുന്ദരിയുടെ ചിത്രമായിരുന്നു. ദീപികയുടെ നിയന്ത്രണം അന്നും പുരോഹിതന്മാരുടെ കരങ്ങളിലായിരുന്നു. പത്രവിൽപന കുറയാതിരിക്കാനും ചെറുപ്പക്കാരുടെ താൽപര്യം നിലനിർത്താനും ബുദ്ധിമാന്മാരായ പത്രാധിപന്മാർ സ്വീകരിച്ച ഒരു നയമായിരുന്നു നഗ്നസുന്ദരികളുടെ പടം.

സഭയുടെ ശബ്ദമെന്നു വിശേഷിപ്പിച്ചുകൊണ്ടാണു ദീപികയ്ക്കു വേണ്ടി ഷെയർ പിരിക്കാൻ ളോഹയിട്ടവർ താൽപര്യപൂർവം വരുന്നത്. കത്തോലിക്കരുടെ അവകാശങ്ങൾ വീണ്ടെടുക്കുക, അഭിമാനം സംരക്ഷിക്കുക, ദൈവരാജ്യത്തിനു മഹത്വമുണ്ടാക്കുക എന്നിങ്ങനെ ദീപിക മൂലം സാധിച്ചെടുക്കേണ്ട നിരവധി ലക്ഷ്യങ്ങളെക്കുറിച്ച് ഇവർ പ്രസംഗിക്കും. ഇത്ര ഉത്സാഹപൂർവം ഒരിക്കൽ പത്രത്തിനുവേണ്ടി പണിപ്പെട്ടിട്ട് ഒടുവിൽ നഷ്ടം സംഭവിച്ചു പത്രം ഒരു മുസ്ലീം വ്യവസായിയുടെയും മാർക്സിസ്റ്റു നേതാവിന്റെയും സ്വന്തമായി തീർന്നതെങ്ങനെയെന്നു ആരു വിശദീകരിക്കും?

ഇപ്പോഴത്തെ സാഹചര്യം എന്താണെന്നും അറിവുള്ളവർ വെളിപ്പെടുത്തണമെന്ന് അഭ്യർഥിക്കുന്നു. ഏഷ്യയിലെ ഏറ്റം വലിയ ആശുപത്രിയെന്നു തിരുവല്ലായിലെ ഒരു ക്രിസ്ത്യൻ ആശുപത്രി അറിയപ്പെടുന്നു. അടുത്തുതന്നെ അനേകകോടികൾ മുടക്കി മെഡിക്കൽ കോളജ് തുടങ്ങും. സി.എം.ഐ സഭ രണ്ടാമത്തെയോ മൂന്നാമത്തെയോ മെഡിക്കൽ കോളജ് തുടങ്ങിക്കഴിഞ്ഞു. കേരളത്തിലെ എല്ലാ മെത്രാന്മാരും ചേർന്ന് ദീപികയെ ഇന്ത്യയിലെ ഏറ്റം വലിയ പത്രമാക്കി വളർത്തിയേക്കും.

ക്രിസ്തു സ്വപ്നം കണ്ട ദൈവരാജ്യവും കത്തോലിക്കാ സഭ ഇവിടെ നടപ്പാക്കുന്ന ദൈവരാജ്യവും തമ്മിൽ ഒരു പൊരുത്തവുമില്ല സമ്പന്നരുടെ സംസ്കാരം നിലനിർത്തുവാനും സ്വാധീനം ഉറപ്പിക്കാനും ഒരു പത്രം ഉണ്ടായിരിക്കുന്നതു ആവശ്യമാണ്. കേരളത്തിലെ ക്രൈസ്തവരെ

പ്രതിനിധീകരിച്ച് ഒരു ലിമിറ്റഡ് കമ്പനി വളരെ ഉന്നത നിലയിൽ ഒരു പത്രം പ്രസിദ്ധീകരിക്കുന്നു. പരസ്പരം യുദ്ധം ചെയ്യുന്ന ഓർത്തഡോക്സ്, പാത്രിയാർക്കീസ് ഗ്രൂപ്പുകൾ ഈ പത്രത്തെ സ്വന്തമായിതന്നെ കരുതുന്നു. കത്തോലിക്കാ സഭയ്ക്കും ഒരു പത്രം വേണമെന്ന ചിന്ത അനാവശ്യമെന്നു പറയേണ്ടിയിരിക്കുന്നു.കുബേര സമൂഹം സാധാരണക്കാരെ ചൂഷണം ചെയ്യാൻ വിനിയോഗിക്കുന്ന ആധുനിക മാർഗങ്ങളിൽ ഒന്നാണ് പത്രപ്രവർത്തനം. ദീപിക തന്നെ ഉദാഹരണം.

ഭരണഘടന നൽകുന്ന അവകാശങ്ങൾ വിനിയോഗിച്ചു ഏതു വ്യക്തിക്കും പത്രം തുടങ്ങാൻ സാധിക്കും. കത്തോലിക്കരായ അൽമായർ ഷെയർ പിരിച്ചു കമ്പനി തുടങ്ങി പത്രം ആരംഭിച്ചാൽ അതു സഭയുടെ പത്രമായി അറിയപ്പെടുകയില്ല. മംഗളം വർഗീസ് കത്തോലിക്കനായിരുന്നു. ഒരിക്കൽ ദീപികയിലെ സ്റ്റാഫും ആയിരുന്നു. എന്നാൽ മംഗളം പത്രം കത്തോലിക്കാ പത്രമല്ല. പത്രാധിപ സമിതിയിലും മാനേജിംഗ് കമ്മിറ്റിയിലും ഏതാനും വൈദികരും അവരെ നിയമിക്കാൻ മെത്രാന്മാരും ആകുമ്പോൾ പത്രം സഭാ പ്രസിദ്ധീകരണമായി. കത്തോലിക്കാ സമൂഹത്തിനു സഭാവക പത്രം വഴിയായി ഇന്നു കിട്ടുന്ന വലിയ സേവനം എന്താണ്? ഇടവക തിരുനാൾ നടത്തുന്ന ദേവാലയങ്ങൾ രണ്ടു ലക്ഷം രൂപായിൽ കുറയാത്ത ഒരു പരസ്യം പത്രത്തിനു നൽകണം. മുൻ മെത്രാപ്പോലീത്തായുടെയും ഇപ്പോഴത്തെ മെത്രാന്റെയും പള്ളിക്കൈക്കാരന്മാരുടെയും വികാരിയുടെയും ഫോട്ടോ നിർബന്ധമായി സപ്ലിമെന്റിൽ ഉണ്ടായിരിക്കണം. കുറെ ബിസിനസ് സ്ഥാപനങ്ങളിൽ നിന്നു കച്ചവട പരസ്യം പത്രത്തിനു ലഭിക്കും. ഇതെല്ലാം ഒരു കീഴ്‌വഴക്കമായി തീർന്നിരിക്കുന്നു. ഇതാണു ഇന്നു കത്തോലിക്കാ സമുദായത്തിനു ദീപികയിൽ നിന്നു കിട്ടുന്ന മഹാസേവനം. റബറിന്റെ വിലക്കുറവിനെയും നെൽകൃഷിയുടെ ബുദ്ധിമുട്ടുകളെയും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളെ അറിയിക്കാൻ ലേഖനങ്ങൾ ഉണ്ടാകും. പുരോഹിതരും മെത്രാന്മാരും ചേർന്ന സഭ തന്നെ മുൻകൈയെടുത്തു പത്രം നടത്തുകയും പത്രം പ്രചരിപ്പിക്കാൻ ഇടവകതോറും ഞായറാഴ്ച കുർബാനയ്ക്കിടയിൽ പ്രസംഗിക്കുകയും ചെയ്യുന്നതു അത്ര സ്വീകാര്യമായി തോന്നുന്നില്ല. ജനം ഇഷ്ടപ്പെടുന്ന വിധത്തിൽ പത്രം പ്രസിദ്ധീകരിച്ചാൽ പള്ളിപ്രസംഗങ്ങളുടെ ആവശ്യമില്ലാതെ തന്നെ ദീപിക വളരും. ദീപികക്കു പ്രചാരം വർദ്ധിപ്പിക്കാൻ കത്തോലിക്കാ പുരോഹിതന്മാർ ഞായറാഴ്ച പ്രസംഗത്തിനായി പുറപ്പെടുന്നതു വലിയ തമാശ തന്നെ. പത്രം നടത്തിയും വിദ്യാഭ്യാസ സ്ഥാപനങ്ങളും ബാബേൽ ഗോപുരങ്ങളും കെട്ടിപ്പൊക്കി ഇവിടെ ദൈവരാജ്യം വ്യാപകമാക്കാമെന്നാണു കേരളത്തിലെ പുരോഹിത പ്രമുഖർ പ്രത്യാശിക്കുന്നത്.

Mob : 9847126316

## 11-07-2016-ൽ ജോയിന്റ് ക്രിസ്ത്യൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കോട്ടയത്തുവെച്ച് "ക്രൈസ്തവ സഭാചട്ടങ്ങൾ ഇന്ത്യൻ ഭരണഘടനയെ വെല്ലുവിളിക്കുന്നുവോ?" എന്ന സെമിനാറിൽ ജോസഫ് പുലിക്കുന്നേൽ അവതരിപ്പിച്ച പ്രസംഗം

ജോയിന്റ് ക്രിസ്ത്യൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കോട്ടയത്തുവെച്ച് "ക്രൈസ്തവ സഭാചട്ടങ്ങൾ ഇന്ത്യൻ ഭരണഘടനയെ വെല്ലുവിളിക്കുന്നുവോ?" എന്ന വിഷയത്തെക്കുറിച്ച് വിപുലമായ ഒരു സെമിനാർ നടത്തുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. ശാരീരികമായി വളരെയധികം അസ്വസ്ഥതകൾ ഉണ്ടെങ്കിലും ഈ വാർത്ത അറിഞ്ഞപ്പോൾ സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് തീരുമാനിച്ചു. ഒരു പ്രാസംഗികനായിട്ടല്ല മറിച്ച് ആശയത്തോടുള്ള പ്രതിബദ്ധതയാണ് രോഗാതുരനായ എന്നെ ഈ സെമിനാറിലേയ്ക്ക് ആകർഷിച്ചത്.

2004 ആഗസ്റ്റ് മാസം 21-ാം തീയതി കോട്ടയം ഡീസി ഹാളിൽവെച്ച് (ഈ സമ്മേളന വേദിയുടെ നേരെ എതിർവശം) **"ക്രൈസ്തവരുടെ സമൂഹസമ്പത്ത് ഭരിക്കാൻ നിയമം ആവശ്യം"** എന്ന വിഷയത്തെ ആസ്പദമാക്കി കേരള കത്തോലിക്കാ അൽമായ അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ യോഗത്തിൽവെച്ചാണ് ക്രൈസ്തവരുടെ സമൂഹസമ്പത്ത് ഭരിക്കുന്നതിന് നിയമം വേണമെന്നും ഏകീകൃത സിവിൽകോഡ് ഭാരതത്തിൽ നടപ്പിലാക്കണമെന്നുമുള്ള ആശയം ആദ്യമായി അവതരിപ്പിക്കപ്പെട്ടത്.

പ്രൊഫ. എം.വി. പൈലി അധ്യക്ഷനായിരുന്ന ആ യോഗം ഉദ്ഘാടനം ചെയ്തത് ജസ്റ്റിസ് കെ. ടി. തോമസ് ആയിരുന്നു. ശ്രീ. ബി. വെല്ലിംഗ്ടൺ, പ്രൊഫ. എൻ. എം. ജോസഫ്, പ്രൊഫ. എം.തോമസ് മാത്യു, ഡോ.സ്കറിയാ സക്കറിയ, ഫാ. ജോർജ് കുഴിപ്പറമ്പിൽ, ശ്രീ. കുര്യൻ കുഴിവേലി എന്നിവരും യോഗത്തിൽ പങ്കെടുത്തു.

ഇതിനുശേഷം ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അധ്യക്ഷനായുള്ള നിയമപരിഷ്കരണ കമ്മീഷൻ സഭാവക സമ്പത്തു ഭരിക്കുന്നതിന് ഒരു നിയമം ഉണ്ടാകേണ്ട ആവശ്യത്തെക്കുറിച്ച് ഒരു റിപ്പോർട്ടും "ദി കേരള ക്രിസ്ത്യൻ ചർച്ച് പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ് ബിൽ" എന്ന പേരിൽ ഒരു കരടുബില്ലും കേരളാ ഗവൺമെന്റിന് സമർപ്പിക്കുകയുണ്ടായി. നിർഭാഗ്യവശാൽ ഇതിനു മേൽനടപടി എടുക്കുന്നതിന് അന്നത്തെ ഗവൺമെന്റ് തയ്യാറായില്ല. എങ്കിലും ഈ ആശയം കേരളത്തിലെ കത്തോലിക്കരെ വളരെയധികം ആകർഷിച്ചു. ഇതു സംബന്ധിച്ച് വളരെയധികം ലഘുലേഖകൾ ഇതിനോടകം ഓശാന പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാത്രമല്ല ഈ ലഘുലേഖകൾ ഇംഗ്ലീഷിലാക്കി കേന്ദ്ര ഗവൺമെന്റിനു സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ക്രൈസ്തവരുടെ സമൂഹസമ്പത്ത് ഭരിക്കുന്നതിന് നിയമം ഉണ്ടാക്കുന്നതിനുവേണ്ടി പല സ്റ്റേറ്റുകളും നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വൃദ്ധനും അനാരോഗ്യവാനുമായ എനിക്ക് ഇക്കാര്യത്തിൽ മുന്നോട്ട് എന്തെങ്കിലും ചെയ്യാൻ കഴിയുമെന്ന് വിശ്വാസമില്ല. കഴിഞ്ഞ രണ്ടു കൊല്ല മായി ഞാൻ രോഗശയ്യയിലാണ്. ഇറങ്ങി നടക്കാൻപോലുമുള്ള ആരോഗ്യമില്ല. എങ്കിലും ജോയിന്റ് ക്രിസ്ത്യൻ കൗൺസിലിന്റെ ഈ കാൽവയ്പിൽ എന്നെക്കൊണ്ട് ചെയ്യാവുന്ന എല്ലാ സഹായങ്ങളും ചെയ്യുന്നതായിരിക്കും.

വത്തിക്കാൻ പാസ്സാക്കിയ ഒരു നിയമം ആണ് ഇന്ന് ഇന്ത്യയിലെ പള്ളികളുടെ സമ്പത്ത് ഭരിക്കുന്നത്. ഇന്ത്യ ഒരു പരമാധികാര രാഷ്ട്രമാണ്. മതം മതത്തിന്റെ മേഖലയിൽ ആദ്ധ്യാത്മികകാര്യങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കണം. ഇന്ത്യയിലെ കത്തോലിക്കരുടെ വിവാഹ മോചനം സംബന്ധിച്ചുള്ള നിയമം കാനോൻ നിയമത്തിന് വിധേയമാക്കണമെന്നാണ് ഇപ്പോൾ മെത്രാന്മാർ വാദിക്കുന്നത്. എന്നാൽ ഒരു ഏകീകൃത സിവിൽ കോഡാണ് ഇന്ത്യയ്ക്കാവശ്യം. അവിവാഹിതരായ മെത്രാന്മാരും പുരോഹിതരുമല്ല വിവാഹിതരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടത്. എല്ലാ രൂപതകളിലും ഇപ്പോൾ വിവാഹമോചനക്കോടതികളുണ്ട്. കാനോൻ നിയമം അനുസരിച്ചാണ് സഭാകോടതി നടപടികൾ. വിവാഹം ഒരു കൂദാശയാണ്, അതോടൊപ്പം ഒരു കോൺട്രാക്ടും ആണ്. വിവാഹം കഴിക്കുന്ന ദമ്പതിമാർക്കും അവരുടെ സന്താനങ്ങൾക്കും നൈയാമികമായി ചില അവകാശങ്ങൾ ലഭിക്കുന്നു. ഈ അവകാശങ്ങൾ നടപ്പാക്കാൻ സിവിൽ കോടതിക്കേ കഴിയൂ. സഭാ കോടതികൾക്കു കഴിയുകയില്ല. കാനോൻ നിയമത്തിൽ പറഞ്ഞിരിക്കുന്ന വിവാഹത്തെക്കുറിച്ചുള്ള വകുപ്പുകൾ സഭാംഗങ്ങൾ പഠിക്കേണ്ടതാണ്. സഭാംഗങ്ങളുടെ സിവിൽ അവകാശത്തെ ഹനിക്കുമാറ് വിവാഹമോചനം സഭാ കോടതികൾക്കു വിട്ടുകൊടുക്കാൻ പാടില്ലാത്തതാണ്. ഒരു ഏകീകൃത സിവിൽ കോഡ് ഇതിന് ആവശ്യമാണ്. ഇന്ത്യയിലെ പൗരന്മാരെ മതാടിസ്ഥാനത്തിൽ തിരിച്ചുകൊണ്ട് അവരുടെ അവകാശങ്ങൾക്ക് അതിർവരമ്പ് ഇടുന്നത് ഏകപൗരത്വം എന്ന ഇന്ത്യയുടെ കാഴ്ചപ്പാട് ഇല്ലെന്നാക്കുകയാണ് ചെയ്യുന്നത്. ഇന്ത്യയിലെ പൗരന്മാർക്കെല്ലാം മതനിരപേക്ഷമായി ഒറ്റ നിയമം ഉണ്ടാകണം. ഇല്ലെങ്കിൽ ഇന്ത്യയുടെ ഭാവിക്ക് അപകടമായിരിക്കും.

ഇടമറ്റം — ജോസഫ് പുലിക്കുന്നേൽ
11-7-2016 — എഡിറ്റർ, ഓശാന

(യാത്ര ചെയ്യാമെന്നു പ്രതീക്ഷിച്ചിരുന്നു എന്നാൽ വൈദ്യന്റെ ഉപദേശംമൂലം യാത്ര ചെയ്യാൻ കഴിഞ്ഞില്ല.)

●●

# ക്രിസ്തുവിന്റെ പേരെടുത്ത് ബ്രസീലിലും ഒരു വ്യാജമിശിഹ

അന്ത്യകാലത്ത് ക്രിസ്തുവിന്റെ പേരെടുത്ത് അനേകർ കള്ളക്രിസ്തുക്കൾ ഭൂതലത്തിൽ വരും എന്നും അവർ അനേകരെ തെറ്റിക്കും എന്നും യേശുക്രിസ്തു തന്റെ അനുയായികൾക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. പ്രവചന നിവർത്തിയെന്നത് പോലെ ഇന്നത് നിറവേറിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല ഇത് ക്രിസ്തു പറഞ്ഞ അന്ത്യകാലമെന്നതും ഇത്തരം വ്യാജ മിശിഹാമാരുടെ വരവോടെ വ്യക്തമാക്കപ്പെടുന്നു.

ഒരു സുവിശേഷകനായി തുടങ്ങി കൊടിയ ദുരുപദേശ വലയത്തിലൂടെ വഴിതെറ്റിയ ക്രിസ്റ്റി എന്ന ബ്രസീലിയക്കാരൻ ക്രിസ്തുവിന്റെ പുനരവതാരം എന്ന് സ്വയം വിശേഷിപ്പിച്ച് അനേകായിരങ്ങളെ വഴി തെറ്റിക്കുന്നു. പേര് ഇന്റി ക്രിസ്റ്റോ, വയസ് 66. 1979-ൽ ചിലിയിലെ സാന്റിയാഗോയിൽ ഉപവസിച്ചിരിക്കുമ്പോഴാണ് തനിക്ക് യേശു ക്രിസ്തു എന്ന വെളിപ്പെടുത്തൽ ലഭിച്ചതെന്നാണ് അവകാശവാദം. 35 വർഷമായി യേശുവിനെപോലെ സുവിശേഷ സംബന്ധിയായ സാരോപദേശങ്ങൾ പ്രസംഗിച്ച് നടക്കയാണ് ക്രിസ്റ്റോ. 27 രാജ്യങ്ങളിൽ താൻ സുവിശേഷവുമായി സഞ്ചരിച്ചിട്ടുണ്ടത്രെ.

ഐഹികകാലത്ത് യേശു ഉപയോഗിച്ചു എന്ന് പരക്കെ വിശ്വസിക്കപ്പെടുന്ന തരത്തിലുള്ള വേഷവും ലോകത്തെ പൊതു അനീതിയ്ക്കെതിരെ (ഗർഭച്ഛിദ്രം, സ്വവർഗരതി, മുതലാളിത്വമേധാവിത്വം വർണവിവേചനം) യുള്ള ശബ്ദമുയർത്തലുമാണ് ക്രിസ്റ്റോയെ വ്യത്യസ്ഥനാക്കിയതും ആരാധ്യനാക്കിയതും. യു.കെ., ഫ്രാൻസ് തുടങ്ങി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രത്യേകിച്ച് യൂറോപ്യൻ മേഖലകളിൽ ക്രിസ്റ്റോയ്ക്ക് വളരെ അനുയായികളുണ്ട്. കൂട്ടത്തിൽ കൂടുതലും സ്ത്രീകളാണ്. ക്രിസ്റ്റി എന്നായിരുന്നു ഇയാളുടെ പേര്. എന്നാൽ സ്വയം ക്രിസ്തുവാകാൻ തീരുമാനിച്ചപ്പോൾ യേശുക്രിസ്തുവിന്റെ കുരിശിന് മുകളിലായി എഴുതിയ വാക്കുകൾ (INRI) കൂടെ തന്റെ പേരിന് തുടക്കത്തിൽ ചേർക്കയായിരുന്നു. സുപ്രീമ ഓർഡെം യൂണിവേഴ്സൽ ഡാ സാൻസിമ ട്രിൻസാഡെ എന്ന ബ്രസിലിയൻ ഭാഷാ വാക്കിലാണ് തന്റെ സമൂഹം അറിയപ്പെടുന്നത്. ബ്രസീലിയ ആസ്ഥാനമായുള്ള ഈ ഗ്രൂപ്പ് ആസ്ഥാനത്തെ പുതിയ യെറൂശലേം എന്ന് വിളിക്കുന്നു. അണികളിൽ അനേകരും തങ്ങളുടെ ചർച്ച് കോമ്പൗണ്ടുകളോട് ചേർന്നു താമസിക്കുന്നു. ആദിമ അപ്പോസ്തോലിക കാലഘട്ടത്തെപോലെ ഒരു കുടുംബമായി താമസിക്കാനാണ് ഇവർക്ക് പ്രേരണയുള്ളത്. ക്രിസ്തുമസ് ആചരണത്തോട് താല്പര്യമില്ലാത്തക്രിസ്റ്റി, അത് ധനികർ ദരിദ്രരെ അവഹേളി

ക്കുന്ന ദിനമാണെന്ന് പരിഹസിക്കുന്നു. ഗർഭഛിദ്രത്തിനും മുതലാളിത്വ ത്തിനും ക്രിസ്തുമസ് ആചരണത്തിനുമെതിരെ ശബ്ദമുയർത്തിയതിനും അണികളെ ഇളക്കിവിട്ടതിനും 40-ലേറെ തവണ ഇയാൾ അറസ്റ്റ് വരിച്ചി ട്ടുണ്ട്. എങ്കിലും അണികൾക്ക് ക്രിസ്റ്റിയോടുള്ള ബഹുമാനവും ഭക്തിയും കുറയുന്നില്ല. ബ്രസിലിയയിലെ സഭാ ആസ്ഥാനത്ത് വലിയൊരു സമൂഹം ക്രിസ്റ്റിയോടൊത്ത് താമസിക്കുന്നുണ്ട്. അന്ത്യകാലപ്രവാചകനും ദൈവ വുമൊക്കെയായി സ്വയം വിശേഷിപ്പിക്കുന്ന ഇയാളെക്കുറിച്ച് അണിക ൾക്കുള്ള അവകാശവാദം എന്നത്, അന്ത്യകാലത്തെ സാർവലൗകികമായ അനീതിയ്ക്കെതിരെ ശബ്ദമുയർത്തുന്നത് ഇദ്ദേഹം ദൈവത്തിൽനിന്ന് ക്രിസ്തുവിനെ പോലെ നിയോഗം പ്രാപിച്ചു വന്നതുകൊണ്ടാണ് എന്നാണ്. ക്രിസ്തുവും ഐഹിക കാലത്ത് അനീതിയ്ക്കെതിരെ ശബ്ദ മുയർത്തിയല്ലോ. ക്രിസ്റ്റിയ്ക്ക് മനോവിഭ്രമമാണ് എന്ന് ആരെങ്കിലും വാദി ച്ചാൽ ചരിത്രത്തിലെ ദിവ്യന്മാരെയെല്ലാം അതാത് കാലത്തെ സമൂഹം ഭ്രാന്തന്മാരായാണ് ചിത്രീകരിച്ചിട്ടുള്ളത്. അതുകൊണ്ട് തങ്ങൾക്കത് പ്രശ്നമല്ല എന്നാണ് അനുയായികളുടെ മറുപടി.

ശാന്തമായ സമീപനത്തിലൂടെയും അപകടരഹിതമെന്ന് തോന്നുന്ന ഉപദേശങ്ങളിലൂടെയും ജനത്തെ വഞ്ചിച്ച് അവരുടെ കണ്ണുകളെ കുരു ടാക്കി എന്നന്നേക്കുമായി തങ്ങളുടെ കാൽക്കൽ തളച്ചിടുന്ന ദുരുപദേശ കരും വിശ്വാസ വഞ്ചകരും വർദ്ധിക്കുകയാണ്. അന്ത്യകാലത്ത് എന്റെ പേരെടുത്ത് പലരും വരും എന്നും ഇതാ ക്രിസ്തു ഇവിടെയെന്നും അവി ടെയെന്നും പറഞ്ഞാൽ വിശ്വസിക്കരുതെന്നും യേശുക്രിസ്തു മുൻകൂട്ടി പറഞ്ഞിരിക്കുന്നത് എത്രയോ വ്യക്തമായി നമ്മുടെ കണ്ണിനും കാതിനും മുൻപിൽ വെളിപ്പെടുന്നു എന്നത് ദൈവവചനത്തിന്റെ വിശ്വാസ്യതയെ വർദ്ധിപ്പിക്കുന്നു.

(കടപ്പാട് : മാറാനാഥാ വോയ്സ്, ഫെബ്രുവരി 2016)

□□

## അറിയിപ്പ്

അസുഖമായതിനാൽ വിചാരിച്ചതുപോലെ കൃത്യസമയത്ത് ഓശാന എഴുതി തീർക്കാൻ കഴിയാത്തതിൽ ഖേദിക്കുന്നു. വായ നക്കാർ ക്ഷമിക്കുക. ഇനി തുടർന്നു കൃത്യസമയത്ത് ഓശാന അയയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

# സ്നേഹത്തിൽ വളരാൻ

(2014-ലും 15-ലും കത്തോലിക്കാ സഭയിലെ ബിഷപ്പുമാരുടെ സിനഡ് ചർച്ചചെയ്തതു കുടുംബത്തെപ്പറ്റിയായിരുന്നു. ഈ സിനഡുകളുടെ വെളിച്ചത്തിൽ ഫ്രാൻസിസ് മാർപാപ്പ പുറപ്പെടുവിച്ച സിനഡാനന്തര പ്രബോധനം - സ്നേഹത്തിന്റെ സന്തോഷം- ഏറെ ശ്രദ്ധയാകർഷിച്ചു. കുടുംബവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ആഴത്തിൽ പഠിച്ചുള്ള ഒരു പ്രബോധനരേഖയാണിത്. സിനഡിൽ പങ്കെടുക്കുകയും കത്തോലിക്കാ സഭയുടെ അന്താരാഷ്ട്ര ദൈവശാസ്ത്ര കമ്മീഷനംഗമായി പ്രവർത്തിക്കുകയും ചെയ്യുന്ന പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പ്രസ്തുത പ്രബോധനത്തെപ്പറ്റി വിശദീകരിക്കുന്നു. 2016 ഏപ്രിൽ 17, 18, 19 എന്നീ ദിവസങ്ങളിലെ ദീപിക ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചതാണ് ഈ ലേഖനം.)

*“.......... കുടുംബങ്ങളിലെ തനി സാധാരണവും ആവർത്തനവിരസവും നാടകീയതയില്ലാത്തതുമായ സംഭവങ്ങളെ അവതരിപ്പിക്കുന്ന kitchen sink drama എന്നൊന്നുണ്ട്. സമാനമായി മാർപാപ്പാ ഒരു kitchen sink ദൈവശാസ്ത്രമാണ് അവതരിപ്പിക്കുന്നതെന്നു വിമർശനമുണ്ടാകാമെങ്കിലും അതു യഥാർഥത്തിൽ ഒരു നന്മയാണ്. ദൈനംദിന കുടുംബജീവിതത്തിലെ കാര്യങ്ങൾ - ചെറിയ നന്മകൾ, ചെറിയ ജോലികൾ - ചെയ്യാൻ സന്മനസ്സ് കാണിക്കുന്നതിലൂടെ വിശുദ്ധിയിലേക്കു വളരാൻ സാധിക്കുമെന്നു പാപ്പാ പഠിപ്പിക്കുന്നു. ഇതിലൂടെ സാധാരണ ജീവിതത്തിന്റെ മഹത്വം എടുത്തു കാണിക്കുന്നു.*

*ഈ പ്രബോധനരേഖ തുറന്ന ഹൃദയത്തോടുകൂടിയ ഒരു നോട്ടമാണ്. കുടുംബജീവിതത്തിലേക്കും അതിലെ പ്രതിസന്ധികളിലേക്കും പാപ്പാ അജപാലനപരമായ ഒരു നോട്ടം നടത്തുകയാണ്. പാപ്പായുടെ നേത്രം എല്ലാ മേഖലകളിലും എത്തിയിട്ടുണ്ട്. പ്രതിസന്ധികളിൽ പോലും പോസിറ്റീവ് ആയി കാര്യങ്ങൾ വിലയിരുത്തുകയാണ് പാപ്പാ. എല്ലാ അർഥത്തിലും കുടുംബജീവിതത്തെക്കുറിച്ചുള്ള ഒരു അടുത്ത വായന (close reading) ആണിത്. നിരീക്ഷണങ്ങളിലെ സാങ്കേതികത്വം ആവുന്നത്ര കുറച്ചിട്ടുണ്ട്. ആത്മീയ ചിന്തകളുടെയും പ്രായോഗിക കാഴ്ചപ്പാടുകളുടെയും സമൃദ്ധിയും ധാരാളിത്തവും ഇവിടെ നിറഞ്ഞുനില്ക്കുന്നു. കുടുംബത്തിലെ ഓരോ വ്യക്തിയെയും തിരിച്ചറിഞ്ഞു നല്ല ഒരു കുടുംബം സ്ഥിരപ്പെടുത്താനുള്ള ശക്തമായ ആഹ്വാനമാണിത്.*

*അധികാരം പ്രകടിപ്പിക്കുന്നതോ വിധി കല്പിക്കുന്നതോ ആയ ഒരു ഭാഷയിൽ എഴുതപ്പെട്ടതല്ല ഈ പ്രബോധനം. ലളിതമായ ഭാഷയും വിശാലമായ കാഴ്ചപ്പാടുകളുംകൊണ്ട് അലംകൃതമാണ് ഈ പ്രബോധനരേഖ. കരുണയുടെ ഭാഷകൊണ്ടാണ് ഈ പ്രബോധനരേഖ എഴുതപ്പെട്ടിരിക്കു*

*ന്നത്. ഓരോരുത്തരുടെയും ജീവിതത്തിൽ സത്യത്തെ ജനിപ്പിക്കാൻ, ഈശോയെ കൊടുക്കാൻ ഈ ഭാഷയ്ക്കു മാത്രമേ കഴിയൂ. സഭയുടെ അജപാലന ശുശ്രൂഷയിൽ സഭാ പഠനങ്ങളെ ജനങ്ങൾക്കു സ്വീകാര്യ മായ രീതിയിൽ കാലോചിതമാക്കി അവതരിപ്പിക്കാനാണു പാപ്പാ ആഗ്ര ഹിക്കുന്നത്. സുവിശേഷത്തെ ഹൃദയത്തോടു ചേർത്തുവച്ചായിരിക്കണം സഭയുടെ ഔദ്യോഗിക പ്രബോധനം നടത്തേണ്ടത്. പരമമായ ലക്ഷ്യം ആത്മാക്കളുടെ രക്ഷയായിരിക്കണം.*

*എല്ലാ തർക്കവിഷയങ്ങളെക്കുറിച്ചുമുള്ള അവസാനവാക്കായി പാപ്പാ ഈ പ്രബോധനരേഖയെ കാണുന്നില്ല. ലോകം മുഴുവൻ ഒരുപോലെ പ്രാവർത്തികമാക്കേണ്ട സർവതലസ്പർശിയായ പഠനമായി പാപ്പാ ഇതിനെ കരുതുന്നുമില്ല. പാപ്പായുടെ അവകാശവാദങ്ങൾ കരുണാർദ്രവും വിനയാന്വിതവുമാണ്. അതുകൊണ്ടുതന്നെ ഈ പ്രബോധനരേഖ വളരെ ശക്തിയുള്ളതും ഓരോരുത്തരുടെയും നല്ല കുടുംബജീവിതത്തിനു പ്രേരി പ്പിക്കുന്നതുമാണ്. സഭയുടെ ഡോഗ്മാകളുടെ ആദ്യകാല അജപാലന ചൈതന്യത്തിലേക്കു കടന്നുവരാനുള്ള ശക്തമായ ക്ഷണമാണിത്. വലിയ പ്രത്യാശയാണ് ഈ പ്രബോധനരേഖ നല്കുന്നത്."*

## അടിക്കുറിപ്പ്

കത്തോലിക്കാ സഭയുടെ കാഴ്ചപ്പാടിൽ വിവാഹത്തിനുള്ള പ്രാധാന്യം മാർപാപ്പാ എടുത്തു പറഞ്ഞതിനെക്കുറിച്ച് പാലാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് ദീപികയിൽ എഴുതിയ ലേഖനം പ്രസിദ്ധീക രിക്കുന്നതിൽ സന്തോഷമുണ്ട്.

വിവാഹത്തെക്കുറിച്ച് കത്തോലിക്കാ സഭയ്ക്കുള്ള കാഴ്ചപ്പാട് സമ ഗ്രമായി വിവരിക്കുന്ന ഈ ലേഖനം ഓരോ കുടുംബവും വായിച്ചിരിക്കേ ണ്ടതാണ്. വിവാഹം നിയമദൃഷ്ടിയാൽ ഒരു കോൺട്രാക്ട് ആണ്. സ്ത്രീയും പുരുഷനുംകൂടിയുള്ള ഒരു വാഗ്ദാനം. ഇതിൽ ഏർപ്പെട്ടിരി ക്കുന്ന സ്ത്രീയും പുരുഷനും മാത്രമല്ല ഈ കോൺട്രാക്ടിൽ ഏർപ്പെ ടുന്നത്. നേരെമറിച്ച് അവർക്ക് ഉണ്ടാകുന്ന സന്താനങ്ങൾക്കും ഈ വിവാ ഹത്തിലൂടെ നിയമപരമായ ചില അവകാശങ്ങൾ ലഭിക്കുന്നുണ്ട്.

കത്തോലിക്കാ സഭയിൽ വിവാഹം കഴിക്കുന്നവർക്കും ഈ അവ കാശങ്ങളുണ്ട്. എന്നാൽ അത് നടപ്പിലാക്കിക്കൊടുക്കുവാൻ സഭയ്ക്ക് ഒരു സംവിധാനവുമില്ല. വിവാഹം കൊണ്ട് ഭാര്യാഭർത്താക്കന്മാർക്കു ലഭി ക്കുന്ന അവകാശങ്ങൾ നിയമപരമാണ്.

സഭയിൽ വിവാഹമോചനം അനുവദിക്കുന്നില്ല. സഭ വിവാഹം റദ്ദാ ക്കുക മാത്രമാണ് ചെയ്യുന്നത്. ഈ സാഹചര്യത്തിൽ നിയമപരമായ അവ കാശങ്ങൾ സ്ഥാപിച്ചുകിട്ടാൻ വിവാഹിതരായ സ്ത്രീ പുരുഷന്മാർക്ക് കഴി യാതെ വരുന്നു. അതുകൊണ്ട് വിവാഹം റദ്ദാക്കുന്നതിനുള്ള സഭാ കോട

തിയുടെ തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിയാതെ വരുന്നു. ഇത്തരുണത്തിൽ സഭാകോടതിയുടെ തീരുമാനങ്ങൾ അപ്രസക്തങ്ങളാണ്. വിവാഹം ഒരു കൂദാശയും കോൺട്രാക്ടും ആണ്. അതിൽനിന്ന് ലഭിക്കേണ്ട നിയമപരമായ അവകാശങ്ങൾ നടപ്പിലാക്കാൻ ഗവൺമെന്റിനെ കഴിയൂകയുള്ളൂ. അതുകൊണ്ട് വിവാഹം റദ്ദാക്കുന്നതിനുള്ള സഭാകോടതിയുടെ വിധി ഗവൺമെന്റിന് സ്വീകരിക്കാൻ വിഷമമുണ്ട്. തന്മൂലം വിവാഹം നടത്തുന്നവർക്കുള്ള നിയമപരമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടാൻ സഭാകോടതിക്കു കഴിയാതെവരുന്നു. ആയതിനാൽ വിവാഹമോചനത്തിന് ഇന്ന് കാനോൻ നിയമത്തിലുള്ള വകുപ്പ് എടുത്തു മാറ്റേണ്ടതാണ്. ഒരു സിവിൽ നടപടി എന്ന നിലയിൽ വിവാഹത്തെ കാണുകയും അതനുസരിച്ചുള്ള നിയമനടപടികൾ നടത്തുന്നതിനും വിവാഹിതരെ അനുവദിക്കുകയുമാണ് വേണ്ടത്. വിവാഹം കൂദാശയാണെന്ന സഭയുടെ നിലപാടിന് കോട്ടംവരാതെ വിവാഹിതരുടെയും അവരിൽനിന്നുണ്ടാകുന്ന സന്താനങ്ങളുടെയും അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിന് നടപടികൾ എടുക്കാൻ സഭ അനുവദിക്കേണ്ടതുമാണ്.

ഇക്കാര്യം ബഹുമാനിതനായ മാർ കല്ലറങ്ങാട്ട് ഈ ലേഖനത്തിൽ സൂചിപ്പിച്ചിട്ടില്ലാത്തതിനാലാണ് അത് ഇവിടെ എടുത്തു പരാമർശിക്കുന്നത്. മാർ കല്ലറങ്ങാട്ട് ഇക്കാര്യം ശ്രദ്ധിക്കുകയും തെറ്റുതിരുത്താൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുമെന്നു വിശ്വസിക്കുന്നു.

ജോസഫ് പുലിക്കുന്നേൽ

●●

## ഏകീകൃത സിവിൽകോഡ് സ്വാഗതാർഹം
## സീറോ മലബാർ സഭ

കൊച്ചി : മതങ്ങളുടെയും വിശ്വാസങ്ങളുടെയും സ്വാതന്ത്ര്യത്തെ ഹനിക്കാത്ത വിധത്തിൽ ഏകീകൃത സിവിൽകോഡ് നടപ്പിലാക്കുന്നത് സ്വാഗതം ചെയ്യുമെന്ന് സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി പറഞ്ഞു.

എല്ലാ വിഭാഗം ജനങ്ങളുടെയും പാരമ്പര്യങ്ങളെയും അനുഷ്ഠാനങ്ങളെയും ആചാരങ്ങളെയും നിലനിറുത്തി ഏകീകൃത സിവിൽകോഡ് നടപ്പാക്കാൻ സർക്കാർ ശ്രദ്ധിക്കണം.

ഇക്കാര്യത്തിൽ അഭിപ്രായ സമന്വയം രൂപപ്പെടുത്തണമെന്നും കർദിനാൾ വ്യക്തമാക്കി. ഏകീകൃത സിവിൽകോഡ് നടപ്പാക്കാൻ കേന്ദ്ര സർക്കാർ വീണ്ടും നടപടികൾ ആരംഭിച്ച സാഹചര്യത്തിലാണ് കത്തോലിക്കാസഭ നിലപാട് വ്യക്തമാക്കിയത്.

*(കടപ്പാട് : കേരളകൗമുദി ദിനപത്രം, 2016 ജൂലൈ 4)*

# ചർച്ച് ആക്ട് നടപ്പിലാക്കണം
## ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ

കൊച്ചി: ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അധ്യക്ഷനായിരുന്ന നിയമ പരിഷ്കരണ കമ്മീഷൻ സർക്കാരിന് ശുപാർശ ചെയ്ത 'കേരള ക്രിസ്ത്യൻ ചർച്ച് പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ് ബിൽ 2009' നിയമമാക്കണമെന്ന് ഇന്ന് എറണാകുളം ഐഎംഎ ഹാളിൽ കൂടിയ ജോയിന്റ് ക്രിസ്ത്യൻ കൗൺസിലിന്റെ വാർഷിക ജനറൽ ബോഡി യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു. 2009 ജനുവരിയിൽ വി.എസ്. സർക്കാരിന്റെ കാലത്താണ് പ്രസ്തുത കരട് ബിൽ ശുപാർശചെയ്യപ്പെട്ടത്. ഈ ബില്ല് കാബിനറ്റ് സബ്ബ് കമ്മിറ്റി പരിഗണിക്കുകയും, വിശദമായ പഠനത്തിന് മാറ്റിവെക്കുകയും ചെയ്തിരുന്നു. എന്നാൽ പിന്നീട് അധികാരത്തിൽ വന്ന യുഡിഎഫ് സർക്കാർ ഈ ബിൽ നിയമമാക്കുന്നതിന് കാര്യമായി ഒന്നും തന്നെ ചെയ്തില്ല. ഇപ്പോൾ പൊതുഭരണ (മൈനോറിറ്റി വെൽഫയർ) വകുപ്പിന്റെ പരിഗണയിലാണ് മേൽപറഞ്ഞ കരട് ബിൽ ഇരിക്കുന്നത്. ഇന്ത്യയിൽ ക്രൈസ്തവരൊഴികെ മറ്റെല്ലാ മതവിഭാഗങ്ങൾക്കും അവരുടെ സമൂഹസമ്പത്ത് ഭരിക്കുന്നതിന് നിയമത്തിന്റെ പരിരക്ഷയുണ്ട്. അതുപോലെ ഒരു നിയമം ക്രൈസ്തവർക്കും വേണമെന്ന് യോഗം അഭിപ്രയപ്പെട്ടു.

പൂർണ്ണ മദ്യനിരോധനം വേണമെന്ന കത്തോലിക്കാസഭയുടെ നിലപാടിൽ യോഗം വിയോജിപ്പ് പ്രകടിപ്പിച്ചു. മദ്യനിരോധനം പ്രായോഗികമല്ലെന്നും, അത് പല സംസ്ഥാനങ്ങളിലും പരീക്ഷിച്ച് പരാജയപ്പെട്ടിട്ടുള്ളതാണെന്നും യോഗം വിലയിരുത്തി. മദ്യനിരോധനമല്ല മദ്യവർജ്ജനമാണ് വേണ്ടത്. അത് ഘട്ടംഘട്ടമായി ബോധവൽക്കരണത്തിലൂടെ മാത്രമേ നടപ്പാക്കാവു എന്നും യോഗത്തിൽ അഭിപ്രായമുണ്ടായി. കുർബ്ബാനക്കാവശ്യമുള്ള വീഞ്ഞിന്റെ പേരിൽ കത്തോലിക്കാസഭ കരസ്ഥമാക്കിയിട്ടുള്ള അബ്ക്കാരി ലൈസൻസിനെ കുറിച്ചും വിമർശനമുണ്ടായി. വീര്യം കൂടിയ വീഞ്ഞുൽപാദനം സഭ നിറുത്തിവെക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

ജോയിന്റ് ക്രിസ്ത്യൻ കൗൺസിലിന്റെ പ്രസിഡണ്ട് ലാലൻ തരകൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി അഡ്വ. വർഗ്ഗീസ് പറമ്പിൽ വാർഷിക റിപ്പോർട്ടും, ട്രഷറർ ജെറോം പുതുശ്ശേരി വരവുചിലവു കണക്കുകളും അവതരിപ്പിച്ചു. ജോസഫ് വെളിവിൽ, ജോർജ്ജ് ജോസഫ്, ആന്റോ കോക്കാട്ട്, തോമസ് പ്ലാശ്ശേരി, അഡ്വ. ഹോർമിസ് തരകൻ, വി.കെ. ജോയ് എന്നിവർ പ്രസംഗിച്ചു.

തുടർന്ന് അടുത്ത വർഷത്തേക്കുള്ള ഭാരവാഹികളായി ജോസഫ് വെളിവിൽ (പ്രസിഡണ്ട്), വി.കെ. ജോയ് (ജനറൽ സെക്രട്ടറി), ടി.ഒ. ജോസഫ് ചേർത്തല, ജോർജ്ജ് ജോസഫ് കോട്ടയം, അമലദാസ് പെരേര

തിരുവനന്തപുരം, ആന്റോ കോക്കാട്ട് തൃശ്ശൂർ എന്നിവരെ വൈസ് പ്രസിഡണ്ടുമാരായും, സി.എ. ജോസഫ്, കോട്ടപ്പടി സ്റ്റാൻലി പൗലോസ്, എറണാകുളം, അഡ്വ. ഗാസ്പർ കളത്തുങ്കൽ എറണാകുളം, ജോഷി ആന്റണി പാലക്കാട് എന്നിവരെ സെക്രട്ടറിമാരായും, ലോനൻ ജോയിയെ ട്രഷററായും ഐകകണ്ഠ്യേന തെരഞ്ഞെടുത്തു.

ഫോൺ. ജോസഫ് വെളിവിൽ (പ്രസിഡണ്ട്) 9895420830,

വി.കെ. ജോയ് (ജനറൽ സെക്രട്ടറി) 9447037725

□□

(തുടർച്ച 41-ാം പേജ്)

അന്തരീക്ഷത്തിൽ മാർപാപ്പായെന്ന ശബ്ദം കേൾക്കപ്പെട്ടിട്ടില്ലെന്നുമുള്ള കപട പ്രചരണം തെളിവു സഹിതം അദ്ദേഹം ഖണ്ഡിക്കുന്നുണ്ട്. ഉദയം പേരൂർ സൂനഹദോസിൽ വച്ചാണ് നസ്രാണികൾ റോമാക്കാരായതെന്നും കൂനൻ കുരിശിൽ തൊട്ട് അവർ മേലാൽ റോമാസഭയിൽ ചേരുകയി ല്ലെന്ന് സത്യം ചെയ്തെന്നും അബദ്ധജടിലമായ വിശ്വാസം ഇന്നു പലരും വിശ്വസിച്ചു പോരുന്നതിനു കാരണം ചരിത്രാവബോധരാഹിത്യമാണ്.

എ.ഡി. ഒന്നാം നൂറ്റാണ്ടിൽ തോമ്മാശ്ലീഹാ കേരളത്തിൽ വന്നു എന്നതിന് മാത്രമല്ല, ലിഖിതരേഖകളില്ലാത്തത്. ആ കാലഘട്ടത്തിൽ കേരളത്തിൽ നടന്ന സംഭവങ്ങൾക്കൊന്നിനും ലിഖിതരേഖകൾ ഇല്ല. അതിന് എട്ട് നൂറ്റാണ്ടുകൾക്കുശേഷം ശ്രീ ശങ്കരാചാര്യർ കേരളത്തിൽ ജനിച്ചു എന്നതിന് യാതൊരു ലിഖിതസാക്ഷ്യങ്ങളുമില്ല. ചരിത്രം സൂക്ഷിക്കുന്നതിൽ കേരളീയർ എന്നും പരാങ്മുഖരായിരുന്നു. ലിഖിത സാക്ഷ്യങ്ങളില്ലാത്തതൊന്നും വിശ്വസിക്കുകയില്ലാ എന്ന നിർബന്ധമുള്ളവർ പോർട്ടുഗീസുകാരുടെ ആഗമനത്തിനു മുമ്പ് കേരളത്തിനു ചരിത്രമേ ഇല്ല എന്നു വിശ്വസിക്കേണ്ടിവരും. പക്ഷേ ഇന്ന് സെന്റ് തോമസിന്റെ കേരളസന്ദർശനത്തെ അവിശ്വസിക്കുന്നു എന്നു പറയുന്നവർ കേരളചരിത്രത്തിലെ ആ കാലഘട്ടത്തിലെ മറ്റെല്ലാം വിശ്വസിക്കുവാൻ തയ്യാറാണ്. സെന്റ് തോമസ് ഭാരതത്തിൽ എവിടെ എങ്കിലും എത്തി മതപ്രചരണം നടത്തി എന്നതിനു ആ കാലഘട്ടത്തിന്റേതായി പ്രമാണികമായ സാക്ഷ്യങ്ങൾ കാര്യമായിട്ടൊന്നും നമുക്കു ലഭിച്ചിട്ടില്ല. എന്നാൽ കാലഘട്ടത്തിന്റെ രേഖകൾ മാത്രമല്ല, ചരിത്രകാരന്റെ വഴികാട്ടി. സാഹചര്യങ്ങളിൽ നിന്നു കിട്ടുന്ന നിഗമനങ്ങളും അവന് മാർഗദർശകങ്ങളാണ്. കഴിഞ്ഞ കാലത്ത് എഴുതിവച്ചവ പകർത്തിയെഴുതുവാൻ ചരിത്രപാണ്ഡിത്യമൊന്നും ആവശ്യമില്ല. എഴുതപ്പെടാത്ത കാലത്ത് നടന്നതിനെപ്പറ്റി അന്വേഷിച്ചു കണ്ടുപിടിക്കാൻ കഴിയുന്നവനാണ് ചരിത്രകാരൻ. സെന്റ് തോമസിന്റെ ഭാരത പ്രവേശത്തെപ്പറ്റി അപ്രകാരമുള്ള നിഗമനങ്ങളിൽ എത്തിച്ചേർന്നിരുന്ന ചരിത്രകാരനാണ് 'മലങ്കരസഭാ ചരിത്രകാരൻ' എന്ന അപരാഭിനാമമുള്ള ബർണാദ് സി.എം.ഐ അഥവാ ക.നി.മു.സ ബർണാദ് പട്ടക്കാരൻ. ........

(2016 ജൂലൈ ലക്കം കർമ്മകുസുമത്തിലെ എഡിറ്റോറിയൽ ലേഖനത്തിൽനിന്നും)

●●

# ശിഥില ചിന്തകൾ

## ദൈവരാജ്യമോ സാത്താന്റെ സാമ്രാജ്യമോ?

### ജയിംസ് ഐസക്

കേരളത്തിലെ അൽമായ ക്രിസ്ത്യൻ സംഘടനകളുടെ ഫെഡറേഷനായ ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ ജൂലൈ 11 തിങ്കളാഴ്ച കോട്ടയത്തു സമ്മേളിച്ച് "ക്രൈസ്തവ ചട്ടങ്ങൾ ഇന്ത്യൻ ഭരണഘടനയെ വെല്ലുവിളിക്കുന്നുവോ" എന്ന വിഷയം ചർച്ച ചെയ്തു. ജസ്റ്റിസ് കെ.റ്റി. തോമസ്, ജോസഫ് വെളിവിൽ, മണർകാടു മാത്യു, ലാലൻ തരകൻ തുടങ്ങി നിരവധി പ്രമുഖ വ്യക്തികളുടെ നിരീക്ഷണങ്ങളും ശ്രീ. ജോസഫ് പുലിക്കുന്നേലിന്റെ ആശംസയും കേട്ടിരുന്നപ്പോൾ ചിന്തിച്ചു പോയി, കേരള ക്രൈസ്തവ സമൂഹം യഥാർഥത്തിൽ ദൈവരാജ്യമാണോ സാത്താന്റെ സാമ്രാജ്യമാണോ അനുഭവിക്കുന്നത് എന്ന്. ദൈവരാജ്യത്തിന്റെ ബൈബിൾ നിർവചനം നീതി നിർവഹിക്കപ്പെടുമ്പോൾ അനുഭവിക്കുന്ന സമാധാനവും പരിശുദ്ധാത്മാവിനാൽ സന്തോഷവും എന്നാണ്. എന്നാൽ ഇവിടെ കത്തോലിക്കാ സഭ ഉൾപ്പെടെ എല്ലാ പ്രമുഖ സഭയിലും ധനസമാഹരണത്തിനായി സത്യം മറച്ചുവെയ്ക്കുക, നീതി നിർവഹിക്കാതെ വിശ്വാസികളെ വഞ്ചിക്കുക, കള്ളക്കണക്കെഴുതി രാഷ്ട്രത്തെ വഞ്ചിക്കുക എന്നീ തിന്മകളിൽ യാതൊരു സങ്കോചവും കൂടാതെയുള്ള രഹസ്യ ഏർപ്പാടുകൾ നിർബാധം തുടരുന്നു. ഈ യാഥാർഥ്യം സഭയെ സ്നേഹിക്കുന്നവർക്കു ഭീതി ഉളവാക്കുന്നു.

ജസ്റ്റിസ് കെ.റ്റി.തോമസ് പറഞ്ഞു: ഒരു വലിയ യോഗത്തിൽ കേരളത്തിലെ ഒരു പ്രമുഖ സഭ കോടികളുടെ ഭൂമി ഇടപാടു നടത്തിയിട്ട് പണത്തിന്റെ ഉറവ എവിടെനിന്ന് എന്ന് അറിയിച്ചിട്ടില്ല എന്ന്. അദ്ദേഹത്തിന് ആ സഭയിലെ ഒരു അംഗത്തിന്റെ കത്തുകിട്ടി. കോടികൾ വിലമതിക്കുന്ന ആ ഭൂമി ഇടപാടു നടന്നിട്ടില്ല, സഭയെ അപമാനിക്കുന്ന പ്രസ്താവന ജസ്റ്റിസ് പിൻവലിക്കണം എന്നായിരുന്നു കത്തിലെ ആവശ്യം. ജസ്റ്റിസ് അന്വേഷണം തുടർന്നു. രജിസ്ട്രേഷൻ നടന്ന ഓഫീസിൽ നിന്നു മുദ്രപത്രത്തിനു ചെലവാക്കിയ തുകയുടെ കണക്കു സമ്പാദിച്ചശേഷം എല്ലാ രേഖകളുമായി പ്രസ്താവന ശരിയെന്നു തെളിയിക്കുന്ന വിശദമായ കത്ത് പരാതി ഉയർത്തിയ വിശ്വാസിയുടെ പേരിൽ രജിസ്റ്റേർഡ് ആയി അയച്ചു. ഏതാനും ദിവസങ്ങൾക്കുശേഷം ആ കത്തു മടങ്ങി എത്തി. ആ പേരിൽ ഒരു മേൽവിലാസക്കാരൻ ഇല്ല എന്നായിരുന്നു കവറിൽ പോസ്റ്റൽ അധികാരികൾ കുറിച്ചത്. കള്ളം പറയുന്നതിനും സത്യം മറച്ചുവെയ്ക്കുന്നതിനും മടിയ്ക്കാത്തവരുടെ ക്രിസ്തീയ മനസ്സാക്ഷിയെക്കുറിച്ചു എന്തു പറയണം?

യാക്കോബായ സഭയിലെ പുരോഗമന സംഘടനാ പ്രവർത്തകനായ അഡ്വക്കേറ്റ് പറഞ്ഞു: തങ്ങളുടെ സഭാദ്ധ്യക്ഷനു രണ്ടുവർഷം കൂടു

മ്പോൾ പുതിയ കാർ വാങ്ങണം. അതും രണ്ടുകോടിയിൽ അധികം വില മതിക്കുന്ന കാർ തന്നെ ആയിരിക്കണം. കാർ വാങ്ങുന്നതിനുള്ള പണം എവിടെനിന്ന് എന്നു വിശ്വാസികൾ അറിയേണ്ടതില്ല.

മറ്റൊരു യുവ അഭിഭാഷകൻ ഒരു കത്തോലിക്കാ ഇടവകയുടെ വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യാൻ നിയോഗിക്കപ്പെട്ടു. ഇടവകയുടെ യഥാർഥ വരുമാനത്തിന്റെ പകുതിപോലും രൂപതാ കച്ചേരിയിലേക്ക് അയക്കുന്ന റിപ്പോർട്ടിൽ കാണിക്കുന്നില്ല. കൈക്കാരന്മാരോടും വികാരിയോടും ഇതേപ്പറ്റി അന്വേഷിച്ചപ്പോൾ കേട്ടത് അതാണു ഇടവകയുടെ വർഷങ്ങളായുള്ള കീഴ്വഴക്കം എന്നാണ്. അപ്പോൾ രൂപതാ ആസ്ഥാനത്തും അറിയാവുന്ന കള്ളക്കണക്കാണു രേഖപ്പെടുത്തുന്നത്. ഇവിടെ സത്യത്തിന് എന്തുവില?

ഇന്ത്യയിൽ വെറും മൂന്നു ശതമാനത്തിലും താഴെ മാത്രമുള്ള ക്രൈസ്തവ സമൂഹം ഒട്ടേറെ വിഭിന്ന സഭകളായി വിഭജിക്കപ്പെട്ട് ഓരോ വിഭാഗവും ആവുന്ന വിധത്തിൽ പാവപ്പെട്ട വിശ്വാസികളെ ചൂഷണം ചെയ്യുന്ന അവസ്ഥയാണു നിലനിൽക്കുന്നതെങ്കിൽ നാം അതിനെ ദൈവരാജ്യമെന്നു വിളിക്കുന്നത് യേശു ക്രിസ്തുവിനെ പരസ്യമായി അപമാനിക്കുന്നതിനു തുല്യമാണ്. നുണയനും നുണയുടെ പിതാവുമായ സാത്താന്റെ വ്യവസ്ഥിതിയാണു ക്രൈസ്തവ സഭകളുടെ കൂട്ടായ്മ എന്നു ഖേദപൂർവം പറയേണ്ടി വരുന്നു.

45 കോടി കണക്കാക്കുന്ന പാറേൽ പള്ളി നിർമ്മാണം ചങ്ങനാശ്ശേരിയിൽ പുരോഗമിക്കുകയാണ്. രൂപതയിലെ എല്ലാ വിശ്വാസികളിൽനിന്നും പണം ഈടാക്കാൻ വിശ്വാസത്തിന്റെ പേരിൽ നിർബന്ധം നടക്കുന്നു. ഈ തീർഥാടന കേന്ദ്രത്തിന്റെ ഉൽഘാടനത്തിനു മുമ്പെങ്കിലും ചർച്ച് ആക്ട് നിലവിൽ വരികയും പള്ളി നിർമ്മാണത്തിന്റെ യഥാർഥ കണക്കുകൾ ജനത്തിനു ബോധ്യമാവുകയും ചെയ്യുമെന്നു ചങ്ങനാശ്ശേരിയിലെ ദൈവജനത്തിനു പ്രതീക്ഷിക്കാൻ കഴിയുമോ? പ്രാർഥിക്കാനെങ്കിലും ഇപ്പോൾ കഴിയും.

## ബൈബിൾ ക്വിസും കൊടിമരവും

അൻപതു വർഷങ്ങൾക്കുമുമ്പ് കേരളത്തിൽ കത്തോലിക്കർ സമ്പൂർണ ബൈബിൾ കണ്ടിട്ടില്ല. എൺപതുകളിലാണു പി.ഒ.സി. ബൈബിളും ഓശാന ബൈബിളും പ്രസിദ്ധീകരിച്ചത്. ചുരുങ്ങിയ കാലംകൊണ്ട് എല്ലാ വീടുകളിലും ബൈബിൾ എത്തി. ഇടവകകളിൽ ബൈബിൾ വായനയെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. പ്രാർഥനാ കൂട്ടായ്മകളിൽ പണ്ടു ത്രികാലജപവും ജപമാലയും മാത്രം ചൊല്ലിയിരുന്നെങ്കിൽ ഇന്നു ബൈബിൾ വായന കൂടി നടക്കുന്നു എന്നതു നല്ലകാര്യം. ബൈബിൾ വായനയെ പ്രോത്സാഹിപ്പിക്കാൻ സൺഡേ സ്കൂളുകളിലും ഭക്ത സംഘടനയുടെ

വാർഷികങ്ങളിലും വിപുലമായ തോതിൽ ബൈബിൾ ക്വിസ് എന്ന മത്സരം ഇന്നു നടക്കുന്നു. നല്ലത്.

ബൈബിൾ വായിക്കുന്നവരുടെ ഓർമ്മശക്തി പരീക്ഷിക്കുന്ന ഒരു മത്സ രമായി ചിലപ്പോൾ ഈ ക്വിസ് പരിപാടി മാറുന്നില്ലേ എന്നു സംശയി ക്കേണ്ടിയിരിക്കുന്നു. ഒരു സഭാ വിശ്വാസിയെ സംബന്ധിച്ചിടത്തോളം അപ്രസക്തമായ കാര്യങ്ങൾ ക്വിസ് പരിപാടിയിൽ ചോദിക്കുന്നതു വ്യക്ത മാക്കുന്നത് പരിപാടി നടത്തുന്നവരുടെ അറിവില്ലായ്മയാണ്. ബൈബിൾ വാക്യങ്ങളുടെ ശരിയായ അർഥം, അനുദിന ജീവിതത്തിൽ ബൈബിൾ സംഭവങ്ങൾ നൽകുന്ന സന്ദേശം ഇവയൊക്കെ നിരീക്ഷിക്കുകയാവണം ബൈബിൾ ക്വിസിന്റെ ഉദ്ദേശം.

ഒരിടവകയിൽ നടന്ന ബൈബിൾ ക്വിസിൽ ഉണ്ടായിരുന്ന ചോദ്യം ഇതാണ്: "നമ്മുടെ ഇടവകയിൽ കൊടിമരം സ്ഥാപിച്ചത് ഏതു വികാരി യുടെ കാലത്താണ്?

ഇടവകയിൽ വർഷങ്ങൾക്കുമുമ്പ് ആരോ ഭക്തൻ നേർച്ചയായി ഒരു കൊടിമരം സ്ഥാപിച്ചിരുന്നു. ആ വ്യക്തി വിനയം കൊണ്ടായിരിക്കണം സ്വന്തം പേരുപോലും ചുവട്ടിൽ എഴുതി വച്ചില്ല. അന്നത്തെ വികാ രിയും അതിനു മുതിർന്നില്ല. എന്നാൽ അടുത്ത കാലത്ത് വലിയ നിർമ്മാണ തൽപരനായ ഒരു വികാരിയുടെ അടുത്ത സുഹൃത്തായി രുന്ന ഒരു പണക്കാരൻ പഴയ കൊടിമരം പൊളിച്ചു മാറ്റി പുതിയ ഒന്നു പണിതു. കൂടുതൽ മനോഹരമായ ഈ കൊടിമരം വലിയ ആഘോഷപൂർവം പ്രതിഷ്ഠിച്ചു. ചുവട്ടിൽ മാർബിൾ ഫലകത്തിൽ സ്വന്തം പേരും വികാരിയുടെ പേരും എഴുതിച്ചേർത്തു. വികാരി സ്ഥലം മാറിപ്പോയി. ഇപ്പോഴുള്ളവർ അദ്ദേഹത്തെ ആദരിക്കാൻ വേണ്ടിയാ ണെന്നു തോന്നുന്നു ഇടവക ക്വിസ് മത്സരത്തിൽ കൊടിമരം സ്ഥാപിച്ച വികാരിയുടെ പേരു ചോദിച്ചിരിക്കുന്നു. എന്നാൽ ഇതിനു പണം മുട ക്കിയ പണക്കാരന്റെ പേര് എന്തുകൊണ്ടു ചോദിച്ചില്ല? മഹത്വവും പ്രതാപവും പൗരോഹിത്യത്തിനു മാത്രം! ബൈബിൾ ക്വിസ് എന്നു പേരിട്ടു അപ്രസക്ത കാര്യങ്ങൾ ഓർമ്മിക്കാൻ ശീലിപ്പിക്കുന്ന ഇടയ ന്മാർക്കു നല്ല ബുദ്ധി ഉണ്ടാകാൻ പ്രാർഥിക്കാം.

□□

# പുസ്തകപരിചയം

## മതാതീത ആത്മീയത

### ക്രിസ്തുമതവും കത്തോലിക്കാസഭയും - ഒരു വിമർശനാത്മക പഠനം

ഗ്രന്ഥകർത്താവ് : ശ്രീ. ടി. ടി. മാത്യു തകടിയേൽ
പ്രസാധകർ : ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം - 695 035
വിതരണം : ദേശാഭിമാനി ബൂക്ക് ഹൗസ്, തിരുവനന്തപുരം
വില : 100/- ; ഫോൺ : 0471 2303026, 6063026

വ്യവസ്ഥാപിതങ്ങളായ മതങ്ങൾ ആവിഷ്കരിക്കുന്ന ആത്മീയതയ്ക്ക് അതീതമായ ആത്മീയതയെ അന്വേഷിച്ചുള്ള ഒരു തീർഥയാത്രയാണ് ശ്രീ. ടി.ടി. മാത്യു തകടിയേലിന്റെ "മതാതീത ആത്മീയത എന്ന ഗ്രന്ഥം. ഈ ഗ്രന്ഥം പ്രധാനമായും ക്രിസ്തുമതചിന്തയുടെ അധഃപതനത്തെ വ്യാഖ്യാനിക്കുകയാണ്. ഏകദേശം രണ്ടായിരം കൊല്ലത്തെ പാരമ്പര്യമുള്ള ക്രിസ്തുമതത്തിനു സംഭവിച്ച അധഃപതനമാണ് ഈ ഗ്രന്ഥത്തിലെ പ്രധാന പ്രതിപാദ്യ വിഷയം. രണ്ടായിരം കൊല്ലത്തിനിടയിൽ ക്രിസ്തുവിന്റെ പഠനങ്ങൾക്ക് വന്നു ചേർന്ന അപഭ്രംശങ്ങൾ വളരെയാണ്. ഇത് മനുഷ്യവർഗത്തെ ക്രിസ്തുവിൽനിന്നും അകറ്റി. ക്രിസ്തു ആവിഷ്കരിച്ച ആധ്യാത്മികത ദൈവത്തിൽ ഊന്നിയായിരുന്നില്ല. മറിച്ച് മനുഷ്യരിലൂന്നിയായിരുന്നു, മനുഷ്യസ്നേഹത്തെ കൂട്ടിയിണക്കുന്നതാണ് ആധ്യാത്മികത എന്ന യേശുവിന്റെ കാഴ്ചപ്പാടിലൂന്നിയാണ് ആധ്യാത്മികതയെ തകടിയേൽ കാണുന്നത്.

മോശെ ആവിഷ്കരിച്ച നിയമങ്ങളുടെ നിരാകരണത്തോടുകൂടി മാത്രമേ യഥാർഥ ആത്മീയത മനുഷ്യഹൃദയങ്ങളിൽ പൊട്ടിവിടരൂ എന്ന് മാത്തുക്കുട്ടി തകടിയേൽ വാദിക്കുന്നു. ക്രിസ്തുവിന്റെ പഠനങ്ങളിൽ നിന്നുള്ള തീവ്ര വ്യതിയാനങ്ങളെ തകടിയേൽ ഒരു മയവുമില്ലാതെ വിമർശിക്കുകയാണ് ഈ ഗ്രന്ഥത്തിൽ. ക്രിസ്തുവിന്റെ ആധ്യാത്മികത മനുഷ്യഹൃദയങ്ങളിൽ സൃഷ്ടിക്കുന്ന സ്നേഹത്തിന്റെ വീചികൾ അനുഭവവേദ്യമാക്കുന്നതാണ് ആത്മീയത.

ക്രിസ്തുമതം മാത്രമല്ല ഇതര മതങ്ങളിലേയും ആധ്യാത്മിക ദർശനങ്ങളെ മാത്തുക്കുട്ടി വിമർശിക്കുന്നുണ്ട്. ശുദ്ധമായ വേദോപനിഷത്തുകളുടെ ദർശനങ്ങളെ വ്യാഖ്യാനിച്ചും ഉദാഹരിച്ചും പുരാണങ്ങളിലും കെട്ടുകഥകളിലും കൊണ്ടെത്തിച്ചു. പരിശുദ്ധ ഖുറാന്റെ സ്ഥാനത്ത് 'ശരിഅത്ത്' നിയമം പകരം വയ്ക്കുന്നു. പരസ്നേഹത്തിനു പകരം കൂദാശകളും കാനോൻ നിയമവും നടപ്പിലാക്കുന്നു. സ്ഥാപനവല്ക്കരിക്കപ്പെടുന്ന എല്ലാ മതങ്ങൾക്കുംതന്നെ സംഭവിക്കാവുന്ന മൂല്യശോഷണങ്ങളാണിതൊക്കെ. മതത്തിനു മാത്രമുണ്ടാകുന്ന വീഴ്ചകളല്ല. രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾക്കും, സിദ്ധാന്തങ്ങൾക്കുമൊക്കെ സംഭവിക്കുന്ന അനിവാര്യമായ തകർച്ചകളാണിത്.

ആദ്ധ്യാത്മികതയെ അന്വേഷിക്കുന്ന സത്യാന്വേഷികൾക്ക് ഈ ഗ്രന്ഥം ഒരു കൈപ്പുസ്തകമായിരിക്കും.

ജോസഫ് പുലിക്കുന്നേൽ

# മരിച്ചവരോടും പ്രതികാരം

സ്നേഹത്തിന്റെ പ്രവാചകനായ യേശുവിന്റെ സഭ ഇന്ന് മരിച്ചവരോടും പ്രതികാരം വീട്ടി ആനന്ദിക്കുകയാണ്. ഇതിന് സഭാപരമായ വ്യത്യാസങ്ങൾ ബാധകമല്ല. ആദ്യമാദ്യം കത്തോലിക്കാ സഭയിലാണ് ഇത് ആരംഭിച്ചത്. കുറവിലങ്ങാട്ടു പള്ളിയിൽ ശ്രീ. വി. കെ. കുര്യന്റെ സഭാപരമായ മരിച്ചടക്ക് നിഷേധിച്ച് പുരോഹിതർ ആഹ്ലാദിച്ചു. പക്ഷേ രാജ്യ നിയമത്തിന് സഭാനേതൃത്വത്തിന്റെ ഹൃദയത്തേക്കാൾ മനുഷ്യത്വമുണ്ടായിരുന്നു. തന്മൂലം അവർക്ക് ശിക്ഷ ഏറ്റുവാങ്ങേണ്ടിവന്നു. ഇത് പല പള്ളികളിലും ആവർത്തിച്ച് രാജ്യനിയമത്തിന്റെ ശിക്ഷ ഏറ്റു വാങ്ങുന്നു.

സി.എസ്.ഐ സഭ ഇത്തരം ക്രൂരകൃത്യങ്ങളിൽനിന്നും മാറി നിൽക്കാൻ പാടില്ലെന്ന് ബിഷപ്പ് തലത്തിൽ തീരുമാനം എടുത്തതായിട്ടാണ് അറിയുന്നത്. പ്രൊഫ. സി. സി. ജേക്കബിനെ കുടുംബക്കല്ലറയിൽ അടക്കുന്നതു നിരോധിച്ചുകൊണ്ട് സി. എസ്.ഐ ബിഷപ്പ് കെ. ജി ദാനിയേൽ മരിച്ചടക്ക് നിരോധനം സി.എസ്. ഐ സഭയിലും ഉൾപ്രവേശിപ്പിച്ചിരിക്കുന്നു. അതിന് ഹൃദയമുള്ള നിയമം ബിഷപ്പ് ദാനിയേൽ 10 ലക്ഷം രൂപ പ്രൊഫ. സി. സി. ജേക്കബിന്റെ കുടുംബാംഗങ്ങൾക്ക് നഷ്ടപരിഹാരം നൽകണമെന്ന് വിധിക്കുകയുണ്ടായി.

അങ്ങനെ കത്തോലിക്കാ സഭയും സി.എസ്.ഐ സഭയും മരിച്ചടക്ക് നിഷേധിച്ച് മുൻപന്തിയിൽ എത്തിയപ്പോൾ അത് സഹിക്കാനാകാതെ യാക്കോബായ സഭയിലെ അംഗമായ മേരി ജോൺ അഖൗരിയ്ക്ക് കുമരകത്തുള്ള സെന്റ് ജോൺസ് യാക്കോബായ സുറിയാനി പള്ളിയിൽ മരിച്ചടക്ക് നിഷേധിച്ചുകൊണ്ട് യാക്കോബായ സഭയും ഒപ്പത്തിനൊപ്പം എത്തിയിരിക്കുന്നു. പുരോഹിത ധാർഷ്ഠ്യത്തിനു മുമ്പിൽ കീഴടങ്ങാൻ സഭാംഗങ്ങൾ പലപ്പോഴും തയ്യാറാകുന്നു. ഇവിടെ ഒരു ചോദ്യം ഉദിക്കുന്നു. പള്ളിയിലും സെമിത്തേരിയിലും മൃതദേഹം അടക്കണമെന്ന് ക്രിസ്തു പറഞ്ഞിട്ടുണ്ടോ? ഇത് മനുഷ്യനുണ്ടാക്കിയ നിയമമല്ലേ? അന്യന്റെ കുടുംബക്കല്ലറയിൽ സ്വന്തം മൃതദേഹം അടക്കിയ യേശുദേവന്റെ അനുയായികളോട് പള്ളിയിൽ മൃതദേഹം സംസ്ക്കരിക്കണമെന്ന് അവിടുന്നു പറഞ്ഞിട്ടുണ്ടോ? എന്തുകൊണ്ട് അവനവന്റെ ആറടി മണ്ണിൽ മൃതദേഹം അടക്കുകയോ ദഹിപ്പിക്കുകയോ ചെയ്തുകൂടാ. ഞാൻ എന്റെ മൃതദേഹം പള്ളിയുടേതല്ലാത്ത സ്ഥലത്ത് ദഹിപ്പിക്കണമെന്ന് നിർദേശിച്ചിരിക്കുകയാണ്. ഇനി മരിച്ചടക്കുന്നതിനുവേണ്ടി പള്ളി മുറിയിൽ കാവൽ നിൽക്കേണ്ട ആവശ്യമില്ല.

യേശുദേവന്റെ മാതൃക സ്വീകരിച്ച് വിശ്വാസികൾ സ്വന്തം മൃതദേഹം പുരോഹിത നിരപേക്ഷമായി ദഹിപ്പിക്കാനോ അടക്കാനോ തയ്യാറായി മുന്നോട്ടുവന്നാൽ ഈ പുരോഹിത ധിക്കാരം അവസാനിക്കും.

●●

# ഊരും വേരും പേരും

കേരള സുറിയാനി സമുദായത്തിന് സംഭവബഹുലമായ ചരിത്രമുണ്ട് എന്നുള്ളതിന് സംശയമില്ല. പക്ഷെ ഈ ചരിത്രസംഭവങ്ങളെ ശരിയായി അടയാളപ്പെടുത്തിയതും, ശാസ്ത്രീയമായി വ്യാഖ്യാനിച്ചതും ബഹു. ക. നി.മു.സ ബർണാദ് തോമ്മാകത്തനാരായിരുന്നു. 'മാർത്തോമ്മാ ക്രിസ്ത്യാനികൾ' (രണ്ടു ഭാഗങ്ങളും) A Brief sketch of St.Thomas Christians എന്ന ഇംഗ്ലീഷ് പ്രസിദ്ധീകരണവുമാണ് ബർണാദച്ചന്റെ പ്രമുഖ സംഭാവനകൾ. ഈ ചരിത്രഗ്രന്ഥങ്ങളിലൂടെ അദ്ദേഹം രണ്ടു പ്രധാനകാര്യങ്ങൾ സ്ഥാപിച്ചു. തോമ്മാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തെ ബലമായി സ്ഥാപിക്കുക. സുറിയാനി ക്രിസ്ത്യാനികൾ നെസ്തോറിയൻ അബദ്ധങ്ങളെ സ്വയം സ്വീകരിച്ചു എന്നുള്ള വിദേശചരിത്രകാരന്മാരുടെ വാദങ്ങളെ യുക്തിസഹമായി ഖണ്ഡിക്കുക. മോശ ഇസ്രായേലിന്റെ 'പഞ്ചഗ്രന്ഥി' രചിച്ചിട്ടുള്ളതുപോലെ ബർണാദച്ചൻ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രമെഴുതി, സ്വസമുദായത്തിന്റെ ആത്മാഭിമാനത്തെയും വിശ്വാസപാരമ്പര്യത്തെയും സംരക്ഷിച്ചിട്ടുള്ളത്. തോമ്മാശ്ലീഹായുടെ പരിശ്രമഫലമായി ഉത്ഭവിച്ച കേരളത്തിലെ ക്രൈസ്തവ സഭയുടെ അപദാനങ്ങളെ യഥാർത്ഥമായി രേഖപ്പെടുത്തുന്നതിൽ അദ്ദേഹം പാശ്ചാത്യപൗരസ്ത്യ ചരിത്രകാരന്മാരുടെ മുന്നിലാണ്. ചുരുക്കത്തിൽ അദ്ദേഹത്തിന്റെ സേവനങ്ങളെ ഇങ്ങനെ സമാഹരിക്കാം.

"സജാതോ ദയനജീതേന
യാതി വംശ സമുന്നതീം"

ഒരു യഥാർഥചരിത്രകാരൻ ഒരു ദേശചരിത്രമോ സമുദായചരിത്രമോ നിർമ്മിക്കുന്ന ഘട്ടത്തിൽ അനേകതെളിവുകളെ വിവേകപൂർവം സ്വീകരിക്കേണ്ടിയിരിക്കുന്നു. കേരളസമുദായത്തെക്കുറിച്ച് പറയുകയാണെങ്കിൽ ഈ നാട്ടിലെ ഐതിഹ്യങ്ങൾ, സിറിയൻ ദേശങ്ങളിലെ ചരിത്രരേഖകൾ, വത്തിക്കാൻ ഗ്രന്ഥശാലയിലെ രേഖകൾ, ഇംഗ്ലണ്ടിലെ ആംഗ്ലോസാക്സൻ ക്രോണിക്കിൾ, ബ്രിട്ടീഷ് മ്യൂസിയത്തിലെ കൈയെഴുത്തു ഗ്രന്ഥങ്ങൾ മുതലായവയെ അടിസ്ഥാനപ്പെടുത്താതെയുള്ള ഒരു ചരിത്രം തികച്ചും അസംപൂർണമാണ്. കേരള സഭാചരിത്രം നിഷ്പക്ഷമായി എഴുതിയിട്ടുള്ളവർ ചുരുക്കമാണ്. ബർണാദച്ചന്റെ വിശ്രുതമായ പുസ്തകത്തിനു മുമ്പ് എഴുതപ്പെട്ട ഗ്രന്ഥമാണ് പി കുര്യൻ 1908-ൽ തിരുവനന്തപുരത്തെ ഭാസ്ക്കരപ്രസ്സിൽ അച്ചടിച്ച മാർത്തോമ്മാക്രിസ്ത്യാനികളുടെ സത്യവിശ്വാസം. എന്നാൽ ബർണാദച്ചൻ തന്റെ രേഖകൾ പഠിച്ചു, നിഷ്പക്ഷമോ എന്നു വിധിക്കുവാൻ അനുവാചകരെ വെല്ലുവിളിക്കുന്നുണ്ട്. നസ്രാണി സമുദായത്തിലെ അനാശാസ്യമായ ഭിന്നതകൾ നിലനിന്നുപോകുന്നതിനുള്ള പ്രധാനകാരണം ചരിത്രജ്ഞാനത്തിന്റെ കുറവാണെന്നാണ് ചരിത്രവിദ്യാർഥികളുടെ അഭിപ്രായം, പോർട്ടുഗീസുകാരാണ് കേരളത്തിൽ 'റോമ്മാസഭ' (കത്തോലിക്കാ മതം) കൊണ്ടുവന്നതെന്നും, കേരളത്തിലെ

(ശേഷം പേജ് 35)

# www.josephpulikunnel.com
# സജീവമായി

ജോസഫ് പുലിക്കുന്നേലിന്റെ 83–ാം പിറന്നാളായിരുന്ന 2015 ഏപ്രിൽ 14 മുതൽ www.josephpulikunnel.com എന്ന വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. വെബ്സൈറ്റിലെ പോസ്റ്റുകൾ അനുദിനം ആഗോളശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ഒരു ഫേസ്ബുക്ക് പേജും തുടങ്ങിയിട്ടണ്ട്: https://www.facebook.com/pages/Joseph-Pulikunnel/768665796562024. സന്ദർശിച്ച് like ചെയ്യുമല്ലോ.

ജാതിമതഭേദങ്ങൾക്കതീതമായി ആഗോളവ്യാപകമായി ശ്രദ്ധിക്കപ്പെടേണ്ട യേശുദർശനത്തിന് അദ്ദേഹം നൽകുന്ന വ്യാഖ്യാനങ്ങൾ 'ഓശാന' എന്ന പരിമിതമായ പ്രചാരം മാത്രമുള്ള ഒരു മാസികയിലോ അതിന്റെ വായനക്കാരിൽമാത്രമോ ആയി ഒതുങ്ങേണ്ടവയല്ല. കേരളസഭയ്ക്കും സഭാ ചരിത്രത്തിനും അദ്ദേഹം നല്കിയിട്ടുള്ളതും വരുംകാലങ്ങളിൽ നല്കാനിടയുള്ളതുമായ സേവനങ്ങൾ ചരിത്രപഠിതാക്കൾക്കും ഗവേഷകർക്കും നാളെ വിഷയമാകും.

1975 ഒക്ടോബറിൽ പ്രസിദ്ധീകരിച്ച ഓശാന മാസികയുടെ ആദ്യലക്കത്തിലെ എഡിറ്റോറിയൽ മുതൽ പുനഃപ്രസിദ്ധീകരിക്കുന്നുണ്ട്. ഓരോ ലേഖനവും രണ്ട് ഉദ്ധരണികളും വീതം പ്രസിദ്ധീകരിച്ചുകൊണ്ട് വെബ് ലേഖന പ്രകാശനം പൂർത്തിയാകാൻ അഞ്ചു വർഷത്തിലേറെ വേണ്ടിവരും. അദ്ദേഹം എഴുതിയിട്ടുള്ള മറ്റു കൃതികളും അദ്ദേഹവുമായി നടത്തപ്പെട്ടിട്ടുള്ള അഭിമുഖങ്ങളും അദ്ദേഹത്തെപ്പറ്റിയുള്ള വീഡിയോകളും എല്ലാം ഈ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതാണ്. എല്ലാം സമാഹരിച്ചു കഴിഞ്ഞാലും പ്രതികരണങ്ങളും പഠനങ്ങളും ഉൾപ്പെടുത്തി ഈ സൈറ്റ് സജീവമായിരിക്കും.

സഭാനവീകരണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കും സഭാചരിത്രപഠിതാക്കൾക്കും ഏറെ പ്രയോജനപ്രദമാകണം എന്ന വ്യക്തമായ ഉദ്ദേശ്യത്തോടെ, ലേഖനങ്ങളിലെ വിഷയങ്ങൾ സൂചിപ്പിക്കുന്ന അടിക്കുറിപ്പുകളോടെ, കാലക്രമമനുസരിച്ചാണ് ഈ ലേഖനങ്ങൾ വെബ്സൈറ്റിലൂടെ പ്രസിദ്ധീകരിക്കുന്നത്.

സൈറ്റ് അഡ്മിനിസ്ട്രേഷന്റെ ചുമതല നിർവഹിക്കുന്നത് ശ്രീ. ജോസാന്റണി ആണ്. ഇതിന് സഹകരിച്ച എല്ലാവരോടുമുള്ള നന്ദി അറിയിച്ചുകൊള്ളുന്നു.

എന്ന്

പത്രാധിപസമിതി

# പ്രമേഹരോഗി ചികിത്സാ സഹായപദ്ധതി

ഗുഡ്സമരിറ്റൻ പ്രോജക്ട് ഇന്ത്യ ഓശാനമൗണ്ടിൽ നടത്തുന്ന പ്രമേഹരോഗി ചികിത്സാ സഹായപദ്ധതിയിലേക്ക് ഡിസംബർ ലക്കം ഓശാനയിൽ സംഭാവന ആവശ്യപ്പെടുകയുണ്ടായല്ലോ.

2011 നവംബർ മാസത്തിൽ ആരംഭിച്ച ഈ പദ്ധതിയിലേക്ക് ഓശാന വായനക്കാരും മറ്റുള്ളവരുംകൂടി 2016 മാർച്ച് 31-ാം തീയതി വരെ 4,84,160/- രൂപ സംഭാവനയായി തന്നു എന്ന് സന്തോഷ ത്തോടെ അറിയിക്കട്ടെ.

എല്ലാ ഓശാന വായനക്കാരും സുഹൃത്തുക്കളും ബന്ധുക്കളും ഈ ഫണ്ടിലേക്ക് കഴിവനുസരിച്ച് സംഭാവന നൽകണമെന്ന് വീണ്ടും അഭ്യർത്ഥിക്കുന്നു.

ചെക്ക്, ഡ്രാഫ്റ്റ്, മണിഓർഡർ എന്നിവ അയക്കുന്നവർ Good Samaritan Project India, Hosanna Mount, Edamattom P. O., Kottayam - 686 578 എന്ന പേരിൽ അയക്കുക.

ബാങ്കു വഴി അയക്കുന്നവർ GSPI യുടെ പേരിൽ State Bank of Travancore Pala Branch, A/c No. 67013211342, Bank Code - SBTR 0000120, South Indian Bank, Bharananganam Branch, A/c No. 0010053000005587, Bank Code - SIBL 0000010,Catholic Syrian Bank, Pala A/c No. 0153-02902944-190001, Bank Code CSBK 0000153 എന്ന നമ്പരുകളിൽ ഏതെങ്കിലും ഒന്നിൽ അയക്കുക. ബാങ്കുവഴി അയക്കുന്നവർ അവരുടെ അഡ്രസ്സും ബാങ്കിന്റെ പേരും എന്നാണ് ബാങ്ക് ട്രാൻസ്ഫർ നടന്നതെന്നുമുള്ള വിവരം നിർബ ന്ധമായും അറിയിക്കണം. Phone No. 04822- 236907, 9495586102; E-Mail Address : hosannamountinfo@gmail.com. രസീത് ആ അഡ്രസ്സിൽ അയയ്ക്കുന്നതായിരിക്കും.

എല്ലാ സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്

ജോസഫ് പുലിക്കുന്നേൽ

'Registered' RNI Reg.No.27480/1975

HOSANNA

## IICS പ്രസിദ്ധീകരണങ്ങൾ

1. Acts and Decrees of the Synod of Diamper Rs.150
2. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ (രണ്ടാം പതിപ്പ്) എഡിറ്റർ : ഡോ.സ്കറിയ സക്കറിയ Rs.100
3. വർത്തമാനപ്പുസ്തകം (മൂന്നാം പതിപ്പ്) Rs.125
4. മാനിക്കേയൻ കുരിശു വിവാദം - വിവിധ ലേഖകർ Rs. 50
5. Personal Names of Kerala Christians ഡോ. എ.എം.മേരിക്കുട്ടി Rs.100
6. ഓശാനയുടെ 25 വർഷം: വിലയിരുത്തലുകൾ -വിവിധ ലേഖകർ Rs.80
7. ഉദയംപേരൂർ സൂനഹദോസ് ഒരു ചരിത്രവിചാരണ - " Rs.50
8. പ്രൈവറ്റ് കോളജധ്യാപകന്റെ സ്മരണകൾ (രണ്ടാം പതിപ്പ്) ജോസഫ് പുലിക്കുന്നേൽ Rs.80
9. കേരള ക്രൈസ്തവചരിത്രം - വിയോജനക്കുറിപ്പുകൾ " Rs. 70
10. കാനോൻ നിയമത്തിലെ കാണാച്ചരടുകൾ " Rs. 80
11. Identity of Nazrani Church of Kerala " Rs. 75
12. ആരാധനക്രമ വിവാദം: ഓശാനയുടെ ഇടപെടലുകൾ " Rs.125
13. പേപ്പസി - ചരിത്രപരമായ ഒരു പഠനം " Rs. 50
14. RSS-Christian Perspective Meet-a team of Speakers Rs.100
15. The Liturgy, Hierarchy & Spirituality of St.Thomas Christians in the Pre-portuguese period - a study Joseph Pulikunnel Rs. 25
16. ഓശാനയുടെ എഡിറ്റോറിയലുകൾ (ഭാഗം ഒന്ന്) -ജോസഫ് പുലിക്കുന്നേൽ Rs.120
17. ഓശാനയുടെ എഡിറ്റോറിയലുകൾ (ഭാഗം രണ്ട്) " Rs.120
18. യേശുവും സഭയും -ജോർജ് മൂലേച്ചാലിൽ Rs. 80

## ലഘുഗ്രന്ഥങ്ങൾ

1. നമ്മുടെ കത്തനാരന്മാർ കൽദായകുർബാന ചൊല്ലിയിരുന്നോ? Rs.3
2. അൽമായ-പുരോഹിത സംവാദം (ഒരു സംഘം അൽമായ-പുരോഹിത ലേഖകർ) Rs. 10